2009 ജനുവരി 10. വില: 10 രൂപ

# നക്ഷത്രരാജ്യം

## മാസിക



- ഓട്ടം നിറുത്തിയ ഒരു വണ്ടി – പി. വത്സല
- അഗ്നിനിലങ്ങളിൽ മഞ്ഞുപെയ്യുന്നു – കെ.വി. പ്രഭാകരൻ
- സ്ത്രീവിമോചനത്തിന്റെ അർത്ഥതലങ്ങൾ – കെ. വിഷ്ണുനാരായണൻ
- കോഴിക്കോടിന്റെ ഗതകാലപ്രതാപങ്ങൾ – ഭാസി മലാപ്പറമ്പ്
- മിഠായ് തെരുവ് – എ.പി. സുരേഷ്

പുതുവത്സരാശംസകൾ



മുഖചിത്രം: പി. വൽസല

NAKSHTHRA RAJYA M
(Monthly Magazine)
2008 January 10
Reg. No. 2008/11/2718/D/

Issue 2 Volume 1

Chief Editor, Publisher & Own
E. Radhakrishnan Kommeri

Nakshthra Rajyam
24/1704 A, Raj Building,
Byepass Road,
Mankave, Kozhikode - 07
Kerala, India.
Mob : 9744233997
9847649567

Inside Art:
Rakesh

Price Rs. 10.00

നക്ഷത്ര രാജ്യം തപാലിൽ ലഭിക്കാൻ വരിക്കാരാവുക.

# എഡിറ്റോറിയൽ

## പുതുവത്സര കർമ്മ പ്രതിജ്ഞയും നക്ഷത്രരാജ്യം മാസികയും

ഭ്രാന്താലയമാണ് കേരളമെന്നു പറഞ്ഞ ഋഷിവര്യൻ ജീവിച്ച നാട്ടിലാണ് നാം ഇന്നു ജീവിക്കുന്നത്. അത് എത്ര ശരിയാണെന്നും ആ ഋഷിവര്യൻ പറഞ്ഞതെത്ര അർത്ഥഗർഭമാണെന്നും അനുഭവപ്പെട്ടാണ് നാം ഇന്ന് നമ്മുടെ മാതൃരാജ്യത്ത് ജീവിക്കുന്നത്. സംസ്കാരം എന്നു പറയുന്നത് അറിവിനെ സംസ്കരിച്ചെടുത്തതാണ്. അറിവുണ്ടാകുന്നതാകട്ടെ നമുക്കു കിട്ടുന്ന വിവരങ്ങളെ സംസ്കരിച്ചെടുക്കുമ്പോഴും. വിവരങ്ങൾ സംസ്കരിച്ചെടുക്കുന്നതിൽ തെറ്റുപറ്റുമ്പോഴാണ് അറിവ് ഒരു സംസ്കാരത്തെ അപചയപ്പെടുത്തുന്നത്. ആ അപചയപ്പെടലിലാണിന്ന് നമ്മുടെ ഭാരതസംസ്കാരവും, കേരളമെന്ന പേരിലറിയപ്പെടുന്ന ഒരു ഇട്ടാവട്ട സംസ്ഥാനത്തിലെ നമ്മുടെ മലയാള സംസ്കാരവും.

ഇവിടെ മനുഷ്യരില്ല, മതങ്ങളാണുള്ളത്. ദൈവങ്ങളില്ല. ആ സ്ഥാനം വഹിക്കുന്നത് മനുഷ്യരാണ്. ഈശ്വരൻ പണമാണ്, അധികാരമാണ്, സ്വന്തം കൈപിടിയിലുള്ള ഭൂസ്വത്തും ധനവും ആണ് എന്നു പറഞ്ഞ് പ്രവർത്തിക്കുന്ന ഒരു കൂട്ടം മനുഷ്യരാണ് നമ്മുടെ ഭാരതത്തിലുള്ളത് - ഭാരതത്തിന്റെ തെക്കേഅറ്റത്ത് സ്ഥിതിചെയ്യുന്ന നമ്മുടെ മാതൃസംസ്ഥാനമായ കേരളത്തിലും. അപചയപ്പെട്ട് നശിച്ച ഒരു പുരാതന സംസ്കാരം വീണ്ടെടുക്കുവാനുള്ള ചിലരുടെ തത്രപാടിന്റെ അനുഭാവികളാണ് നാമോരോരുത്തരുമിന്ന്.

ജീവിച്ചിരിക്കുന്ന മനുഷ്യരെ മറന്ന്; ഹിന്ദുവായ ദൈവത്തെ തേടി ഹിന്ദുവും, മുസൽമാനായ ദൈവത്തെ തേടി മുസൽമാനും, കൃസ്ത്യാനിയായ ദൈവത്തെ തേടി കൃസ്ത്യാനിയും - പാർസിയായ ദൈവത്തെ തേടി പാർസിയും വാളും, തോക്കും, ബോംബും, ആർ.ഡി.എക്സും കൈയിലേന്തി നാടുനീളെ സിംഹഗർജ്ജനം മുഴക്കി ഈശ്വരനെ പരതുന്നു. അവർ ഈശ്വരനെ കാണുന്നു. പിണമായി, മരണശയ്യനായി, കൈകാലുകളില്ലാത്ത നിർജ്ജീവരായ സാധാരണമനുഷ്യരായി, എന്നിട്ടും കലിയടങ്ങാത്ത അവർ മറ്റൊരു ഇരയെതേടി ഭാരതത്തിലങ്ങോളമിങ്ങോളം അട്ടഹാസം മുഴക്കി ദൈവത്തെ തേടി നടക്കുന്നു. അവർ സമ്പന്നരാണ്. സ്വാധീനമുള്ളവരും. ദൈവത്തെ തേടാനവർക്കു പണം ലഭിക്കുന്നു. ലോകരാഷ്ട്രങ്ങളിൽനിന്ന്, മതങ്ങളിൽനിന്ന്, വിഘടനവാദികളിൽ നിന്ന്, ഭിന്നിപ്പിച്ചു ഭരിക്കൽ തന്ത്രക്കാരിൽ നിന്ന്, ഭിന്നിപ്പിച്ചു കാര്യം നേടൽ തന്ത്രകാരിൽ നിന്ന്, തീവ്രവാദികളിൽ നിന്ന്. ദാരിദ്ര്യമില്ലാതേയും സാമ്പത്തിക ദാരിദ്ര്യമില്ലാതേയും സുഖലോലുപരായി ജീവിക്കുവാനുള്ള പണം പറ്റി അവർ നമ്മുടെ മാതൃരാജ്യത്തങ്ങോളമിങ്ങോളം ദൈവത്തെ തേടട്ടെ. ഭരണകൂടത്തിനല്ലാതെ നമുക്കെന്തു ചെയ്യാൻ കഴിയും ഇതുപോലുള്ള രാഷ്ട്രകാര്യങ്ങളിൽ. നമുക്കവരോട് പ്രാർത്ഥിക്കാം നമ്മുടെ മാതൃരാജ്യത്തെ ഭസ്മീകരിച്ചെടുക്കാതിരിക്കാനായി. എന്തെന്നാൽ സാധാരണ മനുഷ്യരാണ് നമ്മൾ. സാധാരണ മനുഷ്യരുടെ സെന്റിമെന്റലുകളാണ് നമുക്കുള്ളത്. സത്യമായ ലളിത-സാഹിത്യമാണ് ഒരു സംസ്കാരത്തെ വളർത്തുന്നത്. നല്ല സാഹിത്യം മനുഷ്യസ്നേഹമുള്ളവരായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നു. വാൽമീകിയും, ശ്രീരാമനും, സീതയും, രാവണനും, നബിയും, യേശുദേവനും, ഗുരുനാ

(ശേഷം പേജ് 24)



പി. വത്സല

കഥ

# ഓട്ടം നിർത്തിയ ഒരു വണ്ടി

**ഡോ**ക്ടർ സുശീല പ്രവാസജീവിതം കഴിഞ്ഞു അവരുടെ നാട്ടി2ലേയ്ക്കു മടങ്ങി. അവിവാഹിതയായ അവർക്ക് ലഗ്ഗേജ് കുറച്ചേ ഉണ്ടായിരുന്നുള്ളൂ. ഒരു വലിയ ടാക്സി കാറിൽ കൊള്ളുന്നത്. നഗരം വല്ലാതെ മാറിപ്പോയി, അവർ തന്നോടുതന്നെ പറഞ്ഞു.

പറഞ്ഞതു വണ്ടിയോടിക്കുന്നയാൾ കേട്ടിരിക്കണം.

പല വഴികളും മുറിഞ്ഞു. ചിലത് ഉപേക്ഷിക്കപ്പെട്ടു. പുതിയ വഴികളും വണ്ടികളുമാണേറെ! ഇവിടെ ജനിച്ചുവളർന്ന എനിക്കുപോലും എത്തേണ്ട ദിക്കിലേക്കുള്ള വഴി കണ്ടെത്താനാവ്ണ്ല്യ. ഒരു പരാതി പറച്ചിലല്ല. സത്യപ്രസ്താവന. അല്പം അഭിമാനം സ്ഫുരിക്കുന്ന സ്വരം.

എന്താണ് പേര്?

ശ്രീധരൻ!

അയാൾ പോക്കറ്റിൽ നിന്നു കാർഡെടുത്തു നീട്ടി.

ഇരിയ്ക്കട്ടെ! ഒരു വണ്ടിക്കാരനെ ഏതുനേരത്തും ആവശ്യമുണ്ടാവാം. നാല്പതു കഴിഞ്ഞ ഡാക്ടർ സുശീലയ്ക്കറിയാം, രോഗങ്ങൾ കാത്തു നില്ക്കുന്ന വഴിയമ്പലങ്ങൾ ഏതേതു വയസ്സിലെന്ന്. വിദേശത്തുപയോഗിച്ച വണ്ടി വിറ്റുകളഞ്ഞു. ഇങ്ങോട്ടു കൊണ്ടുവരുന്നതിലർത്ഥമില്ല. അസ്ഫാൾട്ട് റോഡിലൂടെ മാത്രം സഞ്ചരിച്ചു ശീലമായ വണ്ടി. തെരഞ്ഞു നോക്കിയാൽ ഒരു പോറലോ പൊടിയോ ദേഹത്തു കാണില്ല. വണ്ടി ഒരു സുന്ദരി ആയിരുന്നു. നാട്ടിലേയ്ക്കു കൊണ്ടുപോകുന്നില്ല, വില്ക്കുന്നു എന്നു പറഞ്ഞപ്പോൾ, ആവശ്യക്കാരേറെ. ആരേയും പിണക്കാതെ പറ്റില്ല. ഇൻഷൂറൻസ് ഏജന്റിനോ, തന്റെ കൂടെയുണ്ടായിരുന്ന മെഹബൂബ നേഴ്സാണോ, താഴെ ഫ്ളാറ്റിലെ ഫർണിച്ചർ കടയുടമയ്ക്കോ, പഴക്കച്ചവടക്കാരന്നോ, മരുന്നുഷാപ്പുകാരനോ – ആരെല്ലാമാണ് വിളിച്ചതെന്നു നിർണ്ണയിക്കാൻ പറ്റുന്നില്ല. അവസാനം, വളരെ കൃത്യനിഷ്ഠയോടെ റെസ്റ്റോറന്റ് തുറക്കുന്ന, അതിന്റെ ഉടമ നൗഷാദതിന്നു കൊടും വില പറയുകയോ പേശുകയോ ഉണ്ടായില്ല. അവൻ കയ്യിൽ വച്ചുതന്ന പാക്കറ്റ് വാങ്ങി. എണ്ണിനോക്കിയുമില്ല. പിറ്റേന്നു രാവിലെ എണ്ണിയപ്പോൾ, അർഹിക്കുന്നതിലധികം വില കണ്ടു. കുറച്ചു മടക്കിക്കൊടുക്കാമായിരുന്നു. നൗഷാദിനെ വിളിച്ചു. അവൻ ചിരിച്ചു മാറി. ഡാക്ടർ എന്റെ കുടുംബത്തെ എത്ര കാലം ചികിത്സിച്ചതാണ്!

വീട്ടിലേയ്ക്കുള്ള വഴി. കഴിഞ്ഞ തവണ, രണ്ടു വർഷങ്ങൾക്കുമുമ്പ് വന്നപ്പോൾ, ഒരു കറുത്ത സില്ക്കു നാട പോലെ വെയിലിൽ തിളങ്ങി, നീണ്ടു നിവർന്നു, രണ്ടു പുളച്ചിലിൽ അവസാനിക്കുന്ന പാതയെ ഇപ്പോൾ തിരിച്ചറിയാൻ പറ്റുന്നില്ല. ഇടതും വലതും ട്രെഞ്ചുകൾ. ഒന്നൊരു ഇലക്ട്രിക് ലൈൻ, മറ്റത് കുടിവെള്ളം. രണ്ടും വേണ്ടെന്നു വയ്ക്കാനൊക്കുമൊ? എന്നാലും ഒരു റോഡ് ഇങ്ങനെ കീറിപ്പറിയ്ക്കാമൊ? ഒരു കമ്പൌണ്ടർ, മനുഷ്യശരീരത്തിൽ സർജ്ജറി ചെയ്തപോലുണ്ട്. ആയുധം ഉപയോഗിക്കാനറിയാത്തവർ, നാട്ടിൽ പലതരത്തിലുമുണ്ടെന്നു ഡാക്ടർ സുശീല സമാധാനിച്ചു. കുട്ടിക്കാലത്ത് പ്രൈമറി ക്ലാസ്സിൽ പഠിക്കാൻ പോയത് ഇതേ റോഡിലൂടെ ആയിരുന്നു. റോഡല്ല, ഇടവഴി. ചരലും ഇല്ലിമുള്ളും ചിതറികിടക്കുന്നത്. കാഞ്ഞിരക്കായ് മണക്കുന്നത്. പാമ്പുറ തൂങ്ങിയാടുന്ന മുൾവേലി. അതിലൂടെ അവളുടേയും കൂട്ടുകാരിയുടേയും നേർക്ക് മരണത്തോടെ ഒരു

കൊറ്റനാട് കുതിച്ചെത്തി. പാതി മുറിഞ്ഞ കഴുത്തിൽ വിടാതെ കടിച്ചുനിൽക്കുന്ന കത്തി. പുറകെ ശകാരം കൊണ്ടു ശരവർഷം നടത്തി കുതിക്കുന്ന അറവുകാരൻ.

ദൈവമേ, ജീവിതത്തിലൊരിക്കലും മറക്കാനരുതാത്ത ഭീകര കാഴ്ച.

വണ്ടിയിലിരുന്നു അവർ തൂവല കൊണ്ടു മുഖം അമർത്തിത്തുടച്ചു. കണ്ണട മാറ്റി തുവാല കൊണ്ട് കണ്ണു പൊത്തി.

മാഡം, നിങ്ങടെ വീട് –

സുശീല ഞെട്ടി. നഗ്നനേത്രങ്ങളോടെ അവർ, തന്റെ വീടിന്നു നേർക്കു നോക്കി. ഇളം സൂര്യകിരണത്തിന്റെ നിറം ഉടലാകെ പൂശിയ വീട്. ഇരുമ്പഴിയിട്ട വലിയ ഗേറ്റ്. അതടച്ചു പൂട്ടി കിടക്കുന്നു. പുറമെ താഴ് അവർ ബാഗ് തുറന്നു വിരലിട്ടു. വാച്ച്മാൻ ഉച്ചയ്ക്കേ എത്തൂ. ഡ്യൂപ്ലിക്കറ്റ് കീയെടുത്തു.

ഡ്രൈവർ വണ്ടി തിരിച്ചിട്ടു. പുറത്തു കടന്നു ഗേറ്റു തുറന്നു. പുൽത്തകിടി ഇന്നുകാലത്ത് ആരോ നനച്ചു പോയിട്ടുണ്ട്. നോട്ടക്കാരൻ തന്നെ. അറുമുഖൻ. പോർച്ചിലിറങ്ങുന്നേരമാണ്, ഗേറ്റിന്നു മുമ്പിൽ റോഡിന്റെ എതിർഭാഗത്തു ഓരം ചേർന്നു കിടക്കുന്ന ബസ്സ് കണ്ണിൽപ്പെടുന്നത്. മുൻവശത്തെ ഒരു കണ്ണ് ആരോ എറിഞ്ഞുടച്ച, ഒരു വൃദ്ധശകടം. അതിന്റെ നെറ്റിയിലെ എഴുത്ത് സുശീല വായിച്ചു, സിൽവർ ചെയ്സ്!

തൊലിയടർന്നു വികൃതമായ സിൽവർ ചെയ്സ്. ഉടഞ്ഞും ഉടയാതേയും നില്ക്കുന്ന ചില്ലുകൾക്കിടയിലൂടെ അകത്തെ വെള്ളിക്കമ്പികൾ തുരുമ്പു പിടിച്ചതും കണ്ടു.

കതക് തുറന്നു. കോണികയറി മേൽമുറിയിൽച്ചെന്നു പുറത്തേക്കു നോക്കി.

എന്റെ നാട്. എന്റെ സ്വന്തം നാട്. ഞാനിതാ, വന്നു. എന്നെ നീ തിരിച്ചറിയുന്നില്ലെ? ആരും തിരിച്ചറിയുന്ന മട്ടില്ല. ഒരു മറുപടിയുമില്ല.

മാഡം വണ്ടി മേടിക്കുംവരെ, എന്നെ വിളിച്ചാ മതി!

സന്തോഷം. നല്ലവനായ യുവാവ്. അവന്റെ മുഖത്തെ കുട്ടിത്തം മാഞ്ഞിട്ടില്ല.

നീയെവിടയാ താമസം?

ഇവിടുന്നു മൂന്നാലു കിലോമീറ്ററെ ഉള്ളൂ. കാർഡുണ്ടല്ലോ.

ഒരു പിടിവള്ളി കിട്ടിയതിൽ സുശീല ആശ്വസിച്ചു.

പോർച്ചിൽ ചേർത്തുവച്ച ദീർഘചതുരത്തിലുള്ള പായ്ക്കറ്റിൽ, നെയിംബോർഡാണ്.

ഡാക്ടർ സുശീല.... എം......


അറുമുഖൻ നാളെത്തന്നെ ഒരു പണിക്കാരനെ കൊണ്ടുവരും.

രാത്രി.

വൃശ്ചികരാത്രിയിലേയ്ക്കു ജന്നലുകളെല്ലാം തുറന്നിട്ടപ്പോൾ സുശീലയ്ക്കു കരച്ചിൽ വന്നു. ഓടിവന്ന കാറ്റ്, പെയിന്റിന്റേയും വാർണീഷിന്റേയും പ്ലാസ്റ്റിക് പാക്കറ്റുകളുടേയും മണം വാരിയെടുത്തു ധൃതിയിൽ, പടിഞ്ഞാറോട്ടു പാഞ്ഞുപോയി.

കുളി കഴിച്ചു. വേഷം മാറി. ഡിന്നർ പാക്കറ്റ് പുറത്തെടുത്തു. ട്രെയിൽ വച്ചു സിറ്റൌട്ടിൽ ചെന്നിരുന്നു.

വീട് കുന്നുമ്പുറത്താണ്. പക്ഷെ ചുറ്റുപാടുള്ളതൊന്നും കാണുന്നില്ല. കുന്നു കുഴിഞ്ഞുപോയൊ? അവിടവിടെ തലയുർത്തി നോക്കുന്ന ഓരോരോ തെങ്ങ്. പൂക്കണോ വേണ്ടയോ എന്നു ശങ്കിച്ചു നില്ക്കുന്ന ഒരു മാവ്. ഇല കൊഴിച്ചു കുഞ്ഞിനെ കാത്തിരിക്കുന്ന ഒരു പ്ലാവ് – ആകാശം തുളച്ചു കയറുന്ന ഒരേയൊരു പൈൻമരം. അത് എന്റെ കുട്ടിക്കാലത്തിന്നു സാക്ഷി, സുശീല വിചാരിച്ചു. നന്ദിയുണ്ട് നിനക്ക്. ഒന്നുമല്ലാതായിപ്പോകുന്ന എന്നെ നീ രക്ഷിച്ചു! വലതുവശത്ത് റോഡിന്റെ തിരിവിൽ വടവൃക്ഷം പോലെ പന്തലിച്ച മാവുണ്ടായിരുന്നു. കത്താത്ത തെരുവിളക്കിന്റെ തൊട്ടുപിന്നിൽ വൃക്ഷം ശ്രദ്ധയോടെ നില്ക്കു



ന്നെന്ന് അവർ സങ്കല്പിച്ചു. പവർകട്ടവസാനിച്ചെന്ന് ലൈറ്റുകൾ ചിരിച്ചു. മാവില്ല! ഏതു വകുപ്പു പറഞ്ഞാണ് അവർ മാവുമുറിച്ചു, തറ വൃത്തിയാക്കിയതെന്ന് സുശീല അത്ഭുതപ്പെട്ടു. അതു വാസുമാസ്റ്ററുടെ കോമ്പൗണ്ടിന്റെ മൂലയ്ക്കാണ് നിന്നിരുന്നത്. കുട്ടിക്കാലം തുടങ്ങി അതവിടെ ഉണ്ടായിരുന്നു. ആകാശച്ചില്ലകളിൽ നിന്നു ഉണ്ണിമാങ്ങകൾ നീണ്ട കണ്ണികളിൽ ആടി രസിച്ചിരുന്നു. വാസ്തവത്തിൽ അവ ഉണ്ണികളായിരുന്നില്ല. വളർച്ച നിലച്ച മുതിർന്ന മാങ്ങകൾ തന്നെ. അണ്ണാറക്കണ്ണന്നറിയാം സത്യാവസ്ഥ. പിറ്റേന്ന് ഇളവെയിലിൽ കൊമ്പുകൾ കേറിവന്നു അവനും അവളും ചിലയ്ക്കുമ്പോൾ സുശീല പല്ലുതേയ്ക്കുകയായിരുന്നു. വെന്റിലേറ്ററിലൂടെ ഒളിഞ്ഞുനോക്കി അണ്ണാറക്കണ്ണന്മാർ ഇപ്പോൾ ഓർമ്മച്ചില്ലകളിറങ്ങി, അതാ വളർച്ച മുരടിച്ച ഒരു സൗഗന്ധികപ്പൂമരത്തിന്റെ കൊമ്പുകളിലാണ്. പൂക്കൾ മണത്ത് വിനോദിക്കാൻ നേരമില്ലാതെ അവർ ഇറങ്ങിപ്പോരുന്നതു സുശീല കണ്ടു. അവരുടെ ഓർമ്മയുടെ ശിഖരങ്ങളിൽ ഇപ്പോഴും മാങ്ങകൾ തൂങ്ങിയാടുന്നുണ്ട്. അണ്ണാറക്കണ്ണന്മാർ മാടി വിളിക്കുന്നുണ്ട്.

സുശീല കോണിയിറങ്ങി. കപ്പലണ്ടിപ്പാക്കറ്റ് കീറി. ഒരു പിടി വാരി മതിലിന്നടുത്തുചെന്നു. കപ്പലണ്ടി മതില്പുറത്ത് വിശക്കുന്നവരെ കാത്തു വെയിൽ കാഞ്ഞു. സുശീല അവരുടെ ഒരു പടം സ്വന്തമാക്കാൻ ക്യാമറ ഉടുപ്പിന്റെ ഞൊറിയിൽ മറച്ചു.

അവർ പ്രതിഷേധത്തോടെ ചിലച്ചു. ആക്രിയായ പഴയ വണ്ടിപ്പുറത്തൂടെ മണ്ടി നടന്നു.

ഉച്ചയോടടുത്ത് അടുക്കളസ്സാമാനങ്ങളുമായെത്തിയ വാച്ച്മാൻ പറഞ്ഞു.

ഒരു വണ്ടി വാങ്ങണം. ഉടനെ!

വേണം.

കണ്ണിന്നു മുമ്പിലെ ഈ ആശ്രീകരത്തെ ആക്രിക്കച്ചവടക്കാർക്കു കൊടുക്കണം! ചുമ്മാ കൊണ്ടുപോകട്ടെ!

അതാരുടെ വണ്ടി? ഉടമസ്ഥരില്ലെ?

ആദ്യം, വയസ്സായ മനുഷ്യർക്ക് ഉടമസ്ഥരില്ലാതായില്ലെ? അതിൽപരമാണോ ഒരു പൊളിഞ്ഞ വണ്ടി! അതീന്നെറങ്ങ്ന്ന തുരുമ്പ് കലേത്തറച്ച് എത്രയാൾക്കാ വെഷം തീണ്ടിയതെന്ന് ദൈവത്തിനേ അറിയൂ.

ശരിയാണ്! ഡാക്ടർ സുശീല പറഞ്ഞു. പക്ഷെ ഇപ്പൊ ഇത് അണ്ണാറക്കണ്ണന്റേം മൈനകളുടേം കളിസ്ഥലമാണ്. ടോയ്‌ലറ്റും ബ്യൂട്ടിപാർലറുമാണ്.

അറുമുഖൻ ചിരിച്ചു. ഇതെല്ലാം ഒരു പുതുക്കത്തിനു പറയുന്നതാണെന്നു സമാധാനിച്ചു.

എങ്ങനെ ഒഴിവാക്കും എന്നാ ഞാനാലോചിയ്ക്കണത്! എടുത്തുകെട്ടി വലിച്ചുകൊണ്ടുപോയി എവിടെയെങ്കിലും കളയാന്നുവച്ചാ അടുത്തെങ്ങാനും ഒരിടം വേണ്ടെ! സൂചി കുത്താനില്ല, സ്ഥലം! ആരു വഹിക്കും ചുമട്ടുകൂലി!

പുതിയൊരു പ്രശ്നം തന്നെ. ഇത്തരം ഒരു ബസ്സ് കേറി പട്ടണത്തിലെ സ്കൂളിൽ ചെന്നു പറ്റാൻ കഴിയണത് ഒരനുഗ്രഹമായി കരുതിയ കാലമുണ്ടായിരുന്നു. പെട്ടെന്നു അവർക്കു തോന്നി, അതിതുതന്നെ ആയിരുന്നു! അതിന്റെ മുതുകിൽ ജ്വലിച്ചു നിന്നിരുന്ന ഉദയസൂര്യന്റെ കതിരുകലെല്ലാം തുരുമ്പിച്ചുപോയി. ഒരു ജീവനും മേലിൽ ഈ സൂര്യന്റെ ഊർജ്ജം ഉൾക്കൊള്ളുകയില്ല. അനേകം വർഷങ്ങൾക്കു ശേഷം സുശീല ബസ്സിന്റെ പേരോർത്തു. 'ഉദയം'! ശരിയായ ഉദയസൂര്യനെക്കാണാൻ സ്കൂൾകുട്ടിയായ സുശീലയ്ക്ക് ഒരിക്കലും നേരം കിട്ടിയില്ല. ചൂടുള്ള കഞ്ഞി അന്നനാളത്തിൽ നിന്നിറങ്ങും മുമ്പെ അവൾ പടികടന്നു റോഡിലേയ്ക്കു കുതിച്ചു കഴിയും. ഒരുദയം പോയാൽ മറ്റൊന്നുണ്ടാവില്ല, അന്നേ ദിവസം എന്ന് അവൾക്കുറപ്പായിരുന്നു. ഒരേയൊരു ബസ്സ്. ഭാവിയിലേയ്ക്കു കുതിയ്ക്കുന്ന വണ്ടി. പുസ്തകസഞ്ചി ചുമലിൽത്തൂക്കി ഗേറ്റിന്നടുത്തേയ്ക്കു മണ്ടുന്നേരം, അമ്മ പുറകെ ഓടിയെത്തി, അവൾ മറന്നുവച്ച ഉച്ചയൂണിന്റെ ഡബ്ബ പുറകിൽനിന്നു തോൾസ്സഞ്ചിയിലേക്കു തിരുകിക്കയറ്റി.

വണ്ടിയുടെ നെറ്റിയിലെ 'ഉദയ'ക്കുറി തീർത്തും കരിഞ്ഞുപോയി. വൃത്തികെട്ട നിറത്തിൽ പടർന്നു കയറുന്ന തുരുമ്പ് ബസ്സിന്റെ ശരീരം മുഴുക്കെ തിന്നുതീർക്കുകയാണ്.

അവൾ മുഖം തിരിച്ചു വീട്ടിന്നകത്തുകയറി.

ഞെളിയമ്പറമ്പിലേയ്ക്കു ഇവിടുന്നെത്ര ദൂരംണ്ട്?

അവൾ ആരാഞ്ഞു.

അറുമുഖൻ തലയാട്ടി, അവിടെ കേറൂല. വേണെങ്കില് ദൂരെ, ഏതെങ്കിലും കാട്ടുവഴീക്കൂടെ?

അതെവിടെയാണ്?

ഒരമ്പതു കിലോമീറ്ററെങ്കിലും പോണം.

ഡോക്ടർ സുശീല പഴ്സ് തുറന്നു, ഒരു വലിയ തുകയെടുത്തു വണ്ടിയുടെ ശവമടക്കിന്നു അറുമുഖനെ വിട്ടു. അവർ ഊണു കഴിക്കാതെ ഓർമ്മകളുടെ ശീതീകരിച്ച അറയിൽക്കേറിയ ഉടലാകെ ബ്ലാങ്കറ്റു മൂടി കണ്ണടച്ചു. പക്ഷെ ഉറങ്ങാൻ കഴിയുന്നില്ല.

■

നോവലെറ്റ്

തുടർച്ച

# അഗ്നിനിലങ്ങളിൽ മഞ്ഞുപെയ്യുന്നു



കെ.വി. പ്രഭാകരൻ

***(കഴിഞ്ഞലക്കം കഥ ഇതുവരെ)***

*ഹരിയാന. ഫത്തേബാദ് ജില്ലയിലുള്ള റാത്തിയയിൽ ലാംബ ഗ്രാമത്തിലെ കർഷകതൊഴിലാളി കുടുംബമാണ് ബച്ചൻസിങ്ങിന്റേത്. ബച്ചൻസിങ്ങിന്റെ അച്ഛനും അമ്മയും കർഷകതൊഴിലാളികളാണ്. അടുത്ത കുടിലിലെ മാലിഖാണ് ബച്ചൻ സിങ്ങിന്റെ അടുത്ത സുഹൃത്ത്. രാവിലെ തന്നെ മാലിഖ് വന്ന് ബച്ചൻസിങ്ങിനെ വിളിച്ചുണർത്തി ജോലിക്ക് വരാൻ നിർബന്ധിക്കുകയായിരുന്നു. പക്ഷേ ക്രൂരനായ മേസ്തിരിയെ മുഖമടിച്ച് ഒന്നു കൊടുത്തിട്ടാണ് തലേന്നാൾ ബച്ചൻസിങ്ങ് ജോലിസ്ഥലത്ത് നിന്ന് മടങ്ങിയത്. ആഗ്രാമം ഭൂപ്രഭുക്കന്മാരുടെ കിരാതഭരണത്തിൽ ഞെരിഞ്ഞ റിമരുകയാണ്. കർഷകത്തൊഴിലാളി സ്ത്രീകളെ മാനഭംഗം പെടുത്താലും കീഴ്പെടുത്തലും ഭൂപ്രക്കന്മാരുടെ അവകാശമായാണ് അവർ കരുതുന്നത്. ബച്ചന് ഇതിനോടെല്ലാം എതിർപ്പുണ്ട്. പക്ഷേ ഗ്രാമത്തിലുള്ളവർ ഭയവിഹ്വലരാണ്. മേസ്തിരിയെ മറ്റൊരു കുടിലിന്റെ മുന്നിൽ വെച്ച് ബച്ചൻസിങ്ങ് കല്ല് കൊണ്ടടിച്ചു പരുക്കേൽപിച്ചു. മേസ്തിരിക്ക് പകരം മകൻ പാഞ്ച മേസ്തരിയായ് വന്നു. അച്ഛനെക്കാളും ക്രൂരനും തെമ്മാടിയുമാണ് പാഞ്ച. ബച്ചൻസിങ്ങിന്റെ സ്കൂൾ സഹപാഠികൂടിയാണ് പാഞ്ച. പാഞ്ച അച്ഛനെ കല്ലകൊണ്ടടിച്ചരോട് പകരം വിട്ടാൻ പദ്ധതി തയാറാക്കി. ബച്ചൻസിങ്ങിന്റെ മുറപ്പെണ്ണ് ഗംഗ വീട്ടിലെ ദാരിദ്ര്യം കാരണം വയലിൽ പണിക്കിറങ്ങി. പാഞ്ച ഗംഗയെ കയറി പിടിച്ചത് ബച്ചൻ സിങ്ങും പാഞ്ചയും തമ്മിലുള്ള സംഘർഷമായി വളർന്നു. തൊഴിലാളികൾ ഭയം വെടിഞ്ഞ് ബച്ചന്റെ കൂടെ സംഘടിച്ചു.*

പാഞ്ച ഗ്രാമീണർക്കുനേരെ കൈചൂണ്ടി ആക്രോശിച്ചു. ആ ഗ്രാമവാസികൾ ഒന്നും മിണ്ടാനാകാതെ നിന്നുപോയി. ബച്ചന്റെ ഹൃദയം അരിശം കൊണ്ട് തിളക്കുകയായിരുന്നു. അവൻ പല്ലുഞെരിച്ചു.

“നിങ്ങളുടെ നാവിറങ്ങിപ്പോയോ....”

അവന്റെ ശബ്ദം ഉയർന്നുവായുവിൽ ലയിച്ചു. ആ ഗ്രാമവാസികളുടെ വായ എന്തോ പറയാൻ ഭാവിക്കുകയായിരുന്നു. പെട്ടെന്ന് പൊടി പറത്തിക്കൊണ്ട് സുഖ്ദേവ്സിങ്ങിന്റെ കുതിരവണ്ടി അവിടേക്ക് എത്തിച്ചേർന്നു. ആ തൊഴിലാളികളുടെ വാക്കുകൾ അവരുടെ തൊണ്ടയിൽ തടഞ്ഞുനിന്നു.

“കണ്ടില്ലെ അവർ ഒന്നും പറയാത്തത്... ഇതെല്ലാം അവനും അവളും കെട്ടിച്ചമച്ചതാണ്.”

“അല്ല ഞങ്ങൾ കണ്ടതാണ് നീ ഗംഗയെ കയറിപ്പിടിച്ചത്...”

അതൊരു ആരവമായിരുന്നു. അവിടെ കൂടിയിരുന്ന ഗ്രാമീണർ ഒന്നാകെ ഇളകിമറിഞ്ഞു. അവരുടെ മുന്നേറ്റത്തിൽ പാഞ്ചയുടെ ജീവൻ പോലും അപകടത്തിലാവുമെന്ന് മനസ്സിലാക്കിയ സുഖ്ദേവ്സിങ്ങ് അലറി.

“നിൽക്കൂ നിങ്ങളുടെ പ്രശ്നം ഞാൻ മനസ്സിലാക്കുന്നു... എല്ലാറ്റിനും നമുക്ക് പരിഹാരമുണ്ടാക്കാം. നാളെ മുതൽ പാഞ്ച ഇങ്ങോട്ടുവരുന്നതല്ല... എല്ലാവരും പണിക്കിറങ്ങിക്കൊള്ളുക.....

സുഖ്ദേവിന്റെ വാക്കുകൾക്ക് ആത്മാർത്ഥതയില്ലെന്ന് ബച്ചനറിയാം. മധുരത്തിൽ പൊതിഞ്ഞ വീൺ വാക്കുകളാണവ. പക്ഷെ തന്റെ ഗ്രാമവാസികളെ അത് പറഞ്ഞ് ബോദ്ധ്യപ്പെടുത്താനീയവസരത്തിൽ കഴിയില്ലല്ലോ.

അവർ ആവേശത്തോടെ പണിക്കിറങ്ങിക്കഴിഞ്ഞിരിക്കുന്നു. ബച്ചൻസിങ്ങും അവരോടൊപ്പം പണിക്കു ചേർന്നു.

ഇനിയെന്താണ് സുഖ്ദേവ്സിങ്ങിന്റെ നീക്കമെന്നതിനെക്കുറിച്ചായിരുന്നു അവൻ ചിന്തിച്ചത്. കുറച്ചു ദിവസം കഴിഞ്ഞ് മേസ്ത്രി പണിയുടെ മേൽനോട്ടം വഹിക്കാനെത്തും. അയാൾ പക തീർക്കാൻ കാത്തിരിക്കുകയാവും.

ആ ദിവസം പണികയറുമ്പോൾ നേരം സന്ധ്യയോടടുത്തിരുന്നു. കൂലി വിതരണം ചെയ്യുമ്പോൾ ബച്ചന്റെ പേര് വിളിച്ചത് അവസാനമായിരുന്നു. അത് മനപ്പൂർവ്വം തന്നെ. കൂലിയും വാങ്ങി തിരിയുമ്പോൾ ബച്ചന്റെ ചുമലിൽ പിടിച്ചുകൊണ്ട് പാഞ്ച അവനെ തടഞ്ഞു.

“നില്ക്കൂ... ചിലത് പറയാനുണ്ട്.!”

ബച്ചൻ തിരിഞ്ഞു നിന്നു. പാഞ്ച

യെക്കണ്ടപ്പോൾ അവന്റെ മനസ്സ് ഒന്നുപിടഞ്ഞു. പക്ഷേ ധൈര്യം കൈവിടാതെ നിന്നു. എന്താണ് ഈ തെണ്ടിക്ക് തന്നോട് പറയാനുള്ളത്. അവൻ അമർഷത്തോടെ പാഞ്ചയുടെ മുഖത്തേക്ക് നോക്കി. പാഞ്ച തുടർന്നു.

"മി ബച്ചൻ... നിനക്ക് എന്നെ അറിയാമല്ലോ..."

''തീർച്ചയായും... ആട്ടെ.... എന്താണ് നിനക്ക് എന്നോട് പറയാനുള്ളത്?"

"നാളെ മുതൽ നിന്നെ ഈ പ്രദേശത്ത് കണ്ടുപോകരുത്?"

"അതുപറയാൻ നീ ആരാ....?"

"സുഖ്ദേവ് സിങ്ങിന്റെ കൽപ്പനയാണ്?"

"എന്തിന്?"

''നീ ഈ ഗ്രാമവാസികളെ സുഖ്ദേവ് സിങ്ങിന് എതിരായി ഇളക്കിവിടുന്നു.... അതുകൊണ്ട്."

"ഓ... അതുശരി... അപ്പോ ഗ്രാമവാസികൾ നേരെ നിന്ന് രണ്ടു വർത്തമാനം പറയുമ്പോഴേക്കും പേടി തുടങ്ങിയോ?"

പാഞ്ച പൊട്ടിത്തെറിച്ചുകൊണ്ട് പുച്ഛമായ് പറഞ്ഞു.

"സുഖ്ദേവ് സിങ്ങിന് പേടിയാണെന്നോ... ഈ ഗ്രാമീണരെയോ... അല്ലെങ്കില് നിന്നെയോ... പോടാ... അയാൾ വിചാരിച്ചാൽ ഒരു നിമിഷം കൊണ്ട് ഈ ഗ്രാമമാകെ ചുട്ടു ചാമ്പലാക്കും. മനസ്സിലായോ."

"നിങ്ങൾ വിചാരിച്ചാൽ എന്തും നടക്കുമെന്നറിയാം... അത്രയും അധികാരവും ബലവും നിങ്ങൾക്കുണ്ടല്ലോ... പിന്നെന്തിനാണ് എന്നോട് ഈ ഗ്രാമം വിട്ടുപോകാൻ പറയുന്നത്..."

"സുഖ്ദേവ്സിങ്ങ് ശാന്തി ആഗ്രഹിക്കുന്നു... അദ്ദേഹത്തിന്റെ തൊഴിലാളികളെ അദ്ദേഹം അളവറ്റ് സ്നേഹിക്കുന്നു. അവർക്ക് ഒരാപത്തും വരരുതെന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം... അദ്ദേഹം സ്നേഹിക്കുന്ന ആ ഗ്രാമീണരുടെ മനസ്സ് മലിനപ്പെടുത്തുന്നത് നീയാണ്... അതുകൊണ്ടാണ് നീ സ്ഥലം വിടണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നത്."

ബച്ചൻ സിങ്ങ് ചൊടിച്ചു. അവനിത്രയും പറഞ്ഞു.

"നീ നിന്റെ സമീന്ദാരോട് പറഞ്ഞേക്ക് ബച്ചനങ്ങനെ പോകാൻ തീരുമാനിച്ചിട്ടില്ലെന്ന്."

ബച്ചൻ അവിടെ നിന്നും പാഞ്ചയെ അവഗണിച്ച് നടന്നു നീങ്ങി. പാഞ്ച അവന്റെ പോക്ക് നോക്കിനിന്നു. പാഞ്ചയുടെ മനസ്സിൽ ബച്ചൻസിങ്ങിനെതിരായ കരുനീക്കങ്ങൾ നടക്കുകയായിരുന്നു.

## ഏഴ്

ഗംഗയും ബച്ചൻസിങ്ങും തമ്മിലുള്ള വിവാഹം നടന്നു.

ഗംഗക്കൊരു സംരക്ഷകനെ കിട്ടിയല്ലോ എന്ന സന്തോഷത്തിലായിരുന്നു എല്ലാവരും.

പക്ഷേ അവരെയെല്ലാം ഒരു ഭയം പിടികൂടിയിരുന്നു.

നാട്ടുനടപ്പനുസരിച്ച് അന്നു രാത്രി സമീന്ദാരുടെ കിടപ്പറയിൽ പോകേണ്ടവളാണ് ഗംഗ. എന്നാൽ ബച്ചന്റേയും ഗംഗയുടേയും കാര്യത്തിൽ അങ്ങിനെ സംഭവിക്കില്ലെന്ന് അവർ വിശ്വസിക്കുന്നു.

രാത്രിയിൽ ഭക്ഷണം കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു.

ബച്ചന്റെ മടിയിൽ തല ചായ്ച്ചുകൊണ്ടു ഗംഗ പറഞ്ഞു;

"മരണത്തിനു മാത്രമേ നമ്മെ വേർപെടുത്താൻ കഴിയൂ...."

ബച്ചൻ അവളുടെ ചുണ്ടിൽ കൈവെച്ചുകൊണ്ട് പറഞ്ഞു.

"ഗംഗേ ഈ രാത്രിയിൽ അശുഭകരമായതൊന്നും പറയല്ലേ"

പെട്ടെന്നായിരുന്നു പുറത്ത് കുതിര വണ്ടിയുടെ മണികിലുക്കം കേട്ടത്.

"ബച്ചൻസിങ്ങ് പുറത്ത് വരൂ"

അതൊരു ഗർജ്ജനം പോലെയാ



യിരുന്നു.

പുറത്തേക്ക് കടക്കാൻ തുനിഞ്ഞ ബച്ചനെ ഗംഗ തടഞ്ഞു. പുറത്ത് നിന്ന് വീണ്ടും വീണ്ടും ബച്ച നോട് പുറത്ത് കടക്കാൻ ആവശ്യ പ്പെട്ട് കൊണ്ടിരുന്നു. വീട്ടുകാരെല്ലാം ഉണർന്ന് പേടിച്ച് വിറച്ച് ഇരുന്നു. അവിടെ വന്നത് സമീന്ദാരുടെ ആൾ ക്കാരാണെന്ന് അവർക്കറിയാമായിരു ന്നു. അവർ കുടിലിന്റെ കതക് ചവി ട്ടിപ്പൊളിച്ച് അകത്ത് കയറി. ഗംഗയെ പ്പിടിച്ച് കുതിരവണ്ടിയിലേക്ക് കൊണ്ടുപോയി. അവരെ തടയാൻ ശ്രമിച്ച ബച്ചനെ അവർ തലക്കടിച്ചു വീഴ്ത്തി. ബോധം നശിച്ച ബച്ചൻ തറയിൽ മലർന്നടിച്ചുവീണു. ഗംഗ യുടെ അകന്നുപോകുന്ന അലമുറ യിടൽകേട്ട് വീട്ടുകാർ സ്തംഭിച്ചിരു ന്നു. ഗ്രാമവാസികളാരും ഭയം മൂലം പുറത്തേക്കിറങ്ങിയതേയില്ല.

തെരുവിൽ എന്തോ കത്തിപ്പടരു ന്നത് അവർ അറിഞ്ഞു. അട്ടഹാസ ത്തിന്റേയും ആക്രോശത്തിന്റേയും നിലവിളിയുടേയും സമ്മിശ്ര ശബ്ദ ങ്ങൾ. കുതിരപ്പടയോടുന്നതുപോലെ തോന്നിക്കുന്ന കുളമ്പടി ശബ്ദ ങ്ങൾ. ഒരു യുദ്ധത്തിന്റെ പ്രതീതി ജനിപ്പിക്കുന്നതുപോലെ തോന്നി ഗ്രാമവാസികൾക്ക്. അവരുടെ സ്വപ്നങ്ങളും ജീവിതവും ഭാവ നയും യാഥാർത്ഥ്യവും എല്ലാം ഒരു നിമിഷംകൊണ്ട് തകർന്നടിഞ്ഞു പോയി. ഇതവർ പ്രതീക്ഷിച്ചിരു ന്നുവോ? ഇത്തൊരമൊരവസ്ഥയിൽ നിന്നും മോചിതരാവാൻ അവർക്കി നിയും കഴിയില്ലേ? അതായിരു ന്നുവോ അവരോരോരുത്തരും ചിന്തിച്ചിരുന്നത്!? അഥവാ എല്ലാം വിധിയെന്ന് വിചാരിച്ച് സമാധാനി ക്കലോ?

അടുത്ത ദിവസത്തെ പ്രഭാത ത്തിന് മരണത്തിന്റെ നിറമായിരുന്നു. എങ്ങും ശോകമൂകത കലർന്ന ചിത്രങ്ങൾ. ഒന്നും ഉരിയാടാൻ കഴി യാത്തവിധം അവർ മരവിച്ചുപോയി രിക്കുന്നു.

## എട്ട്

ഗംഗയെക്കുറിച്ച് പിന്നീടൊരു വിവരവും കിട്ടിയില്ല.

അവൾ തിരിച്ചെത്തുമെന്ന് വീട്ടു കാർ കരുതി. അതാണ് പതിവ്. പക്ഷെ ഗംഗയുടെ കാര്യത്തിൽ അതുണ്ടായില്ല.

ബച്ചൻസിങ്ങിന്റെ സമനില ആകെ തെറ്റി.

അവൻ തെരുവിലൂടെ അല ഞ്ഞു.

സകലതിനേയും വെറുത്തുകൊ ണ്ടുള്ള അലച്ചിൽ.

ഒരു ദിവസം സുഖ്ദേവ്സി ങ്ങിന്റെ മണിമന്ദിരത്തിലേക്ക് ബച്ചൻ കയറിച്ചെന്നു. മട്ടുപ്പാവിലിരുന്നു സുഖ്ദേവ് സിങ്ങ് ബച്ചൻ വരുന്നത് കണ്ടു. അയാൾ തന്റെ പിണിയാളു കൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി. അവർ ബച്ചനെ പിടിച്ചു കെട്ടി. ചങ്ങലക്കിട്ട് ഇരുട്ടറയിൽ തള്ളി. അങ്ങിനെ ഭക്ഷണവും വെള്ളവും കിട്ടാതെ ദിവസങ്ങ ളോളം ആ ഇരുട്ടറയിൽ കഴിയേണ്ടി വന്നു.

ഗംഗയുടെ ഓർമ്മകളുമായി ബച്ചൻ കിടന്നു.

പുറത്തെ സൂര്യപ്രകാശത്തിന്റെ കിരണങ്ങൾപോലും ആ മുറിയി ലേക്ക് എത്തിനോക്കിയിരുന്നില്ല. പുറം ലോകം കാണാൻ കഴിയാതെ താൻ മരിച്ചുപോകുമെന്ന് ബച്ചൻ ഉറ പ്പിച്ചു ഒന്നുറക്കെ നിലവിളിച്ചാൽ പോലും ആരും കേൾക്കാത്ത ഇരു ട്ടറയായിരുന്നു അത്.

തന്റെ പ്രിയതമയുടെ ഒരു സ്വാന്തനംപോലും ഇനി താൻ കേൾക്കില്ല. ആ കാളരാത്രിയിൽ അവളുടെ ശരീരം ആ കശ്മലന്മാർ കൊത്തിവലിച്ച് കീറിയിരിക്കും. ഗംഗ യില്ലാതെ തനിക്കിനി എന്തുജീവി തം. ഇനി ദിനരാത്രങ്ങളില്ല. പുലർ വേളകളില്ല. തളരുകയാണ് മനസ്സും ശരീരവും. എപ്പോഴാണ് മരണം കട ന്നുവരുക. മരണം പോലും തന്നെ അവഗണിക്കുന്നു. എന്തൊരു ക്രൂര തയാണ് ഈ ലോകം തന്നോട് കാണിക്കുന്നത്. അല്ലെങ്കിൽ പീഡി പ്പിക്കപ്പെടുന്നവരോട് കാണിക്കുന്ന ത്. എവിടെയാണ് ഈശ്വരൻ. എന്തു കൊണ്ടാണ് ഇത്തരമൊരവസ്ഥയി ലേക്ക് ഈശ്വരൻ തങ്ങളെ കൊണ്ടെത്തിക്കുന്നത്. ഈയൊരു അന്ധകാരത്തിൽനിന്ന് ഒരിക്കലും മോചനമുണ്ടാവില്ലായിരിക്കും. അന്ധകാരം സൃഷ്ടിക്കുന്നതും അന്ധകാരം ഇല്ലാതാക്കുന്നതും മനു ഷ്യൻ തന്നെയല്ലെ. അവിടെ ഈശ്വ രന് എന്ത് സ്ഥാനം. ഒന്നോർത്താൽ ഇതൊക്കെ എന്തിന് എന്ന് തോന്നി പ്പോകുന്നു.

വിശപ്പ് കത്തിക്കാളുന്നു
ദാഹംമൂലം തൊണ്ട വരളുന്നു.
ശരീരം വീണ്ടും തളരുകയാണ്.
എന്തെല്ലാം കൊതിച്ചു.
ഒന്നും നേടാനായില്ല.

അല്ലെങ്കിലെന്ത് നേടാൻ? നേടി യിട്ടെന്തു കാര്യം? എല്ലാം നാം ഇവിടെ ഇട്ടേച്ച് പോകുന്നു. അതു പോലെ താനും തന്റെ ഓർമ്മകളെ ഇവിടെ വലിച്ചെറിഞ്ഞ് പോകുന്നു. കാലത്തിന്റെ തിരിച്ചിലിൽ അതിന്റെ വഴിത്താരയിൽ അലിഞ്ഞ് കാല മെന്ന വാഹനത്തിന്റെ ചിറകിലേറി പ്രയാണമാരംഭിച്ച മനുഷ്യനിതാ ചിറകറ്റ് ഭൂമിയുടെ ഏതോ കോണിൽ ആരും അറിയാതെ അനാഥത്വവും പേറി കിടക്കുന്നു. ഇനി അവനിൽ അവശേഷിക്കുന്നത് ജീവന്റെ ഒരു കണിക മാത്രം. ഇനി അത് തെന്നിമാറാൻ നിമിഷങ്ങൾ മാത്രം ബാക്കി. ബച്ചന്റെ മനസ്സ് എന്തിനോവേണ്ടി തയ്യാറാകുകയാ യിരുന്നു. വിശപ്പും ദാഹവും അകന്ന് ശരീരത്തിന് ഏതോ ശക്തി വിശേഷം ആവാഹിച്ചതുപോലെ അവനു തോന്നി. മഞ്ഞു പെയ്തു കൊണ്ടിരുന്ന പ്രദേശങ്ങളിൽ ആത്മ രോഷത്തിന്റെ അഗ്നിജ്വാലകൾ കത്തിപ്പടരുന്നത് അവൻ സ്വപ്നം കണ്ടു. പിന്നെ മെല്ലെ കണ്ണടച്ച് ഇരു ട്ടിനെ വരവേറ്റു.

■



ലേഖനം



കെ. വിഷ്ണുനാരായണൻ

# സ്ത്രീവിമോചനത്തിന്റെ അർത്ഥതലങ്ങൾ


ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചു എന്നു പറയുമ്പോഴും കേൾക്കുമ്പോഴും തോന്നുന്ന ഒരർത്ഥമുണ്ട്. ഭാരതം അസ്വാതന്ത്ര്യത്തിന്റെ തടവറയിൽ നിന്നു മോചിതയായി; രക്ഷപ്പെട്ടു എന്നൊക്കെയാണത്.

സ്ത്രീവിമോചനം എന്നു കേൾക്കുമ്പോഴും സ്ത്രീയുടെ വിമോചനം അഥവാ രക്ഷപ്പെടൽ എന്നൊക്കെയാണ് സാമാന്യമായിത്തോന്നുന്നത്. സ്ത്രീയ്ക്ക് ആരിൽ നിന്നാണ് വിമോചനം എന്ന ചോദ്യത്തിന് സ്ത്രീ ഭിന്നവർഗ്ഗത്തിൽ നിന്ന് എന്ന സമഷ്ട്യർത്ഥത്തിലും പുരുഷനിൽനിന്ന് എന്ന് വ്യഷ്ട്യർത്ഥത്തിലും ലഭിയ്ക്കുന്നു. സ്ത്രീ പുരുഷന്റെ തടവറയിലാണ് എന്ന സാമാന്യമായ ഒരർത്ഥതലത്തിൽ നാമെത്തിച്ചേരുന്നു.

സ്ത്രീവിമോചനം ഇന്ന് പരക്കെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. പ്രത്യേകിച്ച് സ്ത്രീബുദ്ധിജീവികൾ പെണ്ണിനുള്ള ഇടമേത് എന്ന സമഗ്രാന്വേഷണചർച്ചയിലാണ്.

പീഡിതമായ സ്ത്രീത്വത്തിന്റെ പുരുഷവിദ്വേഷം പുരുഷനിരാകരണം, വിഷയസ്വാതന്ത്ര്യം, ശാരീരികവും സാമൂഹികവുമായ ജീവിതത്തിന്റെ സ്വയംനിർണ്ണയാവകാശം സ്വവർഗ്ഗബന്ധം എന്നിങ്ങനെ ഫെമിനിസത്തിന് (സ്ത്രീവിമോചനവാദം) നീണ്ട അജണ്ടയാണുള്ളതെന്ന് ഡോ: നാൻസി ജയിംസ് അവരുടെ ഫെമിനിസം - സിദ്ധാന്തവും പ്രയോഗവും എന്ന നാതിദീർഘവും അർത്ഥവത്തുമായ ലേഖനത്തിൽ ഒരിടത്ത് സൂചിപ്പിയ്ക്കുന്നു.

ഇക്കാര്യത്തിൽ എവിടെയും എക്കാലത്തും സ്വീകാര്യമായ പൊതുനിർവചനമൊന്നും ഉണ്ടായിട്ടില്ലെന്നും അനുഭവങ്ങളുടെ സങ്കീർ ണ്ണതയാകാം അതിനു കാരണമെന്നും അവർ തുറന്ന മനസ്സോടെ സമ്മതിയ്ക്കുകയും ചെയ്യുന്നു. ഒപ്പം പടിഞ്ഞാറൻ സമൂഹത്തിൽ ഫെമിനിസ്റ്റ് വീക്ഷണം സൃഷ്ടിച്ച ലൈംഗികാരാജകത്വവും അവ തകർത്തുടച്ച കുടുംബഘടന യും സ്ത്രീസമൂഹദായത്തിന് ആത്യന്തികമായി വിമോചനം നൽകിയോ എന്ന പ്രസക്തമായ ഒരു ചോദ്യവും ചോദിയ്ക്കുന്നുണ്ട്.



സ്ത്രീയെക്കുറിച്ച് സംസാരിയ്ക്കുമ്പോഴും എഴുതുമ്പോഴും സ്ത്രീ സമൂഹത്തിനനുകൂലമായ ഒരു സാംസ്കാരികപ്രവർത്തനമാണ് നടക്കുന്നത്. ഒരു സാംസ്കാരികപ്രവർത്തനം പാളം തെറ്റിയാൽ അതു പ്രതീക്ഷിക്കാത്ത മറ്റൊരു പാളയത്തിലാണ് ചെന്നെത്തുകയെന്നും നമുക്കറിയാം. അതിനാൽ ഏതൊരു സാംസ്കാരിക പ്രവർത്തനത്തിന്റെയും ഫലം മോഷ്ടിയ്ക്കപ്പെടാതിരിക്കുവാൻ അസമയജാഗ്രത വേണമെന്നു പറയേണ്ടതില്ലല്ലോ!

സ്ത്രീ അസ്വതന്ത്രയാണെന്നും മോചനം അവർക്കന്യമാണെന്നും ഡോ. പി. ഗീത 'സ്ത്രീ സങ്കല്പം മതങ്ങളുടെ കാഴ്ചപ്പാടിൽ' എന്ന ലേഖനത്തിൽ പ്രതിപാദിയ്ക്കുന്നുണ്ട്. ഇക്കാര്യം സമർത്ഥിയ്ക്കുന്നതിനു വേണ്ടി ഡോ: വേദങ്ങളേയും മനുസ്മൃതിയേയും ഇതിഹാസത്തേയും ഒക്കെ കൂട്ടുപിടിയ്ക്കുന്നുണ്ട്. മനുസ്മൃതിയിലെ ശ്ലോകങ്ങളിൽ നിന്ന് ഒരെണ്ണം ലേഖനത്തിൽ കൊടുത്തിട്ടുമുണ്ട്.

പിതാ രക്ഷതി കൗമാരേ
ഭർത്താ രക്ഷതി യൗവനേ
പുത്രോ രക്ഷതി വാർദ്ധ്യക്യേ
ന സ്ത്രീ സ്വാതന്ത്ര്യമർഹതി.

പിതാവ് കൗമാരത്തിലും ഭർത്താവ് യൗവനത്തിലും പുത്രൻ വാർദ്ധക്യത്തിലും രക്ഷിയ്ക്കുന്നു. സ്ത്രീ സ്വാതന്ത്ര്യം അർഹിയ്ക്കുന്നില്ല എന്നാണ് ഈ ശ്ലോകത്തിന്റെ സാമാന്യമായ അർത്ഥം.



ഏതുതരത്തിലുള്ള വിഷയമായാലും അനുകൂലമായും പ്രതികൂലമായും വ്യാഖ്യാനിയ്ക്കുവാൻ ധാരാളം പഴുതുകളുണ്ടാവും. ഇതാകട്ടെ വ്യാഖ്യാതാവിന്റെ ഇഷ്ടാനിഷ്ടമനോധർമ്മാനുസൃതമായിരിയ്ക്കുമെന്നു മാത്രം!

മുൻ സൂചിപ്പിച്ച ശ്ലോകത്തിൽ രക്ഷതി എന്ന ക്രിയ ഓരോ വാക്യത്തിലും ചേർത്തുപയോഗിയ്ക്കുന്നുണ്ട്. രക്ഷിയ്ക്കുന്നു എന്നു ഈ ശ്ലോകത്തിൽ മൂന്നുതവണ പറഞ്ഞിട്ടുണ്ടെന്നർത്ഥം. എന്നാൽ ന അർഹതി എന്ന് (അർഹിയ്ക്കുന്നില്ല) അവസാനത്തെ വരിയിലേ ഉപയോഗിച്ചിട്ടുള്ളൂ. അതു സ്വാതന്ത്ര്യം എന്ന പദത്തിനടുത്ത് ഉപയോഗിച്ചിരിയ്ക്കുന്നു എന്നു മാത്രം.

ഇങ്ങനെ അച്ഛൻ, ഭർത്താവ്, മകൻ എന്നിവർ വിവിധഘട്ടങ്ങളിൽ മകളെന്ന നിലയിലും, ഭാര്യയെന്ന നിലയിലും അമ്മയെന്ന നിലയിലും സ്ത്രീയെ രക്ഷിക്കുന്നു എന്നു പ്രത്യേകമായി എടുത്തുപറയുന്നതിനെ അവഗണിച്ചുകൊണ്ട് അവസാനപാദത്തിന്റെ അർത്ഥം മാത്രമെടുത്ത് വ്യാഖ്യാനിയ്ക്കുന്നതിലെ ഔചിന്ത്യമെന്താണ്? ഇതെങ്ങനെയാണ് കുറുക്കന്റെ കൈയിൽ കോഴിയെ രക്ഷിയ്ക്കുവാൻ വേണ്ടി ഏല്പിക്കുന്ന ഏർപ്പാടാവുക? ആയിരുന്നെങ്കിൽ മനുസ്മൃതിയ്ക്ക് വ്യാഖ്യാനമെഴുതിയ കുല്ലുകാചാര്യൻ മാതരം അരക്ഷൻ പുത്രഃ നിന്ദ്യഃ സ്യാത് (മാതാവിനെ രക്ഷിക്കാത്ത പുത്രൻ സർവരാലും നിന്ദ്യനായിരിയ്ക്കും) എന്ന് തറപ്പിച്ചു പറയുമായിരുന്നില്ലല്ലോ!

നിയമനിർമ്മാണം കവിതയിലൂടെയാകുമ്പോഴുള്ള ഒരു പിശകായിട്ടെങ്കിലും ഇതിനെ കണ്ടാൽ മതിയായിരുന്നില്ലേ? ഇതു പറയുമ്പോൾ മനുസ്മൃതിയിൽ പറയുന്ന കാര്യങ്ങൾ മുഴുവൻ ശരിയാണെന്നർത്ഥമില്ല. പക്ഷേ ഈ ശ്ലോകത്തിൽ ഡോ: ഗീത വ്യാഖ്യാനിയ്ക്കുന്നതുപോലുള്ള ദുസ്സൂചനയില്ല. അതുറപ്പ്.

ഒരു വ്യാഖ്യാനം പൂർണമാകണമെങ്കിൽ പ്രത്യേകം തെരഞ്ഞെടുത്ത വാക്കുകളോ വാക്യമോ പോര. അതിനുമുമ്പും പിമ്പും പറഞ്ഞ കാര്യങ്ങൾ (പ്രത്യേകിച്ച് ഒറ്റ ശ്ലോകമാകുമ്പോൾ) ചേർത്തുവച്ചു വായിക്കേണ്ടതല്ലേ?

പിതാവ്, ഭർത്താവ്, മകൻ എന്നിവർ സ്ത്രീയുടെ പ്രത്യേക കാലഘട്ടത്തിൽ ഇടപെടണമെന്നും രക്ഷിയ്ക്കണമെന്നും പറയുന്നതിൽ എന്താണുതെറ്റ്? പിതാവിന്





സ്ത്രീ മകളാണ്. ഭർത്താവിന് ഭാര്യയാണ്; മകന് അമ്മയാണ്. ജീവിതത്തിന്റെ പ്രത്യേക കാലയളവിൽ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്ന സ്ത്രീയെ രക്ഷിയ്ക്കേണ്ടത് ആരുടെ ചുമതലയാണ്?

സ്ത്രീസ്വാതന്ത്ര്യത്തിന്റെ നിഷേധപ്രദർശനത്തിന് ഇതിഹാസങ്ങളേയും കൂട്ടുപിടിയ്ക്കുന്നുണ്ട്. ഒരു ചോദ്യത്തിന് ഉത്തരവുമാകാം തർക്കുത്തരവുമാകാമെന്നതുപോലെ അന്വേഷിയ്ക്കുന്നവർക്ക് അന്വേഷിയ്ക്കുന്നത് കണ്ടെത്തുമെന്നത് വളരെ വാസ്തവം. ഇതിഹാസത്തിൽ ലേഖിക കണ്ടെത്തണമെന്ന് കരുതിയതു കണ്ടു; കാണാതെ പോയതും ചിലതുണ്ട് എന്നു നാം മനസ്സിലാക്കേണ്ടതുണ്ട്.

അല്ലെങ്കിൽ രാമായണത്തിൽ ശ്രീരാമൻ കാട്ടിലേയ്ക്ക് പോകുവാൻ കാരണമെന്താണ്. മന്ഥരയുടെ കുബുദ്ധിയും കൈകേയിയുടെ അത്യാഗ്രഹവും അധികാരമോഹവുമല്ലേ?

സീത എന്തു പ്രയാസം സഹിച്ചും ശ്രീരാമനോടൊപ്പം പോകാൻ തയ്യാറായില്ലേ? ഊർമ്മിളയോ?

കൈകേയിയോ സീതയോ മറ്റൊരുതരത്തിൽ ചിന്തിച്ചിരുന്നുവെങ്കിൽ രാമായണത്തിന്റെ സ്ഥിതി എന്താകുമായിരുന്നു? എന്തിനും ഒരു കാരണം, ഒരു ന്യായം കർക്കടമാസവായനക്കാർക്കുണ്ടാകാമെന്നത് വേറെ കാര്യം.

ഫെമിനിസത്തിന്റെ ആദ്യരംഗം അരങ്ങേറിയത് ഏദേൻ തോട്ടത്തിലാണെന്ന് ഡോ: നാൻസി ജയിംസ് പറയുന്നത് അവിശ്വസിയ്ക്കേണ്ട കാര്യമില്ല. ഹവ്വാമാതാവിന് ശിക്ഷ ഏറ്റുവാങ്ങേണ്ടതായി വന്നത് ദൈവം പുരുഷനായതിനാലാണ് എന്നവർ തുടർന്നുപറയുന്നു. എങ്കിൽ ഏതേൻ തോട്ടത്തിൽ നിന്ന് കാരണക്കാരിയായ ഹവ്വാമാതാവിനെ മാത്രം പറഞ്ഞയച്ചാൽ പോരായിരുന്നോ? ആദിമനുഷ്യനും ഇണ്ണാമിണ്ണനുമായ ആദാമിനെക്കൂടി പറഞ്ഞയച്ചതെന്തിന്?

അഥവാ ദൈവം പറഞ്ഞയച്ചതല്ലെന്നു കരുതുക. എങ്കിൽ ഹവ്വാമാതാവിനോടൊപ്പം ഇറങ്ങിപ്പോരുകയല്ലേ അദ്ദേഹം ചെയ്തത്? എന്തായാലും ഇക്കാര്യത്തിൽ 'പുരുഷനായ' ദൈവമോ, ഇണ്ണാമിണ്ണനായ ആദാമോ ആരാണ് കഠിനമായി പ്രവർത്തിച്ചതെന്ന് പറയാൻ കഴിയില്ല ദൈവം ആണായിരുന്നുവെങ്കിൽ ആദാമിനെ പറഞ്ഞയക്കില്ലായിരുന്നു. അങ്ങനെ ആകുമ്പോഴല്ലേ പുരുഷൻ സ്ത്രീവിദ്വേഷിയായിത്തീരുന്നത്. ഒപ്പം പുരുഷസ്നേഹവും ആയിത്തീരുന്നത്.

ആദാം ഇഷ്ടപ്രകാരം ഇറങ്ങിപ്പോന്നതാണെങ്കിൽ ആദാം ഹവ്വാമാതാവിനോടുള്ള ഇഷ്ടം കൊണ്ടല്ലേ അങ്ങനെ പ്രവർത്തിച്ചത്? (ദൈവം പുരുഷനാണോ സ്ത്രീയാണോ അതു അതിൽനിന്ന് ഭിന്നമാണോ എന്ന ചർച്ച തന്നെ മറ്റൊരുതലത്തിൽ നടത്തേണ്ടതാണെന്നത് മറ്റൊരു കാര്യമാണ്) എങ്കിൽ പുരുഷവർഗ്ഗത്തെ മുഴുവൻ ഒരേ കണ്ണോടെ നോക്കിക്കാണുന്നതു ശരിയാണോ?

തെറ്റിദ്ധരിയ്ക്കരുതേ! ഇണ്ണാമിണ്ണൻ എന്നത് ആധുനിക സമൂഹം നല്ല കുട്ടികൾക്ക് കൊടുക്കുന്ന നല്ലൊരു വിശേഷണമാണ്. നല്ല കുട്ടികൾ മുതിർന്നവർ പറയുന്നതെന്തും അതേപടി കേൾക്കുന്നവരും അനുസരിയ്ക്കുന്നവരുമാണ്. അവർക്ക് ശരിയും തെറ്റും മുതിർന്നവർ പറയുന്നതാണ്.



മുതിർന്നവർ പറയുന്നതപ്പാടെ അനുസരിയ്ക്കാതെ പറഞ്ഞതിന്റെ പൊരുളെന്തെന്നറിയുവാൻ ഇതിനുവിപരീതമായി പ്രവർത്തിയ്ക്കുന്ന കുട്ടികളും സമൂഹത്തിലുണ്ട്. അത്തരത്തിലുള്ള കുട്ടികൾ അവർക്ക് വാങ്ങിക്കൊടുക്കുന്ന റബ്ബർപന്തിൽ തുളയുണ്ടാക്കി പന്തിനുള്ളിൽ എന്താണെന്നന്വേഷിയ്ക്കും. വീട്ടിലുള്ള ഘടികാരം, ടി.വി., വാഷിംഗ്

മെഷീൻ തുടങ്ങിയവ അനുവാദമില്ലാതെ അഴിച്ചുനോക്കിയെന്നിരിയ്ക്കും. അവരാണ് നാളെയുടെ മെക്കാനിക്കുകൾ! ഹവ്വാ മാതാവ് ഇങ്ങനെ അനുസരണമില്ലാത്തവരുടെ കൂട്ടത്തിൽപ്പെടുന്നു. അതുകൊണ്ടാണ് വിലക്കപ്പെട്ട കനിയിലേയ്ക്ക് അവരുടെ ദൃഷ്ടികൾക്കൊപ്പം കൈകളും നീണ്ടുപോയത്.

അനുസരണമുള്ള കുട്ടികൾ ഒന്നും തുറന്നുനോക്കുകയില്ല. തൊടുകപോലുമില്ല. ഫലം അവർ ഒന്നും സ്വന്തമായി ചെയ്യാൻ കഴിയാത്തവരായിത്തീരുന്നവരാകുന്നു. ആദാം എല്ലാം അനുസരിയ്ക്കുവാൻ തയ്യാറായ ദൈവത്തിന്റെ (പിതാവിന്റെ) നല്ല കുട്ടിയായിരുന്നു. അങ്ങനെയാണ് ആദാമും ചരിത്രത്തിൽ ഇണ്ണാമിണ്ങ്ങന്മാരുടെ പട്ടികയിൽ പെടുന്നത്.

എന്നിട്ടും ആദാം ഹവ്വാമാതാവിനൊപ്പം വിലക്കുകളില്ലാത്ത വിശാലതയിലേയ്ക്ക് ഇറങ്ങിത്തിരിയ്ക്കുന്നു. ആദാമിന് ഹവ്വാ മാതാവിനോടുള്ള അവാച്യമായ മാനസികൈക്യത്തിന് എന്തുപേരാണ് നാം വിളിയ്ക്കുക? ശ്രീരാമന് സീതയോടും ഇത്തരമൊരൈക്യം ഉണ്ടായിരുന്നതായി സുന്ദരകാണ്ഡത്തിൽ കവി സൂചിപ്പിയ്ക്കുന്നു.

യസ്യാം രാമഃ മനഃ തസ്മിൻ
തസ്യ ചാസ്യാം പ്രതിഷ്ടിതം
തേനേയം സഃദ്ധർമ്മാത്മാ
മുഹൂർത്തമപി ജീവതി.

രാമായണത്തിലും മഹാഭാരതത്തിലും എന്തിന് ചരിത്രത്തിൽ പോലും പുരുഷനേയും സ്ത്രീയേയും പ്രത്യേകമായി പ്രതികൂട്ടിൽ നിർത്താൻ പറ്റാവുന്നതും, അതുപോലെ പരസ്പരപൂരകങ്ങളായി പ്രപഞ്ചശക്തിയായി വാഴ്ത്തുന്നതുമായ ധാരാളം സന്ദർഭങ്ങളുണ്ട്.



പക്ഷേ നമ്മുടെ ചർച്ചകൾ പുരുഷനെ സ്ത്രീയുടെ പൊതുശത്രുവായിക്കാണുന്ന ഒരു ദുഷ്ടസമീപനത്തിലേയ്ക്കാണ് പലപ്പോഴും വഴുതി വീഴുന്നതെന്ന് കാണാതെ വയ്യ. സ്വാലീപുലാകന്യായേന വ്യക്തിജീവിതത്തിൽ പറ്റിപ്പോയ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പുരുഷന്മാരും ശത്രുക്കളാണെന്ന ധാരണയാണോ ഇതിനു കാരണം? എന്തായാലും ഫെമിനിസം കൂടുതൽ തലങ്ങളിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയമായി മാറുന്നു.

ബുദ്ധിജീവികൾക്ക് ഇഷ്ടം പോലെ അമ്മാന മാടാനും സാധാരണക്കാരായ ആളുകൾക്ക് പരസ്പരം വിദ്വേഷം വളർത്താനുമുള്ള ഒരു വിഷയമായിമാറുമ്പോൾ ശ്രദ്ധിയ്ക്കപ്പെടാതെപോകുന്ന ഒരുപാടു നഗ്നസത്യങ്ങളുണ്ട്. ഇത് മോസ്കോ വനിതാ ന്യൂസ്റീഡർ കാണിച്ചുതരുന്ന നഗ്നസത്യമല്ല. മറിച്ച് പെറ്റുവീണ കുഞ്ഞിനെപ്പോലുള്ള ഒരു നഗ്നസത്യമാണത്.

സ്ത്രീയും പുരുഷനും ലിംഗവ്യത്യാസത്തിന്റെ പേരിൽ പരസ്പരം മല്ലടിയ്ക്കേണ്ടവരല്ല; പ്രത്യുത ശരിയും തെറ്റും മനസ്സിലാക്കി ആവശ്യവും അനാവശ്യവും മനസ്സിലാക്കി പരസ്പരധാരണയോടെ അനീതിയ്ക്കെതിരെ അതുല്യത്യയ്ക്കെതിരെ അണിനിരന്നതാണെന്ന നഗ്നസത്യം നാം മനസ്സിലാക്കണം.

സാധാരണക്കാരായ സ്ത്രീപുരുഷന്മാരെ സംബന്ധിച്ചിടത്തോളം ഇത്തരം പ്രശ്നമൊന്നും അവർ ചിന്തിയിക്കുന്നില്ലെന്നു വേണം വിചാരിയ്ക്കുവാൻ. അസ്വാതന്ത്ര്യം എന്നത് സമയക്കുറവാണെന്നും ഇവ പരിഹരിയ്ക്കാൻ ആധുനിക ഗൃഹോപകരണങ്ങൾക്കാവുമെന്നും ഇവ വാങ്ങിത്തരാത്തത് സ്ത്രീവിമോചനവിരുദ്ധരാണെന്നും ആധുനിക സാമ്പ

(ശേഷം പേജ് 27)



കഥ

എം.സി. ഷാജി പീതാംബരൻ



# സ്നേഹതീരത്തേക്കുള്ള വഴിവിളക്ക്

**സാ**യാഹ്ന സൂര്യന്റെ കിരണങ്ങൾ ചുവന്ന വർണങ്ങൾ വാരിയെറിയാൻ തുടങ്ങി. നഗരം കൂടുതൽ തിരക്കിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഉദ്യോഗസ്ഥരും വിദ്യാർഥികളും മറ്റു ജോലിക്കാരെല്ലാവരും വേഗത്തിൽ വീടുകളിലെത്താനുള്ള പാച്ചിലാണ്. ഈ തിരക്കിൽ നിന്നെല്ലാം ഒഴിഞ്ഞു മാറി അയാൾ നഗരത്തിലെ പുൽമൈതാനത്തിലേക്ക് നടന്നു.

നഗരത്തിനു നടുവിലെ പച്ചപ്പട്ടണിഞ്ഞ വിശാലമായ മൈതാനം അതിന് ചുറ്റം പടർന്ന് പന്തലിച്ച മരക്കൂട്ടങ്ങൾ . താഴെ വർണമനോഹരമായി പൂക്കൾ നിറഞ്ഞു നിൽക്കുന്ന കുറ്റിച്ചെടികൾ. ഇവയോട് ചേർന്ന് വിശാലമായികിടക്കുന്ന കുളം . കുളത്തിനരികിൽ ആളുകൾക്ക് ഇരിക്കാനായി കൽബെഞ്ചുകൾ. നഗര മധ്യത്തിലാണെങ്കിലും ഗ്രാമീണ ശാന്തത തളം കെട്ടി നിൽക്കുന്നിടം.

അയാൾ ആ മൈതാനത്തിന്റെ ആളൊഴിഞ്ഞ മൂലയിൽ ചെന്നിരുന്ന് അവിടേക്ക് പ്രവേശിക്കുന്ന ആളുകളെ വെറുതെ ശ്രദ്ധിക്കാൻ തുടങ്ങി. വിഭിന്ന തരക്കാരായ ആളുകൾ. പലരും പല പ്രായക്കാർ. ചിലർ നവദമ്പതിമാരാണെന്ന് മടിയിൽ തല വെച്ചു കിടക്കുന്നതു കണ്ടാലറിയാം. ചിലർ കാമുകീകാമുകൻമാരാണ് – മൈതാനത്ത് സ്വൈര്യമായിരുന്നു കിന്നാരം പറയുകയാണ്. ചിലർ ബാഗിൽ നിന്നും പുസ്തകമെടുത്ത് അതിൽ മുഴുകിയിരിക്കുന്നു. ആർക്കും ആരെയും പരിചയമില്ല. എല്ലാവർക്കും അവരുടേതായ ലോകം മാത്രം.

ഇങ്ങനെ എല്ലാവരെയും വീക്ഷിച്ചുകൊണ്ടിരുന്ന അയാളുടെ മിഴികൾ പെട്ടന്ന് അവിടേക്കു വന്ന സുന്ദരിയായ പെൺകുട്ടിയിൽ തങ്ങി ഒരു നിമിഷം നിശ്ചലമായി.

മഞ്ഞപ്പാവാടയും കുപ്പായവുമായിരുന്നു അവളുടെ വേഷം. നിതംബത്തോളമെത്തുന്ന അഴിച്ചിട്ട അവളുടെ മുടികളിൽ തുളസിക്കതിർ തിരുകിവെച്ചിട്ടുണ്ട്. നിലാവുപോലെ സുന്ദരമായ അവളുടെ മുഖം മുഖത്തെ നെറ്റിത്തടത്തിലെ ചന്ദനം അവളുടെ മുഖം കൂടുതൽ പ്രകാശമാക്കിയിരുന്നു.

തിരക്കുള്ള മൈതാനത്തു നിന്നും അവൾ നേരെ അയാളിരുന്ന ആളൊഴിഞ്ഞ ഭാഗത്തേക്കു വന്നു. പിന്നെ അയാളെയും കടന്നുകൊണ്ട് കുളത്തിനരികിലെ കൽബെഞ്ചിൽ ചെന്നിരുന്ന് കുറേ നേരം ആകാശത്തിലേക്ക് നോക്കി നിന്ന ശേഷം ഒരു ദീർഘനിശ്വാസത്തോടെ ബാഗിൽ നിന്നും കടലാസെടുത്ത് അതിൽ എന്തോ എഴുതുന്നത് അയാൾ നോക്കിയിരുന്നു.

പെട്ടന്ന് അന്തരീക്ഷമാകെ മാറി. അതുവരെ ശാന്തമായിരുന്ന കാറ്റ് ശക്തമായി വീശാൻ തുടങ്ങി. ആ കാറ്റിൽ അവൾ എഴുതികൊണ്ടി

രുന്ന കടലാസ് വായുവിൽ നൃത്തം വെച്ചുകൊണ്ട് അയാളുടെ അരികിൽ വന്നു വീണു. വെറുതെ അവളെഴുതിയത് എന്താണെന്നറിയാനുള്ള ആകാംക്ഷയാൽ അയാൾ അതെടുത്ത് വായിച്ചു .

പ്രിയപ്പെട്ട അച്ഛന്,

എന്നെ ഇവിടെ നിന്നും പറഞ്ഞയക്കാൻ നിങ്ങൾ പ്രയാസപ്പെടണമെന്നില്ല. ഞാൻ ആർക്കും ഒരു ശല്യമാവില്ല. ആരുടെ ജീവിതത്തിനും ഒരു തടസ്സമാവില്ല. ഈ ലോകത്തു നിന്നും എന്നെന്നേക്കുമായി യാത്രയാവുകയാണ്. ഈ എഴുത്ത് നിങ്ങളുടെ കൈകളിലെത്തുമ്പോഴേക്കും ഈ മകൾ ആകാശത്തിലെ അനന്തകോടി നക്ഷത്രങ്ങളിൽ ഒന്നായിട്ടുണ്ടാവും. അവസാനമായി ഒരിക്കൽ കൂടി യാത്ര ചോദിക്കുന്നു.

എന്ന്
ദീപ

തന്റെ ഉള്ളിലുള്ള രഹസ്യം മറ്റൊരാൾ അറിഞ്ഞതിലുള്ള ജാള്യതയോടെ അവൾ ആ എഴുത്തിനായി അയാളുടെ മുമ്പിൽ വന്ന് കൈ നീട്ടി. അപ്പോൾ അയാൾ ചോദിച്ചു.

കുട്ടി.... കുഞ്ഞു നാളിൽ മരിച്ചുപോയ എന്റെ അനുജത്തി ഉണ്ടായിരുന്നെങ്കിൽ ഇന്ന് നിന്റെയീ പ്രായം കാണും. എപ്പോഴും ഉണ്ണിയേട്ടാ ഉണ്ണിയേട്ടാ എന്നു വിളിച്ച് എന്റെയടുത്തു വന്ന് പരിഭവം പറയാറുള്ള എന്റെ ചിന്നുമോളുടെ സ്ഥാനത്ത് ഒരു നിമിഷം നിന്നെ കണ്ടോട്ടെ. എന്നിട്ട് ഒരേട്ടന്റെ സ്വാതന്ത്ര്യത്തോടെ ചോദിക്കട്ടെ. എന്തിനാണ് മോളെ ജീവിതത്തിൽ നിന്നും ഈ ഒളിച്ചോട്ടം.

അവളുടെ നിറഞ്ഞ മിഴികൾ ഒരു നിമിഷം അയാളിൽ തന്നെ തറച്ചു നിന്നു. ജീവിതത്തിൽ എത്രയോ പെരെ കണ്ടിട്ടുണ്ട്. പരിചയപ്പെട്ടിട്ടുണ്ട്. പലരും അടുപ്പം കാട്ടാൻ ശ്രമിച്ചത് തന്റെ സൗന്ദര്യം കൊണ്ടു മാത്രമാണ് പക്ഷേ ആദ്യമായാണ് ഒരു സഹോദരന്റെ സ്നേഹത്തോടെ മനസ്സിന്റെ അടിത്തട്ടിൽന നിന്നും ഇങ്ങനെയൊരു ചോദ്യം കേൾക്കുന്നത്. ആ ആത്മാർത്ഥമായ ചോദ്യത്തിന് മുമ്പിൽ അവൾക്ക് മറുപടി പറയാതിരിക്കാൻ കഴിഞ്ഞില്ല.

ഒരു ഭാഗ്യം കെട്ടവളാണ് ഞാൻ. എനിക്ക് ഒരു വയസ്സുള്ളപ്പോൾ അമ്മ മരിച്ചു. പിന്നെ ആകെ ഉണ്ടായിരുന്നത് അച്ഛനാണ്. ഡോക്ടർ ശേഖർദാസ്. ആ അച്ഛനും ഇപ്പോഴെന്ന വേണ്ടാതായി. അവളുടെ കണ്ണുകളിൽ നിന്ന് നീർച്ചാലുകൾ ഒലിച്ചിറങ്ങി. മാറിടമാകെ നനഞ്ഞു കുതിർന്നു.

ആകാംക്ഷ മനസ്സിലേക്ക് തികട്ടി വന്നപ്പോൾ അറിയാതെ അവളുടെ ദുഃഖത്തിന്റെ കാരണമറിയാൻ ചോദിച്ചുപോയി.

ഉം അതെന്തേ?.

ഒരു പളുങ്കു പാത്രത്തിലിട്ട പരൽ മീനിനെ പോലെ തുടിക്കുന്ന അവളുടെ കണ്ണുകൾ ഒരു നിമിഷം ഒന്നു നിശ്ചലമായി. ജീവിതത്തിലെ സകല പ്രതീക്ഷകളും നഷ്ടപ്പെട്ടവളെ പോലെ അവളെന്നെ ഒന്നു നോക്കി.

മെഡിസിൻ കഴിഞ്ഞ എനിക്ക് ഇവിടെ തന്നെ ഡോക്ടറായി പ്രാക്ടീസ് ചെയ്യണം എന്നായിരുന്നു ആഗ്രഹം. പക്ഷെ ഇംഗ്ലണ്ടിൽ നിന്നും എനിക്കു കിട്ടിയ സ്കോളർഷിപ്പ് പ്രയോജനപ്പെടുത്തണമെന്ന് അച്ഛന് ഒരേ നിർബന്ധം. അതിനാൽ നാളെ തന്നെ യാത്ര തിരിക്കണമെന്ന് അച്ഛൻ കർശനമായി പറഞ്ഞിരിക്കാ.

ഓ!. നീയെന്താണ് കുട്ടി പറയുന്നത്. നിന്നോടുള്ള സ്നേഹം കൊണ്ടല്ലേ നിന്നെ പഠിക്കാനയക്കുന്നത് സന്തോഷിക്കുകയല്ലേ വേണ്ടത്.

സന്തോഷം. അവിടെയാണ് നിങ്ങൾക്കു തെറ്റു പറ്റിയത്. പരിഭവത്തോടെ അവൾ പറഞ്ഞു.

എന്റെ ഉയർച്ച ആഗ്രഹിച്ചല്ല അച്ഛനെന്നെ പറഞ്ഞയക്കുന്നത് പകരം എന്നെ ഒഴിവാക്കി അച്ഛന് ഒരു പുതിയ കല്യാണം കഴിക്കാനാണ്.

കല്യാണം കഴിക്കാനോ?. നിന്നെ പോലെ വിവാഹ പ്രായമെത്തിയ മകളുണ്ടായിട്ടും ഈ വയസ്സുകാലത്ത് കല്യാണം കഴിക്കോ?. എനിക്ക് തീരെ വിശ്വസിക്കാൻ കഴിയുന്നില്ല. അയാൾ സംശയം പ്രകടിപ്പിച്ചു.

ശരിയാണ് എനിക്കും ആദ്യം വിശ്വാസമായിരുന്നില്ല. കാരണം അത്രയേറെ അച്ഛനെന്നെ സ്നേഹിച്ചിരുന്നു. അമ്മ മരിച്ചപ്പോൾ പലരും അച്ഛനോട് ഒരു പുതിയ വിവാഹം കഴിക്കാൻ പറഞ്ഞതാ, പക്ഷേ പുതുതായി വരുന്ന ഭാര്യക്ക് തന്റെ മകളെ സ്നേഹിക്കാൻ കഴിയില്ലെന്ന് പറഞ്ഞ് അച്ഛനതെല്ലാം തട്ടിമാറ്റി എനിക്ക് വേണ്ടി മാത്രം ജീവിക്കുകയായിരുന്നു.

അങ്ങിനെയുള്ള അദ്ദേഹത്തിന് പെട്ടെന്നെന്തായിരുന്നു ഒരു മാറ്റം?.

ഗദ്ഗദം കൊണ്ടവളുടെ വാക്കുകൾ നേർത്തു. ഈ അടുത്ത കാലം വരെ ഞങ്ങൾ പരസ്പരം സ്നേഹത്തോടെയാണ് കഴിഞ്ഞത്. എന്നാൽ പെട്ടന്ന് അച്ഛനിൽ ചില മാറ്റങ്ങൾ വന്നു തുടങ്ങി. എന്നോട് ഒരകലം പാലിക്കാൻ തുടങ്ങി. അവൾക്ക് ആരോടോ പകയുള്ളതു പോലെ അവളുടെ കണ്ണുകൾ ഒന്നു വിടർന്നു. മുഖമൊന്നു വലിഞ്ഞു മുറുകി കൊണ്ട് വീണ്ടും പറഞ്ഞു തുടങ്ങി. ഹോസ്പിറ്റലിൽ അച്ഛന്റെ കൂടെ വർക്കു ചെയ്യുന്ന ലേഡി ഡോക്ടറെ ചേർത്ത് പലരും പല കഥകളും പറയാറുണ്ട്. ആദ്യമൊന്നും ഞാനതത്ര കാര്യമാക്കിയില്ല. പക്ഷേ പിന്നീട് എനിക്കും അത് ബോധ്യമായി തുടങ്ങി. വീട്ടിൽ പരിശോധനക്ക് വരുന്ന രോഗികളെ അച്ഛൻ നോക്കാതായി. പലരെയും മറ്റു ഡോക്ടർമാരുടെ അടുത്തേക്ക് പറഞ്ഞയച്ചു. വീട്ടിൽ രോഗികൾ വരാതെയായി. പകരം ആ സ്ത്രീ എന്റെ വീട്ടിലെ നിത്യ

സന്ദർശയായി.

ഇന്നലെ ക്ലാസു കഴിഞ്ഞ് ഞാൻ വീട്ടിലേക്ക് കയറുന്ന സമയത്ത് രോഗിയായ ഒരു കുഞ്ഞിനെയുമെടുത്ത് കരഞ്ഞ് ഒരമ്മ എന്റെ വീട്ടിൽ നിന്നും ഇറങ്ങി വരുന്നതു കണ്ടു കാര്യമന്വേഷിച്ചപ്പോൾ ഒരു മകൾക്ക് അച്ഛനെക്കുറിച്ച് പറയാൻ കൊള്ളാവുന്ന വാക്കുകളല്ല ആ സ്ത്രീ എന്നോട് പറഞ്ഞത്. അവളുടെ മനസ്സിൽ അമർഷം നുരഞ്ഞു പൊന്തി തൊണ്ടയിൽ വാക്കുകൾ കുരുങ്ങി. പ്രയാസത്തോടെ വാക്കുകൾക്ക് വേണ്ടി അവളൊന്നു പുളഞ്ഞു.

അവർ പറഞ്ഞു. കുറേനേരമായി ഡോക്ടറെ കാത്തിരിക്കുന്നു. പക്ഷേ അദ്ദേഹം അകത്ത് ആ ലേഡി ഡോക്ടറുമായി കിന്നാരം പറഞ്ഞിരിക്കാ. ഇനിയും ഇവിടെ നിന്നാൽ എനിക്കെന്റെ കുട്ടി നഷ്ടപ്പെടും.

അച്ഛനോടുള്ള വിദ്വേഷം ഉള്ളിലൊതുക്കി വീട്ടിലെത്തിയ എന്നെ കണ്ടപാടെ എന്തോ ഒളിക്കുന്ന പോലെ അച്ഛനൊരു പരുങ്ങൽ. എന്റെ മുഖത്തെ അനിഷ്ടം കണ്ടിട്ടാവാം ആ സ്ത്രീ അപ്പോൾ തന്നെ അവിടെ നിന്നും ഇറങ്ങിപ്പോയി. അപ്പോൾ ഒരു കുറ്റവാളിയെ പോലെ മുഖത്തു നോക്കാതെ അച്ഛനെന്നോടു പറഞ്ഞു.

നിനക്ക് ഇംഗ്ലണ്ടിൽ പോവാനുള്ള എല്ലാ എറേഞ്ച്മെന്റും ചെയ്തിട്ടുണ്ട്. അതിനാൽ നാളെ തന്നെ പോവാൻ തയാറായി കൊള്ളൂ.

ഞാനെവിടേക്കും പോണില്ല. എന്നെയാരും പറഞ്ഞയക്കുകയും വേണ്ട.

അത് നീയല്ല തീരുമാനിക്കേണ്ടത്. ഞാനാണ്. നിന്നെയിനീ ഇവിടെ നിറുത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

ഇതുവരെ കാണാത്ത ഒരു ഭാവത്തോടെയാണ് അച്ഛൻ അപ്പോൾ സംസാരിച്ചിരുന്നത്. അത് കണ്ടപ്പോൾ അമർഷത്തോടെ എനിക്കും പറയേണ്ടി വന്നു.

ഓ അതു ശരി. അപ്പോൾ എന്നെ പറഞ്ഞയച്ച് ഇവിടെ നിന്ന് ഇപ്പോൾ ഇറങ്ങിപ്പോയ ആ സ്ത്രീയെ കൂടെ പൊറുപ്പിക്കാനാവും ഉദ്ദേശ്യം.

അതെ അതു തന്നെയാണ് ഉദ്ദേശ്യം. ഇത്രയും കാലം ഞാൻ നിനക്കു വേണ്ടി ജീവിച്ചു. ഇനിയെങ്കിലും എനിക്കൊന്നു ജീവിക്കണം. തള്ളക്കോഴി കുഞ്ഞുങ്ങളെ ചിറകിനുള്ളിൽ വെച്ചു വളർത്തും. എന്നാൽ പ്രായമായിക്കഴിഞ്ഞാൽ കോഴി തന്നെ കുഞ്ഞുങ്ങളെ കൊത്തിപ്പറത്തും. അതേ പോലെ നിനക്കു പ്രായപൂർത്തിയായി. ഇനി നിന്റെ കാര്യങ്ങൾ നീ തന്നെ നോക്കണം. നീ ഇംഗ്ലണ്ടിൽ പോയാലും ഞാനിവിടെ തനിച്ചാവില്ല. നാളെ മുതൽ ആ ഡോക്ടറിവിടെ താമസം തുടങ്ങുകയാണ്. അതിനാൽ നാളെ തന്നെ പോവാൻ തയാറായിക്കൊള്ളൂ എന്ന് പറഞ്ഞ് അച്ഛൻ ഇറങ്ങിപ്പോയി.

അന്നു രാത്രി മുഴുവൻ ഞാൻ ഉറങ്ങിയില്ല. മനസ്സിൽ ദുഃഖത്തിന്റെ ഓളങ്ങളായിരുന്നു. ചിന്തകളുടെ പെരുമഴയായിരുന്നു. എത്ര ശ്രമിച്ചിട്ടും ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. ഒടുവിൽ ഒരു തീരുമാനമെടുത്തു. ഞാൻ മൂലം അച്ഛന് പുതിയൊരു ജീവിതമില്ലാതാവരുത് അതിന് ഞാൻ തന്നെ ഇല്ലാതാവുന്നതാണ് നല്ലതെന്ന്.

ഉള്ളിലെ ദുഃഖത്തിന്റെ ബാഹ്യ കാഴ്ചയായ കണ്ണുനീർ തുടച്ചു കൊണ്ട് അവൾ പറഞ്ഞു നിറുത്തി.

അപ്പോൾ അയാൾ അവളെഴുതിയ കടലാസ് പല തുണ്ടാക്കി എറിഞ്ഞുകൊണ്ട് സ്നേഹത്തോടെ അവളുടെ അരികിലേക്ക് ഒന്നു കൂടെ ചേർന്നുകൊണ്ടു പറഞ്ഞു.

നോക്കു കൂട്ടി, ആ തോട്ടത്തിലേക്ക്. നിറയെ മൊട്ടിട്ടു നിൽക്കുന്ന ആ പൂമൊട്ടുകൾ കണ്ടോ?. അതു വിരിയുന്നതും കാത്ത് വട്ടമിട്ടു പറക്കുന്ന പൂമ്പാറ്റകളെ നോക്കൂ. ഇപ്പോൾ പോയി ആ മൊട്ടുകൾ ഒടിച്ചു കളയുന്ന ക്രൂരതയൊന്നോർത്തു നോക്കൂ. അതേ പോലെ വിടരാൻ പോവുന്ന പൂമൊട്ടാണ് നീയും. നീയൊരു വലിയ ഡോക്ടറാവേണ്ടത് അച്ഛനു വേണ്ടിയല്ല ഈ സമൂഹത്തിന് വേണ്ടിയാണ്. വിശന്നു വരുന്ന വണ്ടിനും പാറ്റക്കും കുഞ്ഞിക്കിളികൾക്കും തേൻ കൊടുക്കുന്ന പൂവിനെ പോലെ ചികിത്സ തേടിയെത്തുന്ന പാവപ്പെട്ടവർക്കു തേനാകുന്ന മരുന്നു നല്കി നീയവരെ ജീവിതത്തിലേക്ക് കൊണ്ടുവരണം. അതിനാൽ മനസ്സിലെ വേണ്ടാത്ത ചിന്തകളെല്ലാം മാറ്റി പോയി മിടുക്കിയായി മടങ്ങി വരൂ. അച്ഛൻ നിന്നെ ഉപേക്ഷിച്ചെങ്കിലും നിനക്ക് ഈ ഏട്ടനുണ്ട്. എന്റെ കൂടെ വീട്ടിലേക്ക് വരൂ. അവിടെ സ്നേഹിക്കാൻ മാത്രമറിയുന്ന ഡോക്ടറായ എന്റെ അമ്മയുണ്ട്. ഞങ്ങൾക്ക് നഷ്ടപ്പെട്ട ഞങ്ങളുടെ ചിന്നുമോളെ പോലെ നിനക്കവിടെ കഴിയാം.

അനുസരണയുള്ള അനുജത്തിയെ പോലെ അയാളുടെ കൂടെ വീട്ടിലേക്ക് കയറുമ്പോൾ അവളുടെ മനസ്സിൽ ദുഃഖങ്ങളെല്ലാം ഒഴിഞ്ഞ് ഒരു പുതിയ വെളിച്ചമായിരുന്നു.

വീട്ടിലെത്തിയ അയാൾ അമ്മയെ നീട്ടി വിളിച്ചു. പക്ഷേ മറുപടി വരാഞ്ഞ് അയാൾ അകത്തു കയറി നോക്കി അവിടെയും അമ്മയെ കാണാഞ്ഞ് അയാൾ ചിന്തിച്ചു. തന്നോടു പറയാതെ ഒരിടത്തും പോവാത്തതാണ് അമ്മ. പിന്നിത് എവിടെപ്പോവാനാണ്. പെട്ടന്ന് അയാളുടെ കണ്ണുകൾ മേശപ്പുറത്തിരിക്കുന്ന എഴുത്തു കണ്ടു. ഉടനെ അതെടുത്ത് വായിച്ച് സ്തംഭിച്ചു നിൽക്കുന്ന അയാളുടെ അരികിൽ വന്ന് അവൾ കാര്യം തിരക്കി. അപ്പോൾ ഒരു യന്ത്രത്തെ പോലെ അയാൾ ആ എഴുത്ത് അവൾക്കു നേരെ നീട്ടി. അവളതു വാങ്ങി വായിച്ചു.

ഉണ്ണിക്കുട്ടന്... അമ്മ കുറച്ചു

ദിവസത്തേക്ക് ഡോക്ടർ ശേഖർദാസിന്റെ വീട്ടിലേക്ക് താമസം മാറ്റുകയാണ്. നിന്നോട് എല്ലാം തുറന്ന് പറഞ്ഞ് പോവണമെന്നാണ് കരുതിയത്. പക്ഷേ പെട്ടന്ന് തന്നെ പോവേണ്ടി വന്നു. അതുകൊണ്ടാണ് ഇങ്ങനെ ഒരെഴുത്തെഴുതുന്നത്. ശേഖർദാസിനെക്കുറിച്ച് ആർക്കും അറിയാത്ത സ്വന്തം മകൾക്കു പോലും അറിയാത്ത ഒരു രഹസ്യമുണ്ട്. മരണം കാത്തു കഴിയുന്ന ഒരു രോഗിയാണ് അദ്ദേഹമെന്ന സത്യം. ഇന്ന് അദ്ദേഹം ആകെ വിഷമത്തിലാണ്. മരിക്കുന്നതിന് മുമ്പ് മകൾ ഒരു ഉയർന്ന നിലയിലെത്തണമെന്ന് അദ്ദേഹത്തിന് അതിയായ ആഗ്രഹമുണ്ട്. അതുകൊണ്ടാണ് തന്റെ മകൾക്ക് ഇംഗ്ലണ്ടിൽ നിന്നും കിട്ടിയ സ്കോളർഷിപ്പിന് അവളെ പറഞ്ഞയക്കാൻ അദ്ദേഹം പുറപ്പെടുന്നത്. തന്റെ രോഗ വിവരമറിഞ്ഞാൽ ഒരിക്കലും അച്ഛനെ വിട്ട് മകൾ ഇംഗ്ലണ്ടിലേക്ക് പോവില്ലെന്ന് അദ്ദേഹം ഭയക്കുന്നു. അതിനാലാണ് അവളിൽ നിന്നും തന്റെ രോഗ വിവരം ഡോക്ടർ മറച്ചുവെച്ചത്. ജീവിതത്തിൽ എന്തിനേക്കാളാരെ സ്വന്തം മകളെ സ്നേഹിക്കുന്ന അദ്ദേഹത്തിന് മകളുടെ ഉയർച്ചക്ക് തന്റെ രോഗം തടസ്സമാവരുതെന്ന് നിർബന്ധമുണ്ട്. അതുകൊണ്ടാണ് അവളെ പറഞ്ഞയക്കാൻ ഡോക്ടർ ഇങ്ങനെയൊരു വളഞ്ഞ വഴി സ്വീകരിച്ചത്.

ഞങ്ങളുടെ ബന്ധം പവിത്രമാണെങ്കിലും ഞങ്ങളെക്കുറിച്ച് പലർക്കും തെറ്റിധാരണയുണ്ട്. അദ്ദേഹത്തിന്റെ മകൾക്കടക്കം. അവളുടെ ആ തെറ്റിധാരണ തന്നെ അവളെ പറഞ്ഞയക്കാനുള്ള ഒരായുധമായി അദ്ദേഹം ഉപയോഗിക്കുകയാണ്. അതുകൊണ്ടാണ് കുറച്ചു ദിവസത്തേക്ക് ഡോക്ടർ എന്നോട് അദ്ദേഹത്തിന്റെ വീട്ടിൽ നിൽക്കാൻ ആവശ്യപ്പെട്ടത്. അങ്ങിനെ അദ്ദേഹത്തെ വെറുത്തെങ്കിലും അവൾ ഇംഗ്ലണ്ടിലേക്ക് പോവുമെന്ന് അദ്ദേഹം കരുതുന്നു.

അതുകൊണ്ട് ആളുകൾ കരുതുന്നതുപോലെ അദ്ദേഹത്തിന്റെ ഭാര്യയായല്ല അമ്മ പോവുന്നത്. ഏതാനും നാളുകൾ മാത്രം ജീവൻ വിധിക്കപ്പെട്ട മരണത്തിന്റെ കാലൊച്ച കാതോർത്തു കഴിയുന്ന സ്നേഹനിധിയായ ആ അച്ഛന്റെ മകളെക്കുറിച്ചുള്ള അന്ത്യാഭിലാഷം നിറവേറ്റാനുള്ള ഒരു നിമിത്തമായാണ് അമ്മ പോവുന്നത്. ബാക്കിയെല്ലാം നേരിട്ടു പറയാം. നിറുത്തട്ടെ.

എഴുത്തു വായിച്ച് തന്നെ ഇത്രയേറെ സ്നേഹിച്ച അച്ഛനെ വെറുത്തതിലുള്ള കുറ്റബോധത്താലും അച്ഛനെ മരണം മാടിവിളിക്കുകയാണെന്ന സത്യം മനസ്സിലാക്കിയും ഒരു കൊച്ചുകുട്ടിയെ പോലെ പൊട്ടിക്കരഞ്ഞുകൊണ്ട് അവൾ അയാളുടെ മാറിലേക്ക് വീണു. അവളുടെ കണ്ണിൽ നിന്നു വീണ കണ്ണീർ ചാലുകൾ ഒരു പുഴ പോലെ അയാളെ നെഞ്ചിലേക്കൊഴുകുമ്പോൾ ഒരു ജ്യേഷ്ഠന്റെ വാത്സല്യത്തോടെ അയാളവളുടെ തലയിൽ തലോടി.

ഒടുവിൽ തേങ്ങിക്കൊണ്ടവൾ പറഞ്ഞു. അമ്മേ, അമ്മ ചെയ്തതാണ് ശരി. നിങ്ങളുടെ വലിയ മനസ്സിന് മുമ്പിൽ ഞാനാരുമല്ല. നിങ്ങളെ വെറുത്തതിന് എന്നോടു പൊറുക്കണം. ഞാനും എന്റെ ഏട്ടനും കൂടി ഉടനെ തന്നെ അവിടേക്ക് വരുന്നുണ്ട്. എന്റെ അച്ഛന്റെ ആഗ്രഹം നിറവേറ്റാനായി ആ പാദങ്ങൾ തൊട്ട് അനുഗ്രഹം വാങ്ങി മനസ്സിൽ ഒരായിരം മുള്ളുകൾ കുത്തിയിറങ്ങുന്ന വേദനയിലും എന്റെ അച്ഛൻ അമ്മയുടെയും ഏട്ടന്റെയും കൈകളിൽ സുരക്ഷിതമാണെന്ന വിശ്വാസത്തിൽ ഈ മകൾ നാളെ തന്നെ ഇംഗ്ലണ്ടിലേക്ക് യാത്ര തിരിക്കും.

കണ്ണിൽ നിന്നൊഴുകുന്ന അവളുടെ കണ്ണുനീർ തുടച്ചുകൊണ്ട് അയാൾ അവളുടെ കൈപിടിച്ച് കാറിൽ കയറി. ആ കാർ ഡോക്ടർ ശേഖർദാസിന്റെ വീട് ലക്ഷ്യമാക്കി പാഞ്ഞുകൊണ്ടിരുന്നപ്പോൾ ഒരു സാന്ത്വനം പോലെ ഒരു കുളിർകാറ്റ് അവരെ തലോടുന്നുണ്ടായിരുന്നു.

■

ചെറുകഥ, നോവൽ, കവിത, ലേഖനങ്ങൾ, കോമിക്സ്, നോവലെറ്റ്
വിജ്ഞാന സാഹിത്യങ്ങൾ രചനകൾ ക്ഷണിച്ചുകൊള്ളുന്നു
ഫോണിലൂടെ ബന്ധപ്പെട്ടശേഷം രചനകൾ നേരിട്ടോ തപാലിലൂടെയോ അയച്ചുതരുക.
**നേരിട്ട് ബന്ധപ്പെടുന്നതാണഭികാമ്യം**
അഡ്രസ്സ്: ചീഫ് എഡിറ്റർ/പബ്ലീഷർ **നക്ഷത്രരാജ്യം** മാസിക
24/170(A) Raj Building, Bypass Road, Mankave, Kozhikode-673 007
Mob: 9847649567, 9744233997

വിവാഹ ക്ലാസിഫൈഡ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുവാൻ ബന്ധപ്പെടുക
**നക്ഷത്രരാജ്യം മാസിക ക്ലാസിഫൈഡ്**
ചാർജ്ജ് 390/-
ഫോൺ: 9847649567
9744233997
*ചീഫ് എഡിറ്റർ*

സ്പോർട്സ്



ഭാസി മലാപ്പറമ്പ്



# കോഴിക്കോടിന്റെ ഗതകാല പ്രതാപങ്ങൾ

നഗരചത്വരം (സിറ്റി സ്ക്വ യർ) ആയി വികസിച്ച മാനാഞ്ചിറ മൈതാനത്തിന്നും, ചുറ്റുപാടുമുള്ള നഗര വീഥികൾക്കും, അയൽപ്രദേശങ്ങളായ മലപ്പുറം, നില മ്പൂർ, തിരൂർ ടൗണുകൾക്കും കോഴിക്കോടൻ കായി കവേദിയുടെ ആയിരം കഥകൾ പറയുവാനുണ്ട്.



മലപ്പുറം അബൂബക്കർ

അഞ്ചര പതിറ്റാണ്ടുകൾക്ക് അപ്പുറത്ത് നാഗ്ജി ട്രോഫി അഖിലേന്ത്യാ ഫുട്ബോളിൽ മാനാഞ്ചിറ മൈതാനത്ത് നടക്കുന്ന മത്സരം കാണുവാൻ മൈതാനത്തിന്ന് പുറത്ത് നിരത്തോരത്തുള്ള മരത്തിന്റെ കൊമ്പിൽ കയറിപ്പറ്റിയ കാണികൾ, ഗ്രൗണ്ടിൽ ഗോളടിയുടെ ആരവമുയർന്നപ്പോൾ, ആവേശത്തള്ളിച്ചയിൽ, കൊമ്പൊടിഞ്ഞ് താഴെപതിച്ച 'ഫുട്ബോൾച രിത്ര' ത്തിലെ സുവർണ്ണ ഏടിലേക്ക് ഇതാ ഒരു നിമിഷം.

മൈതാനത്തിനടുത്തുള്ള ഹജൂർ കച്ചേരിയും മുൻസിപ്പൽ സ ത്രം ബിൽഡിങ്ങും ഇപ്പോൾ അവിടെയില്ല; റെയിൽവേ ലൈനിന്ന് പടിഞ്ഞാറുള്ള മാർക്കറ്റിനടുത്തെ ബസ്സ് സ്റ്റാൻറ് താഴെ പാളയത്തേക്ക് മാറ്റി. വലിയങ്ങാടിയിലും, ബസ്സ് സ്റ്റാന്റിലും, മിഠായിതെരുവിലും, മറ്റുള്ള പീടികകളിലുമുള്ള ഫുട്ബോൾ പ്രേമികൾ, പക്ഷെ, മൈതാനങ്ങളിൽ കളിയില്ലാതായിട്ടും കളിക്കമ്പക്കാരായി നഗരത്തിൽ തന്നെയുണ്ട്!

ടിക്കറ്റ് കൗണ്ടറിന്റെ കിളിവാതിൽ ഒരു കാർഡ്ബോർഡ് കഷ്ണം കൊണ്ട് അടയ്ക്കപ്പെട്ടപ്പോൾ, പുറത്ത് ടിക്കറ്റിനുവേണ്ടി കൂട്ടംകൂടി നിന്നവർ പറഞ്ഞു:

"ടിക്കറ്റ് തീർന്നു"

മാനാഞ്ചിറ മൈതാനത്തിന്റെ തെക്കുപടിഞ്ഞാറ് മൂലയിലുള്ള ടിക്കറ്റ് കൗണ്ടറിൽ നിന്ന് വളണ്ടിയർ തകരപ്പെട്ടിയുമായി പിന്നാമ്പുറത്തുകൂടി ഇറങ്ങി.

നിരത്തിന്റെ എതിർവശത്തു മിഠായി തെരുവിനോട് ചേർന്നു നിൽക്കുന്ന മുൻസിപ്പൽ സത്രം ബിൽഡി



കെ. ജനാർദ്ദനൻ

ങ്ങിലെ ഫുട്ബോൾ കമ്മിറ്റി ഓഫീസിൽ നിന്ന് കറുത്ത യൂനിഫോറം ധരിച്ച റഫറി നിരത്തു ക്രോസ് ചെയ്തു മൈതാനത്തിന്റെ ഗെയ്റ്റ് കടക്കുന്നതു കണ്ട ഒരാൾ പറഞ്ഞു:

''ഗോപിയേട്ടൻ മൈതാനത്തെത്തി, കളി തുടങ്ങാൻ ഇപ്പോൾ വിസിലൂതും''

ഹജൂർ കച്ചേരി കെട്ടിടത്തിന്നും മാനാഞ്ചിറ മൈതാനത്തിന്നും ഇടയിലുള്ള നിരത്തിലൂടെ അവർ ധൃതിയിൽ കിഴക്കോട്ട് ഓടി.

പോലീസ് സൂപ്രണ്ട് ആഫീസിന്നു മുന്നിൽ റോഡിന്റെ കിഴക്കെ വശം ചേർന്ന് ഒരു മരം നിൽക്കുന്നുണ്ട്. അതിന്റെ ഉയർന്ന കൊമ്പിൽ കയറിപ്പറ്റിയാൽ മൈതാനത്തെ കളി കുറച്ചൊക്കെ തെറ്റില്ലാതെ കാണാം.

1952ലെ ഒരു സായാഹ്നത്തിൽ കോഴിക്കോട് പട്ടണത്തിൽ നടന്ന സംഭവമായിരുന്നു ഇത്. സേട്ട് നാഗ്ജി ട്രോഫി അഖിലേന്ത്യാ ഫുട്ബോൾ ടൂർണ്ണമെന്റിൽ യങ്ങ് ചാലഞ്ചേഴ്സും മൈസൂർ മുസ്ലിംസും തമ്മിൽ ഏറ്റുമുട്ടിയ ദിവസം, ഇരു ടീമുകളും അതിന്നുമുമ്പുള്ള കളികളിൽ ഒന്നാന്തരം പ്രകടനത്തോടെ കാണികളുടെ കണ്ണിലുണ്ണികളായി മാറിയിരുന്നു. മൈസൂർ ടീമിലെ നാരിയും മാരിയും ഉതിർത്തുവിട്ട തീപാറുന്ന അടികൾ മൈതാനത്തു ആവേശത്തിന്റെ കൊടുങ്കാറ്റുതന്നെയുണ്ടാക്കി. ചാലഞ്ചേർസിന്നാണെങ്കിൽ, നാട്ടിൽ ധാരാളം ആരാധകർ. അന്ന് മലബാറിലും മദിരാശി സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും മലയാളികളുടെ ഓമനടീമായി മാറിയിരുന്നു മൈസൂർ ടീമിലെ നാരിയും മാരിയും ഉതിർത്തുവിട്ട തീ പാറുന്ന അടികൾ മൈതാനത്തു ആവേശത്തിന്റെ കൊടുങ്കാറ്റു തന്നെയുണ്ടാക്കി. ചാലഞ്ചേർസിന്നാണെങ്കിൽ, നാട്ടിൽ ധാരാളം ആരാധകർ. അന്ന് മലബാറിലും മദിരാശി സംസ്ഥാനത്തിന്റെ മറ്റുഭാഗങ്ങളിലും മലയാളികളുടെ ഓമനടീമായി മാറിയിരുന്നു കെ. ബാലഗോപാലന്റെ നേതൃത്വത്തിൽ കളിക്കുന്ന ടീം. ഗോളി ചാർളിയും പ്രതിരോധനിരയിൽ ഗസ്റ്റ് കളിക്കാരനായെത്തുന്ന മലപ്പുറം അബൂബക്കറും മുന്നേറ്റനിരയിലെ ജനാർദ്ദനനും പന്തടക്കത്തിൽ എല്ലാവർക്കും വിസ്മയമായി ഗംഗാധരനും ചാത്തുക്കുട്ടി നന്യാരും ഏറെ പ്രശസ്തർ. റൈറ്റ് ഔട്ട് സ്ഥാനത്തുള്ള പി.പി. ശ്രീനിവാസൻ ടെച്ച്ലൈനിന്ന് തൊട്ടുകൊണ്ട് പന്തുമായി വായുവേഗത്തിൽ മുന്നേറി, കോർണർപ്ലാഗിന്ന് അടുത്തുവെച്ച് തൊടുത്തുവിടുന്ന മനോഹരമായ ക്രോസ്സുകൾ എതിർഗോൾമുഖത്തുണ്ടാക്കുന്ന അങ്കലാപ്പുകൾ കാണികൾക്ക് ഏറെ ഹരം നൽകി. അതുകൊണ്ട് ടൂർണ്ണമെന്റിൽ അന്നത്തെ യങ്ങ് ചാലഞ്ചേഴ്സ് – മുസ്ലിംസ് മത്സരം ഏറ്റവും ആവേശകരമായിരിക്കുമെന്ന് ഫുട്ബോൾ പ്രേമികൾക്ക് ഉറപ്പായിരുന്നു.

കോഴിക്കോടിന്റെ നാലുഭാഗത്തുനിന്നും ആളുകൾ കൂട്ടമായെത്തി. മലപ്പുറം, മഞ്ചേരി, നിലമ്പൂർ, തിരൂർ എന്നീ സ്ഥലങ്ങളിൽ നിന്ന് ബസ്സുകളോ മറ്റു വാഹനങ്ങളോ അധികമൊന്നുമില്ലാത്ത കാലമായിട്ടും കാണികൾ മാനാഞ്ചിറ മൈതാനത്തു ഇരച്ചുകയറി.

ഗ്രൗണ്ടിന്റെ മൂന്നുഭാഗങ്ങളിൽ എട്ടു തട്ടുകളിലായി പുതിയപാലം കോയട്ടി ഹാജി കെട്ടിയുയർത്തിയ മുള ഗ്യാലറിയിൽ ഉച്ചകഴിഞ്ഞ് അല്പസമയം കൊണ്ട് കാണികൾ നിറഞ്ഞുകഴിഞ്ഞിരുന്നു. ടിക്കറ്റില്ലാതെ പോവുമോ എന്ന സംശയത്താൽ വലിയങ്ങാടിയിലെയും, റെയിലിന്നു പടിഞ്ഞാറുഭാഗത്തു മാർക്കറ്റിനടുത്തുള്ള ബസ്സ് സ്റ്റാന്റിലേയും തൊഴിലാളികൾ ഉച്ചക്കുശേഷം കൂലിയുപേക്ഷിച്ച് പണിവേണ്ടെന്ന് വെച്ച് ടിക്കറ്റെടുത്ത് നേരത്തെത്തന്നെ ഗ്യാലറിയിൽ സ്ഥലം പിടിച്ചു. കിഴക്കുഭാഗത്തെ 'സ്റ്റാന്റിങ്ങ് ടിക്കറ്റുകളും മുൻകൂട്ടി വിറ്റുപോയി. കുട്ടികൾക്കുള്ള അര' (ഹാഫ്) ടിക്കറ്റുകൾ സ്കൂളുകളിൽ നിന്ന് അവസാനത്തെ പീരിയേഡ് കട്ട് ചെയ്തു കളി കാണാനെത്തുന്ന വിദ്യാർത്ഥികളും കൈക്കലാക്കി.

കളി ആരംഭിച്ചത് ചാലഞ്ചേഴ്സിന്റെ മുന്നേറ്റത്തോടെ, നിമിഷങ്ങൾക്കുള്ളിൽ എതിർമുന്നേറ്റം നടത്തിയ നാരി–മാരിമാർ ചാലഞ്ചേഴ്സിന്റെ തെക്കുഭാഗത്തെ ഗോൾപോസ്റ്റിൽ ഉഗ്രൻ ഷോട്ടുകൾ വർഷിച്ചു. സ്ഥിരം ഗോളി ചാർളിക്ക് പരിക്കുപറ്റിയിരുന്നതിനാൽ ചാലഞ്ചേഴ്സിന്റെ അന്നത്തെ ഗോൾകീപ്പർ ഫൌളർ എന്ന അതിഥി താരമായിരുന്നു. ഫൌളർ മനംമറന്ന് ടീമിനെ രക്ഷപ്പെടുത്തുന്നതു കാണാൻ കാണികൾ ആകാശത്തോളം ആരവം ഉയർത്തിക്കൊണ്ടിരുന്നു.

പെട്ടെന്നതാ ഒരു മുന്നേറ്റം. നാരി–മാരിമാരുടെ വേഗതേയറിയ നീക്കം ഫൌളർക്ക് മുൻകൂട്ടി കാണാൻ കഴിഞ്ഞില്ല. പന്ത് നെറ്റിന്നകത്ത്.

ഗ്യാലറികളിലേയും സ്റ്റാന്റിങ്ങ്



പി. ശ്രീനിവാസൻ



കെ. ബാലഗോപാലൻ

നിരയിലേയും ജനാവലിയുടെ ആരവും പോലീസ് സൂപ്രണ്ടാഫീസിന്നു മുന്നിലെ മരത്തിൽ ഉയർന്നചില്ലയിൽ സ്ഥാനം പിടിച്ച കാണികളേയും ഇളക്കി മറിച്ചു.

പെട്ടെന്നതാ എന്തോ വീഴുന്ന ശബ്ദം. അതെ, ആ മരക്കൊമ്പ് പൊട്ടി നിലം പതിച്ചിരിക്കുന്നു: അതിന്മേൽ സ്ഥലം പിടിച്ച അരഡസൻ കാണികളും നിലത്തു റോഡിൽ, കാലിന്നും തുടയ്ക്കും തലയ്ക്കും പരിക്കുപറ്റിയവർ നിലവിളിച്ചുകൊണ്ട് എഴുന്നേറ്റോടി. ആ നിലവിളിക്ക് രണ്ട് അർത്ഥം ഉണ്ടായിരുന്നു.

സ്വന്തം ടീം ഒരു ഗോളിന്നു പിന്നിലായ വേദനയുടെ നിലവിളിയായിരുന്നു ഇതിൽ ഏറെ ശബ്ദം മുഴക്കിയത്.

ചാലഞ്ചേഴ്സ് അന്ന് ഒരു ഗോളിന്ന് പരാജയപ്പെട്ടുവെങ്കിലും, സീസണിലെ മറ്റു ടൂർണ്ണമെന്റുകളിൽ മികച്ച പ്രകടനം നടത്തി. മദിരാശിയിലെ എം.യു.സി. കപ്പ് ടൂർണ്ണമെന്റിൽ അക്കാലത്തെ പ്രശസ്ത ടീമായ വിംകോവിനെ തോല്പിച്ചപ്പോൾ മദ്രാസ് നഗരം ഞെട്ടിത്തരിച്ചു. ബാലഗോപാലനും ജനാർദ്ദനനും അടുത്ത സീസണിൽ വിംകോയുടെ ടീമിലെത്തുവാൻ കാരണമായ മത്സരമായിരുന്നു അത്. തീപ്പെട്ടിക്കമ്പനിയിൽ നല്ല ഉദ്യോഗം നൽകിക്കൊണ്ട് വിംകോ രണ്ടു കളിക്കാരേയും സ്വന്തമാക്കിയപ്പോൾ അവരുടെ ഭാവി ശോഭനമായി. 1953ൽ തന്നെ ബാലഗോപാലൻ മദിരാശി സംസ്ഥാനത്തിന്റെ ജർസിയണിഞ്ഞു. പന്ത്രണ്ടു തവണ സന്തോഷ്ട്രോഫി നാഷനൽ ഫുട്ബോളിൽ കളിച്ച ബാലഗോപാലന്റെ ആദ്യവർഷ അരങ്ങേറ്റം അങ്ങനെ.

ജനാർദ്ദനൻ തെക്കെ ഇന്ത്യയിലെ മികച്ച ഫോർവേർഡ് എന്നും ഗോളടി വിദഗ്ധനെന്നും പേരെടുത്തു. റൈറ്റ് ഔട്ട് സ്ഥാനത്തു കളിച്ച പി.പി. ശ്രീനിവാസനും പിൽക്കാലത്ത് ഉത്തരേന്ത്യയിലും സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചു. ബോംബെയിലെ പ്രശസ്ത ടീമായിരുന്ന ബർമാഷെൽ ഡൽഹിയിലും ടീമിന്ന് രൂപം നൽകിയപ്പോൾ അവർക്കും പിന്നീട് ന്യൂഡൽഹി ഹീറോസ് ക്ലബിന്നും ഫോർവേഡ് നിരയിൽ തിളക്കമാർന്ന പ്രകടനം നടത്തി.

ചാലഞ്ചേഴ്സിന്റെ മുന്നേറ്റനിരയിലെ ഗംഗാധരൻ കോഴിക്കോട്ടെ പ്രശസ്തനായ ഡോ. എ.ജി. നായരുടെ മരുമകനായിരുന്നു. ഗംഗാധരനും ഡൽഹിയിൽ ബർമ്മാഷെല്ലിന്നും പിന്നീട് മറ്റു ക്ലബ്ബുകൾക്കും കളിച്ചു.

52ലെ നാഗ്ജിയിൽ മൈസൂർ മുസ്ലിംസ് അധികം പുരോഗമിച്ചില്ല. യേശുദാസ്, ഒളിംപ്യൻ ബഷീർ, മുനിത്തിം, കൃഷ്ണ, കൃഷ്ണപ്പ തുടങ്ങിയ ബാങ്കുകലിലെ പ്രഗത്ഭതാരങ്ങൾ അണിനിരന്ന ഹിന്ദുസ്ഥാൻ എയർക്രാഫ്റ്റ്സിനോട് മുസ്ലിംസ് പരാജയപ്പെട്ടു. എയർക്രാഫ്റ്റ്സ് അക്കൊല്ലം നാഗ്ജി ട്രോഫി കരസ്ഥമാക്കി. നാലുകൊല്ലം തുടർച്ചയായി നാഗ്ജി ട്രോഫി കരസ്ഥമാക്കിയ ചരിത്രവും പിന്നീട് എയർക്രാഫ്റ്റ്സിന്റേതുമാത്രമായി.

കോഴിക്കോടൻ ഫുട്ബോളിന്റെ ഗതകാലപ്രതാപങ്ങൾ അയവിറക്കുവാൻ കെ. ബാലഗോപാലനും പി.പി. ശ്രീനിവാസനും ഇപ്പോഴും നഗരത്തിൽ തന്നെയുണ്ട്. ജനാർദ്ദനൻ മദിരാശിയിലും ഗംഗാധരൻ ഡൽഹിയിലും, "ബൂട്ടിട്ട കളി ഇന്ത്യൻ ഫുട്ബോളിൽ നിർബ്ബന്ധമല്ലാതിരുന്ന അക്കാലത്തു ഞങ്ങളെല്ലാം ബൂട്ടണിഞ്ഞുകൊണ്ടുതന്നെയാണ് പ്രാക്ടീസ് ചെയ്തതും ടൂർണ്ണമെന്റിൽ കളിച്ചതും. അന്ന് ധാരാളം ടൂർണ്ണമെന്റുകളും കളിസ്ഥലങ്ങളും ഉണ്ടായിരുന്നു. ഇപ്പോൾ അവ രണ്ടും കുറഞ്ഞുപോയിരിക്കുന്നു. ഫുട്ബോൾ ക്രമേണ വളരെ കുറഞ്ഞുവന്നിരിക്കുന്നു. കോഴിക്കോട്ട് ഒരു ടൂർണ്ണമെൻറ് നടന്നിട്ട് എത്ര വർഷമായി?"

അക്കാലത്ത് 'പി.പി.' എന്നു മാത്രം അറിയപ്പെട്ട പി.പി. ശ്രീനിവാസൻ ചോദിക്കുന്നു.

മദിരാശിയിൽ കളിക്കളത്തിൽ ഒന്നരപ്പതിറ്റാണ്ട് തികച്ച ബാലഗോപാലനും പറയാൻ മറ്റൊന്നുമില്ല. മദിരാശി (തമിഴ്നാട്) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നടന്ന ടൂർണ്ണമെൻരുകൾ മുടങ്ങിപ്പോയ കഥകൾ എല്ലാവരേയും പോലെ ഈ മുൻകളിക്കാരനും ഖേദപൂർവ്വം പറയുന്നു.

ഫുട്ബോളിന്ന് എന്തുപറ്റി എന്നാണ് ഈ പഴയ താരങ്ങളുടെ ദുഃഖം. ■


## ഏജന്റുമാരെ ആവശ്യമുണ്ട്

നക്ഷത്രരാജ്യം മാസിക വിതരണത്തിന് താലൂക്ക് അടിസ്ഥാനത്തിൽ ഏജന്റുമാരെ ആവശ്യമുണ്ട്. നേരിലോ ഫോൺ മുഖാന്തിരമോ ബന്ധപ്പെടുക

ഫോൺ: 9744233997
9847649567



ത്തിലെ"നാടുകാണികുറുപ്പും അദ്ദേഹത്തിന്റെ അഭിനയ കഴിവിന്റെയും ശബ്ദ ഗാംഭീര്യത്തിന്റേയും മകുടോദാഹരങ്ങളാണ്.


ആകാശവാണി ആർട്ടിസ്റ്റായ ശ്രീ. ബാബുജി അടുത്തായിടെ സ്വന്തമായി സംഗീതം പകർന്ന് മാർക്കറ്റിലിറക്കിയ ആദ്യത്തെ ഓഡിയോ ആൽബമാണ് "കസിനെ സിസിലി സുഖമോ". ബക്കർ വെള്ളി പറമ്പും ബാബുജിയും രചന നിർവ്വഹിച്ച പുതിയൊരാൽബം ബാബുജിയുടെ സംഗീത നിർവ്വഹണത്തിൽ ഉടനെ തന്നെ മാർക്കലിറക്കാനുള്ള പണിപുരയിലാണ് ബാബുജി.

നല്ലൊരു കഥാപ്രസാഗികനായിരുന്ന ബാബുജി ചെറുപ്പകാലങ്ങളിൽ സ്ക്കൂൽ യുവജനോൽസങ്ങളിൽ നാടകാഭിനയത്തിനുള്ള ബെസ്റ്റ് ആക്ടർ അവാർഡ് പല തവണനേടുകയും കാണികളുടെ പ്രസംശപിടിച്ചു പറ്റുകയും ചെയ്തിട്ടുണ്ട്.

# ബാബുജി കുന്ദമംഗലം

**പ്രൊ**വിഷണൽ നാടകരംഗത്ത് വളരെയധികം നാടകങ്ങളിൽ കാലകാലങ്ങളിലായി പ്രതിനായകനായി അഭിനയിച്ചുകൊണ്ടിരിക്കുന്ന ശ്രീ. ബാബുജി കുന്ദമംഗലം തിളങ്ങി നിൽക്കുന്ന തന്റെ അഭിനയ പാടവവും ശബ്ദഗാഭീര്യവും പ്രകടിപ്പിച്ച വേഷങ്ങളധികവും പുരാണ കഥാപാത്രങ്ങളുടേയും, രാജഭരണകാലഘട്ടങ്ങളിലെ കീരിടധാരികളായ ഭരണാധിപന്മാരുടേതുമാണ്.

കോഴിക്കോട് നാട്യാലയയുടെ മാണിക്യ ചുരിക



കളിയരങ്ങ് കുന്ദമംഗലത്തിനു വേണ്ടി ജനാർദ്ദനൻ ചെത്ത്കടവ് രചനയും സംവിധാനവും നിർവ്വഹിച്ച "ബാണാസുര പുത്രി" എന്ന നാടകത്തിലെ ബാണാസുരനും അദ്ദേഹം അഭിനയിച്ച മറ്റുനാടകങ്ങളായ വളയനാട് ആർട്സ് നക്ഷത്രം രാജ്യം സോങ് & ലിറ്ററേച്ചർ ക്രിയേഷൻസിന്റെ "പേടമാൻ പാടുന്ന കാട്" നാടകത്തിലെ കാർത്തികപുരം മഹാരാജാവും "അമ്പല്ലൂർ വാഴിക്കോട്ട" നാടകത്തിലെ സേനാ നായകൻ കപാലിയും. സാമൂഹിക നാടകമായ "ഭൂമിഗീതക്കും, ദേവ ഗർജ്ജനത്തിനും രചനയും സംഗീതവും നിർവ്വഹിച്ചത് ബാബുജിയാണ്. നല്ലൊരു ശബ്ദ ഗാംഭീ

(ശേഷം പേജ് 39)

കുട്ടികളുടെ കഥ

# സ്നേഹത്തിന്റെ വില




ആദർശ് ബി.കെ.
VIII th std.
സെന്റ് ജോസഫ് സ്കൂൾ

മഞ്ചാടിക്കുന്നിലെ ഗ്രാമത്തിൽ ഒരു സർക്കസ് കമ്പനി വന്നു കൂടാരം കെട്ടി. സർക്കസ്സ് കമ്പനിയിൽ ധാരാളം മൃഗങ്ങളും പക്ഷികളും അഭ്യാസപ്രകടനത്തിനായി ഉണ്ടായിരുന്നു. ഉടൻതന്നെ സർക്കസ്സ് കാണണമെന്ന മോഹമായിരുന്നു എല്ലാവർക്കും. എന്നാൽ ടിക്കറ്റ് വാങ്ങാൻ കഴിയാത്ത ധാരാളം കുട്ടികൾ ആ ഗ്രാമത്തിൽ തന്നെ വാസമുണ്ട്. അവർക്ക് സർക്കസ്സിനെക്കുറിച്ചാലോചിക്കുമ്പോൾ വളരെയധികം ദുഃഖമുണ്ടായിരുന്നു. സർക്കസ്സിന്റെ മാനേജർ വലിയ ദയാലുവാണ്. കുട്ടികളുടെ വിഷമം മനസ്സിലാക്കിയ മാനേജർ മൃഗങ്ങൾക്കുള്ള ഭക്ഷണം കൊണ്ടുവന്നാൽ ടിക്കറ്റ് തരാമെന്നവരോട് പറഞ്ഞു. ചില കുട്ടികൾ കോഴിയും മുട്ടയും ഒക്കെയായി വന്നു മാനേജരെ കണ്ടു സർ ക്കസ്സു കണ്ടു. എന്നാൽ പാവം ഉണ്ണിക്കുട്ടൻ ഒരു പട്ടികുഞ്ഞിനേയും ആയിട്ടാണ് സർക്കസ്സ് കാണാൻ വന്നത്.


പട്ടികുഞ്ഞിനെ മാനേജർ ഉണ്ണിക്കുട്ടനിൽ നിന്നും വാങ്ങി തന്റെ സിംഹത്തിനുള്ള ഭക്ഷണമായി നൽകി. പേടിച്ചരണ്ട പട്ടികുഞ്ഞ് കൂടിന്റെ ഒരു മൂലയിലിരുന്ന് സിംഹത്തെ വീക്ഷിക്കുകയായിരുന്നു. ഇതുവരെ കാണാത്ത ഒരു മൃഗത്തെ കണ്ടപ്പോൾ പട്ടികുഞ്ഞിന്റെ മനസ്സിൽ പേടി വർദ്ധിച്ചു.

സിംഹവും അപ്പോഴൊക്കെ പട്ടികുഞ്ഞിനെതന്നെ വീക്ഷിക്കുകയായിരുന്നു. അലിവുതോന്നിയ സിംഹം കൂട്ടിലിരുന്ന ഭക്ഷണം പട്ടികുഞ്ഞുമായി പങ്കുവെച്ചു കഴിച്ചു. പിറ്റേന്നു മാനേജർ നൽകിയ ഭക്ഷണവും അവർ ഒരുമിച്ചുതന്നെ പങ്കിട്ടു കഴിച്ചു. കുറച്ചുദിവസം കൊണ്ടവർ ഇണപിരിയാത്ത നല്ല ചങ്ങാതിമാരായി. പിന്നീടുള്ള ദിവസങ്ങളിൽ സദാസമയവും പട്ടികുഞ്ഞ് സിംഹത്തിന്റെ പുറത്ത് കയറി പല അഭ്യാസപ്രകടനങ്ങളിലുമേർപ്പെടും. സിംഹത്തിന്റെ പുറത്തിരുന്നു പല അഭ്യാസപ്രകടനങ്ങളും കാണിക്കുന്ന പട്ടികുഞ്ഞിന്റെ ചിത്രം പത്രങ്ങളിൽ വന്നു. പത്രവാർത്ത കണ്ട ഉണ്ണിക്കുട്ടൻ അപ്പോൾ തന്നെ തന്റെ പട്ടികുഞ്ഞിന്റെ അഭ്യാസപ്രകടനങ്ങൾ കാണാൻ വീണ്ടും സർക്കസ്സുകൂടാരത്തിലെത്തി.

സിംഹത്തിന്റെ പുറത്തിരുന്ന് അഭ്യാസങ്ങൾ കാണിച്ചുകൊണ്ടിരിക്കെ ഉണ്ണിക്കുട്ടനെ കണ്ടാ പട്ടികുഞ്ഞ് അവന്റെ അടുത്തേക്ക് ഓടി ചെന്നു. ഈ കാഴ്ച കണ്ട് സിംഹം അലറാൻ തുടങ്ങി. സർക്കസു കണ്ടുകൊണ്ടിരുന്ന ആളുകൾ പരിഭ്രാന്തരായി. സർക്കസ് കമ്പനിയിലെ ഒരു ജോലിക്കാരൻ പട്ടികുഞ്ഞിനെ പിടിച്ച് വീണ്ടും സിംഹത്തിനടുത്തേക്ക് എത്തിച്ചു. അപ്പോഴാണ് സിംഹത്തിന്റെ അലർച്ച നിലച്ചത്. സിംഹവും പട്ടികുഞ്ഞും കൂടാരത്തിലേക്ക് മടങ്ങി. തന്റെ പട്ടികുഞ്ഞിന്റെ ഓർമ്മകളുമായി ഉണ്ണികുട്ടൻ വീട്ടിലേക്കും. ■



കവിത





കാക്കൂർ സി. ബാലൻ

# ചക്രവർത്തിനി

കണ്ണിണയിൽ കവിത പൂക്കുന്ന
കർണ്ണികാര പ്രസൂനമേ,
വർണ്ണസ്വപ്നങ്ങൾ പൂത്തുലയുന്ന
വെണ്ണിലാവിൻ മൃദുത്വമേ,
രാഗസിന്ധുവിൽ നീന്തിയെത്തുന്ന
രാജഹംസമാണിന്നു നീ.
മൗനരാഗമുറങ്ങിടും, നിന്റെ
മാൻമിഴികളിൽ കണ്ടൂഞാൻ.
പൂവിടർത്തുമഭിലാഷങ്ങൾതൻ
പവിഴമല്ലികച്ചെണ്ടുകൾ

സ്വപ്നമെങ്കിലും, നിന്നെയെന്നുമൊ-
രപ്സരസ്സായിക്കാൺമൂ ഞാൻ.
ചക്രവർത്തിനിയെൻ മനസ്സിലെ
ശുക്രനക്ഷത്രമാണു നീ.
എന്തിനാണെന്നറിയാതെന്നുമെൻ
ചിന്തകൾ, നിന്നെ തേടുമ്പോൾ,
നിന്നഭാവത്തിലിന്നറിഞ്ഞു ഞാൻ
ധന്യമാണീയനുരാഗം. ■





ഇലക്ട്രിക്ക് സംബന്ധമായ എല്ലാവിധ
പ്രവർത്തികളും ഏറ്റെടുത്തുനടത്തുന്ന കോഴിക്കോട്ടെ
ഗവർമെന്റ് അംഗീകൃത ലൈസൻസുള്ള സ്ഥാപനം

## ശ്രീ വിനായക ഇലക്ട്രിക്കൽസ്

ക്ലാസ്സ് ബി, ഇലക്ട്രിക്കൽ കോൺട്രാക്റ്റർ

D No. 18/577, **കോഴിക്കോട് - 673 002, ഫോൺ: 2701228, 9846386990**

നോവലെറ്റ്



സുരേന്ദ്രൻ വടക്കിനാലിൽ



# കനവിന്റെ കടവത്ത്

മാളവിക സുന്ദരിയാണ്, സുന്ദരിയെന്നു പറഞ്ഞാൽ അതി സുന്ദരി....! ഇളം പച്ചനിറത്തിലുള്ള നേർത്ത ബോർഡറോടു കൂടിയ സെറ്റുടുത്ത്, നെറ്റിയിൽ വരചന്ദന മണിഞ്ഞ്, ചുരുണ്ട ഈറൻമുടിയിൽ തുളസീക്കതിർചൂടിയ അവൾ പ്രസാദവുമായ് അമ്പലത്തിൽ നിന്നും എത്തിയതേയുള്ളൂ. തെങ്ങോലപഴുതിലൂടെ ഉദയസൂര്യന്റെ അരുണകിരണങ്ങൾ അവളുടെ വട്ടമുഖത്തെ ഉമ്മവെക്കുമ്പോൾ ചന്ദ്രബിംബം പോലെ തിളങ്ങി. അവളുടെ ഓരോ ചലനങ്ങൾക്കുപോലും ഒരു ചാരുതയുണ്ട്.

മുറ്റത്ത് തുള്ളിക്കളിക്കുന്ന, പെറ്റ് ഏറെ ദിവസങ്ങൾ കഴിഞ്ഞിട്ടില്ലാത്ത പശുക്കിടാവിനെ അണച്ചുപിടിച്ച് നെറ്റിയിൽ ചന്ദനക്കുറി വരയ്ക്കാൻ തുനിയുമ്പോൾ പൊട്ടിപ്പൊളിഞ്ഞ പടിപ്പുര കടന്ന് രണ്ടുപേർ വരുന്നതു കണ്ടു. "കുട്ടപ്പമ്മാമയാണ്...'! ഒപ്പം അപരിചിതനായ ഒരു ചെറുപ്പക്കാരനും. അമ്മയുടെ അകന്ന ബന്ധത്തിൽപ്പെട്ട കുട്ടപ്പമ്മാമ ഇതിനു മുമ്പൊരിക്കലും ഈ തറവാട്ടിൽ വന്നതായ് അവൾ ഓർക്കുന്നില്ല. ബന്ധുക്കളുടെ വിവാഹത്തിനും മറ്റും കണ്ടിട്ടുണ്ടെന്നല്ലാതെ; എന്തോ വിശേഷമുണ്ടാകും....!



'അമ്മ ഇവിടില്ല്യാ... അനിയത്തിയോടൊപ്പം കുളിക്കാൻ പോയിരിക്ക്യാ...'

മാളവിക തിടുക്കത്തിൽ നടന്ന് വടക്കിനിയിൽ വാതിലിന്റെ മറവിൽ മുഖം പുറത്തു കാട്ടി നിന്നു.

അവർ മുറ്റത്തെത്തി, കുട്ടപ്പമ്മാമ ഉറക്കെ വിളിച്ചു;

"സരസ്വതീ....."

മാളവിക വിനയാന്വിതയായി പതിയെ പറഞ്ഞു:

"അമ്മ... ഇവടല്ല്യാ... അനിയത്തിയോടൊപ്പം കുളത്തിലേക്ക് കുളിക്കാൻ പോയിരിയ്ക്കാ. ഞാൻ വിളിച്ചുകൊണ്ടുവരാം. കയറി ഇരുന്നാട്ടെ."

അവൾ പോകുവാൻ ഭാവിക്കെ, ഇറയത്ത് കുടമടക്കി വച്ച് പൂമുഖത്തേക്കി കയറിയിരിക്കുന്നതിനിടയിൽ കുട്ടപ്പമ്മാമ ചോദിച്ചു:

"കുട്ടീടെ പേര്..... ഞാൻ മറ

ന്നു."

"മാളവിക...."

"കുട്ടി... ഇപ്പോ പഠിക്ക്ണ്ണ്ടോ....?"

"ഡിഗ്രി കഴിഞ്ഞു"

"ജോലിയ്ക്കൊക്കെ ശ്രമിക്ക്ണീല്ല്യേ...?"

"ഉവ്വ്...."

ചെറുപ്പക്കാരന്റെ മിഴികൾ തന്നെയാകെ തഴുകുന്നത് ഒരുൾപ്പുളകത്തോടെ അവളറിഞ്ഞു.

ആയിരം വസന്തങ്ങൾ നെഞ്ചിലേറ്റി കുളത്തിലേക്ക് നടക്കുമ്പോൾ അവളോർത്തു. സുമുഖൻ, സുന്ദരൻ, നല്ല ആരോഗ്യം, തിളങ്ങുന്ന ആ കണ്ണുകൾക്ക് എന്തൊരാകർഷണ ശക്തി. ആ മുഖം മനസ്സിൽ കണ്ണാടി പോലെ തെളിഞ്ഞു നിൽക്കുന്നു. കുട്ടപ്പമ്മാമയുടെ ബന്ധത്തിലുള്ള ആരെങ്കിലുമായിരിക്കും. കുട്ടപ്പമ്മാമ പെണ്ണുകാണാനായി കൂട്ടിക്കൊണ്ടു വന്നതായിരിക്കും....!

"മുല്ലമംഗലം തറവാട് മുജ്ജന്മ ശാപംപോലെ ക്ഷയിച്ചു. സ്വത്തെല്ലാം വിറ്റുതുലഞ്ഞു. എങ്കിലും തറവാട്ടുമഹിമയ്ക്ക് ഇന്നും മങ്ങലേറ്റിട്ടില്ല. സാമ്പത്തികമായ് വലിയ സൗകര്യങ്ങളൊന്നുമില്ലെങ്കിലും ചെറിയ കുടുംബം അമ്മയും.... രണ്ട് പെൺകുട്ടികളും മാത്രം. അച്ഛൻ മരിച്ചതിനുശേഷം അമ്മ വളരെ ബുദ്ധിമുട്ടിയാണ് മക്കളെ വളർത്തുന്നതും പഠിപ്പിക്കുന്നതും. പണമില്ലെങ്കിലും നല്ല തറവാടിത്വവും, സ്വഭാവഗുണവുമുണ്ട്. കാണാനും തരക്കേടില്ല....! നിനക്ക് നല്ലോണം യോജിക്കുന്ന കുട്ട്യാ... നീയൊന്ന് കണ്ട് നോക്ക്." എന്ന് കുട്ടപ്പമ്മാമ ആ... ചെറുപ്പക്കാരനോട് പറഞ്ഞിട്ടുണ്ടാവും. അപ്പോൾ ആദർശവാനായ ആ... ചെറുപ്പക്കാരൻ കുട്ടപ്പമ്മാമയോട് ആഗ്രഹം പറഞ്ഞുകാണും. "എങ്കിൽ ആ... കുട്ടിയെ ഒന്നു കാണണം" അത്ര തന്നെ.

പക്ഷേ... കുട്ടപ്പമ്മാമ ചോദിക്കേണ്ട ചോദ്യങ്ങളായിരുന്നില്ല അവയൊന്നും. അറിയേണ്ട കാര്യങ്ങൾ ഒട്ടുമിക്കവയും ആ ചോദ്യങ്ങളിലുണ്ടായിരുന്നതുകൊണ്ട് അഭിമുഖവേളയിൽ ഇനി അദ്ദേഹം തന്നോട് ചോദിക്കുന്നത് ഒരേ ഒരു ചോദ്യമായിരിക്കും.

എന്നെ... ഇഷ്ടമായോ....?

നാണം കൊണ്ട് പെട്ടെന്നൊരു മറുപടി പറയാൻ കഴിയാതെ കുഴങ്ങുമ്പോൾ അദ്ദേഹം കൂട്ടിച്ചേർക്കും.

മാളവികയെ... എനിക്കിഷ്ടായി...!

അവൾക്ക് അടിമുടി കുളിരു കോരി. നാണം കൊണ്ടവൾ പൂത്തുലഞ്ഞു.

മാളവിക കുളത്തിലെത്തിയപ്പോഴേക്കും അമ്മയും, അനിയത്തിയും കുളികഴിഞ്ഞ് മടങ്ങാൻ ഒരുങ്ങുകയായിരുന്നു. ഉള്ളിൽ ഉയർന്ന സന്തോഷത്തിന്റെ തിരകൾ മുഖത്ത് പ്രതിഫലിക്കാതിരിക്കാൻ പാടുപെട്ടുകൊണ്ട് അവൾ വിളിച്ചു പറഞ്ഞു:

"അമ്മേ... കുട്ടപ്പമ്മാമ വന്നിട്ടുണ്ട്...."

താളിക്കിണ്ണം കഴുകിക്കൊണ്ട് സരസ്വതിയമ്മ ചോദിച്ചു:

"എന്തേ... വിശേഷിച്ച്...!"

മാളവിക ലജ്ജകലർന്ന സ്വരത്തിൽ പതിയെ പറഞ്ഞു:

"ഒന്നും.. പറഞ്ഞില്ല... ഒപ്പം ഒരു ചെറുപ്പക്കാരനുമുണ്ട്"

അപ്പോൾ സരസ്വതിയമ്മയുടെ മുഖത്ത് നിലാവിന്റെ തൂവെളിച്ചം പരന്നു. ഒരു നെടുവീർപ്പോടെ അവർ പറഞ്ഞു:

"കുട്ടപ്പമ്മാമ സ്നേഹമുള്ളവനാ, അച്ഛനില്ലാത്ത തന്റെ മക്കളെക്കുറിച്ച് ഒരു ചിന്തയുണ്ടായല്ലോ...! എന്റെ മുല്ലമംഗലത്തമ്മേ... വാരിയണിയിക്കാനും, കോരിക്കൊടുക്കാനും, എന്റെ കൈയിലൊന്നുമില്ലെങ്കിലും, സർക്കാരിൽ ഒരു ജോലി കിട്ടാൻ പ്രാപ്തയാക്കിയിട്ടുണ്ട്... ഇനിയൊക്കെ അവിടുന്ന് നടത്തിത്തരിക.

അവർ എത്രയും വേഗം വീട്ടിലെത്താനുള്ള ഉദ്വേഗത്തിൽ മുറുകി നടന്നു. വീടിന്റെ പിന്നിലെ വഴിയിലൂടെ അകത്തുകടന്ന് ധൃതിയിൽ ഈറൻമാറി ഭസ്മകൊട്ടയിൽ നിന്നും ഒരു നുള്ള് ഭസ്മമെടുത്ത് നെറ്റിയിൽ പൂശി പൂമുഖത്തേക്കു വന്നു സരസ്വതിയമ്മ ഭവ്യതയോടെ ചിരിച്ചുകൊണ്ട് ചോദിച്ചു:

"വന്നിട്ട് ഏറെ നേരായോ...?"

"ഇപ്പോ... ഇങ്ങെത്തിയതേയുള്ളൂ. പിന്നെ.. എന്തൊക്കെയുണ്ട് വിശേഷങ്ങൾ.. നിനക്കും, പിള്ളേർക്കും സുഖല്ലേ...?

"ഒരുവിധം കഴിഞ്ഞുകൂടുന്നു, അത്രതന്നെ."

ചെറുപ്പക്കാരനെ ചൂണ്ടിക്കൊണ്ട് കുട്ടപ്പമ്മാമ ചോദിച്ചു:

"മാനസിനെ... പരിചയമുണ്ടോ...?"

സരസ്വതിയമ്മ ചെറുപ്പക്കാരനെ സാകൂതം നോക്കിക്കൊണ്ട് ഇല്ലെന്നു പറയുന്നതിനുപകരം ചിരിച്ചു.

കുട്ടപ്പമ്മാമ ഒന്ന് ഇളക്കിയിരുന്നിട്ട് വലിയ ഗമയിൽ പറഞ്ഞു:

"ചിത്തിരത്തെ നീലകണ്ഠമേനോന്റെ മകനാ... കോഴിക്കോട് എയർപോർട്ടിൽ വലിയ ഉദ്യോഗസ്ഥനാ...!

"മോനോനെ അറിയാം, മോനെ.. തീരെ കൊച്ചായിരുന്നപ്പോൾ കണ്ടതാ. ആളങ്ങ് വളർന്നുപോയ്...!" ഡപ്പി തുറന്ന് ഒരു നുള്ള് പൊകയില പൊടിയെടുത്ത് മൂക്കിൽ വലിച്ചിട്ട്, കൈ കുടഞ്ഞു കൊണ്ട് കുട്ടപ്പമ്മാമ പറഞ്ഞു:

"മാനസിന് ഒരു പെൺകുട്ടിയെ വേണം, പെട്ടെന്ന് എന്റെ മനസ്സിൽ വന്നത് ഇവിടത്തെ കാര്യാ, നിന്റെ കഷ്ടപ്പാടിന് ഒരു സഹായം ആകുമല്ലോ. മാളവികയിപ്പോൾ പഠിപ്പു കഴിഞ്ഞുനില്ക്കുകയും അല്ലേ...?"

"ഉവ്വ്... അവൾ ഇപ്പോൾ കമ്പ്യൂട്ടർ പഠിക്ക്ണ്ണ്ട്"

"നല്ല കാര്യം... ഇപ്പോ പഴയ കാലമല്ല, ആ.. കുന്ത്രാണ്ടം പഠി

*(ശേഷം പേജ് 26)*

# കേശവൻമാഷ് ഇങ്ങിനെയൊക്കെ തന്നെയാണ്!

കഥ

റഹീം പൂവ്വാട്ടുപറമ്പ്

**“ഹോ....** ഈ കേശവൻ മാഷിന്റെ ഒരു കാര്യം. അവരെങ്ങനേലും ജീവിച്ച് പൊയ്ക്കോട്ടെ മാഷെ... ഇതിലൊക്കെ നമുക്കെന്നാ കാര്യം?” – ആഴ്ചപ്പതിപ്പ് മറിച്ചു നോക്കിക്കൊണ്ട് ആലീസ് ടീച്ചർ ചോദിച്ചു.

“ഏാ... ഇതാ നിങ്ങടെയൊക്കെ കുഴപ്പം. പ്രതികരണശേഷി ഒട്ടൂല്ല്യ. ഇക്കാര്യങ്ങനെ നിസ്സാരവൽക്കരിക്കരുത് ടീച്ചറെ. മലയാള സിനിമയെ വലിയൊരു വിപത്തിലേക്ക് കൊണ്ട് ചാടിക്കണ സംഭവാത്.” – കേശവൻ മാഷിന്റെ സ്വരത്തിന് രോഷത്തിന്റെ ഗന്ധം.

“ജഗദീഷും മുകേഷുമൊക്കെ ടെലിസ്ക്രീനിൽ പ്രത്യക്ഷപ്പെട്ടെന്ന് വെച്ച് മലയാള സിനിമയ്ക്കെന്നാ നഷ്ടം വരാനാ? സിനിമ കാണേണ്ടവര് സിനിമ കാണും. സീരിയലു കാണേണ്ടവര് അതും.” – ടീച്ചറും വിടാനുള്ള ഭാവമില്ല.

ഇന്ന് നല്ലൊരു വിഷയം ഒത്തുകിട്ടിയ സന്തോഷത്തിൽ ഇരുവർക്കു ചുറ്റും സഹാധ്യാപകർ ഒത്തു കൂടി. ഉച്ചഭക്ഷണം കഴിഞ്ഞ് പതിവ് വെടിപറച്ചിലിനായി ഒത്തുകൂടിയതാണവർ.

“കേശവൻ മാഷ് പറേണതിലും കാര്യണ്ട്. സിനിമേല് അഭിനയിക്ക്ണോൻ അതിലങ്ങട്ട് അഭിനയിച്ചാപ്പോരെ? മിനി സ്ക്രീനിൽ നിത്യേന പ്രത്യക്ഷപ്പെടാൻ തുടങ്ങ്യാപ്പിന്നെ സിനിമ കാണാൻ ആരേയാ കിട്ട്വാ?”

– ചർച്ചയ്ക്ക് ഇത്തിരി എരിവു പകർന്നുകൊണ്ട് ദിനേശൻകുട്ടി മാഷ് കക്ഷി ചേർന്നു.

“അതാ ഞാൻ പറഞ്ഞത്. സിനിമാതാരങ്ങൾ സീരിയലിൽ അഭിനയിക്കരുതെന്ന്. അല്ലെങ്കിൽ തന്നെ മലയാള സിനിമ വല്ല്യ പ്രതിസന്ധീലാ. അതിനിടെ ഇവര് മിനിസ്ക്രീനിലേക്കു കൂടി വന്നാൽ... ഹോ. എനിക്ക് ചിന്തിക്കാൻ കൂടി വയ്യ. എത്രയെത്ര ചിത്രങ്ങളാ ഇക്കൊല്ലം പടാപടാന്ന് പൊട്ടീത്. എത്ര കോടി രൂപയാ പാവം പ്രൊഡ്യൂസർമാർക്ക് നഷ്ടം വന്നത്”

“എന്നാപിന്നെ ഈ പറേണ പ്രൊഡ്യൂസർമാരൊക്കെ അവരുടെ ചിത്രങ്ങളിലെല്ലാ താരങ്ങൾക്കും വേഷം കൊടുക്കട്ടെ. വല്ലപ്പോഴും കിട്ടുന്ന ഒന്നോ രണ്ടോ സിനിമാകൊണ്ട് എന്നാ ആകാനാ മാഷേ. അവർക്കും ജീവിക്കണ്ടായോ. നമ്മടെ കൂട്ടാണോ അവര്. ചെലവ് എത്രാന്നാ വിചാരം. സീരിയലീന്നാകുമ്പോൾ കാശ് കുറവാണേലും അതന്നന്നു തന്നെ കിട്ടും. ആരും കടം പറേത്തില്ല. സിനിമക്കാരെപ്പോലെ വണ്ടിച്ചെക്കും കിട്ടത്തില്ല.”– ആലീസ് ടീച്ചർ തന്റെ വിജ്ഞാനം വിളമ്പി.

“ടീച്ചർ പറഞ്ഞീലും സരീണ്ട്. അല്ലേ ദിനേസം കുട്ടി മാസേ.” – ഇതുവരെ കേൾവിക്കാരനായി നിന്ന അറ്റൻഡർ വീരാൻകുട്ടിയും ചർച്ചയിൽ ഇടപെട്ടു.

“അതു ശരിയാ. സിനിമാതാരങ്ങൾ സീരിയലിൽ അഭിനയിച്ചത് അത്ര വലിയ കുറ്റമൊന്നുമല്ല. സിനിമ പൊട്ടുന്നത് സീരിയലിന്റെ അതിപ്രസരം കൊണ്ടൊന്നുമല്ല. കഥയില്ലായ്മ കൊണ്ടാ. നല്ല കഥയാണെങ്കിൽ എത്ര ചാനലുകള് പെരുകിയാലും സിനിമ വിജയിക്കും.”

– ദിനേശൻ കുട്ടി മാഷ് തന്റെ വാദഗതി അപ്പാടെ തിരുത്തി ആലീസ് ടീച്ചറെ നോക്കി വെളുക്കെ ചിരിച്ചു.

“പുതുമുഖങ്ങൾ മാത്രള്ള കമലിന്റെ നമ്മൾ വിജയിച്ചില്ലേ. ഫോർ ദ പീപ്പിൾ 100 ദിവസം ഓടീല്ലേ.... ടി.വി. ചാനലുകൾ സിനിമയ്ക്ക് ഭീഷണിയാണെങ്കിൽ ഇങ്ങിനെ സംഭവിക്ക്യോ? സൂപ്പർതാരങ്ങളുടെ ചിത്രങ്ങൾ പൊട്ടുന്നതേ നല്ല പ്രമേയമില്ലാത്തതുകൊണ്ടല്ലേ. അല്ലാതെ വെറുതെ മിനിസ്ക്രീനിനെ കുറ്റം പറയേണ്ട കേശവൻ മാഷെ...!”

– പഞ്ചാരമാഷെന്ന അപരനാമമുള്ള ഡ്രിൽ മാഷ് രവീന്ദ്രനും ആലീസ് ടീച്ചറിന്റെ പക്ഷം ചേർന്നു.

“ഈ ഫിലിം ചേമ്പറുകാര് അത്ര മാന്യൻമാരൊന്നുമല്ല. ആണേൽ ആദ്യം അവര് സീരി



**റഹീം പൂവ്വാട്ടുപറമ്പ്**

കഴിഞ്ഞ 27 വർഷമായി പത്രപ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന റഹീം പൂവ്വാട്ടുപറമ്പ് എട്ടോളം ചിത്രങ്ങളുടെയും ഏതാനും ടെലിവിഷൻ പ്രോഗ്രാമുകളുടെയും പ്രൊഡക്ഷൻ കൺട്രോളറും കഥാകൃത്തുമാണ്. വിവിധ ചാനലുകൾക്കു വേണ്ടി കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലായി പത്തോളം സിനിമ, ടെലിവിഷൻ, മ്യൂസിക്കൽ അവാർഡ് നൈറ്റുകൾ സംവിധാനം ചെയ്തിട്ടുണ്ട്. മമ്മൂട്ടി, ബാലചന്ദ്രമേനോൻ, കൈതപ്രം, സലിം കുമാർ, ഭാവന, സത്യൻ അന്തിക്കാട് തുടങ്ങി 250ലേറെ പ്രശസ്തർ ഇതിൽ പങ്കെടുത്തിട്ടുണ്ട്. മിശ്രവിവാഹിതൻ. ഭാര്യ റീന. മക്കൾ പ്രിയങ്കയും രാഹുലും.

*വിലാസം :*
*റഹീം പൂവ്വാട്ടുപറമ്പ്,*
*പത്രപ്രവർത്തകൻ,*
*പൂവ്വാട്ടുപറമ്പ് പി.ഒ.,*
*കോഴിക്കോട് – 8*
*Ph : 0495-3259626*
*Mob: 9387668767*




## കെ. വി. അബൂട്ടി ആകാശവാണിയുടെ ടോപ്ഗ്രേഡിന് അർഹനായി



**സം**ഗീത സംവിധാനത്തിന് ആകാശവാണി നൽകുന്ന ടോപ് ഗ്രേഡിന് ഗായകനും സംഗീതസംവിധായകനുമായ കെ.വി. അബൂട്ടി അർഹനായി. മലബാറിലെ സംഗീതകലാകാരന്മാരിൽ ഒരാൾ ഈ ബഹുമതിക്ക് അർഹനാകുന്നത് ആദ്യമായാണ്. ആകാശവാണിയിലെ ഉദ്യോഗസ്ഥനല്ലാത്ത ഒരാൾക്ക് ഈ ബഹുമതി സമ്മാനിക്കപ്പെടുന്നതും ഇതാദ്യം. ആകാശവാണിയിലെ ഉദ്യോഗസ്ഥരും സംഗീതസംവിധായകരുമായ എം.ജി. രാധാകൃഷ്ണൻ, കെ.പി. ഉദയഭാനു, പെരുമ്പാവൂർ ജി. രവീന്ദ്രനാഥ് എന്നിവരാണ് ഇതിനുമുമ്പ് ഈ ബഹുമതിക്കർഹരായിട്ടുള്ള മലയാളികൾ.

സംഗീതമേഖലയിൽ മുപ്പത്തിയെട്ടു വർഷത്തിലേറെക്കാലമായി സജീവ സാന്നിധ്യമായ കെ.വി.അബൂട്ടി അഞ്ഞൂറിലേറെ ആൽബങ്ങൾക്ക് സംഗീതമൊരുക്കിയിട്ടുണ്ട്.

ഭാര്യ: റസീന. ടി. (അധ്യാപിക)<br>
മക്കൾ: സിമിൽജാസ്, ഗസൽ, അതുൽരഖാ.<br>
*വിലാസം:* കെ.വി. അബൂട്ടി, *'പുഴയോരം', അരീക്കോട്. പി.ഒ., മലപ്പുറം ജില്ല.*<br>
Ph: 9961111129, 9447191229, 0483-2850229

---

യലുപിടുത്തം നിർത്തികാണിക്കട്ടെ. എന്നാ മുഴുത്ത സിനിമാ പ്രൊഡ്യൂസർമാരാ ഇപ്പോ എല്ലാ ചാനലിലും മെഗാ സീരിയലുകൾ നിർമ്മിച്ചോണ്ടിരിക്കുന്നത്. ആദ്യം അവമ്മാര് സീരിയലു പിടുത്തം നിർത്തട്ടെ. എന്നിട്ടുമതി പാവം താരങ്ങളുടെ കൊങ്ങായ്ക്ക് കേറി പിടിക്കാൻ" - ടീച്ചർ പരിഹാസ ച്ചിരിയോടെ പ്രസ്താവിച്ചു.

എന്തൊക്കെയോ പ്രതികരിക്കണമെന്നുണ്ടായിരുന്നെങ്കിലും കേശവൻ മാഷ് ദേഷ്യം ഉള്ളിലൊതുക്കി തിടുക്കത്തിൽ പുസ്തകവുമെടുത്ത് പുറത്തേക്കു നടന്നു. മാഷ് പോയെന്നു ഉറപ്പുവരുത്തിയ ശേഷം രവീന്ദ്രൻ ശബ്ദം താഴ്ത്തി ടീച്ചറോട് ചോദിച്ചു.

"അല്ലേ... ടീച്ചറെന്തിനാ ആ ബോറൻ മാഷിനോടൊക്കെ സംസാരിക്കാൻ നിക്കണേ?"

"ശരിയാ രവീന്ദ്രൻ പറഞ്ഞത്. എന്തിനേം കണ്ണടച്ച് എതിർക്കുന്ന ഒരു പിന്തിരിപ്പനാ അയാള്. കംപ്യൂട്ടർ വന്നപ്പോൾ എന്തായിരുന്നു ബഹളം. എത്രയെത്ര സമരങ്ങളുടെ മുൻനിരയിലാ അയാള് നിന്നത്. എന്നിട്ടെന്തായി? ഇവിടെ കംപ്യൂട്ടർ വന്നില്ലേ?" - ദിനേശൻകുട്ടി മാഷ് പിന്താങ്ങി.

"കണക്കു കൂട്ടാൻ കാൽക്കുലേറ്റർ ഉപയോഗിക്കരുതെന്ന് പറയുന്നയാളല്ലെ അയാള്. ഇന്നാള് ഡിജിറ്റൽ സിനിമയ്ക്കെതിരെ അയാൾ പറഞ്ഞത് കേക്കണോ? ഡിജിറ്റൽ സിനിമായുഗം വന്നാൽ ഇപ്പോഴത്തെ ഫിലിം ലാബറട്ടറികളൊക്കെ അടച്ചുപൂട്ടേണ്ടി വരൂന്ന്. ഒരുപാട് പേർക്ക് തൊഴിൽ നഷ്ടപ്പെടൂത്രേ. എത്ര ലക്ഷങ്ങളാ നിർമ്മാതാക്കൾക്ക് ലാഭം കിട്ടാന്ന് ചിന്തിച്ചോ അയാള്. ബൂർഷ്വാ ചിന്താഗതിയാ അയാൾക്ക്. കേശവൻ മാഷിന്റെ ഭാര്യേടേം മക്കടേം കാര്യാ കഷ്ടം. എങ്ങിനെ സഹിക്ക്ണോ ആവോ ഇയാളെ."

"ശരിയാ മാസ് പറഞ്ഞത്. ഒരാളും നന്നാവ്ണത് അയാൾക്ക് കണ്ടൂടാന്ന്. അസൂയ. ... ഹാ... ഇങ്ങിനേംണ്ടോ മനുസൻമാര്. ദാ... ഇന്നാള് ഞമ്മള് നാലഞ്ച് പുതിയ സിനിമേന്റെ വ്യാജ സീഡി ഇബടെ ഇങ്ങക്കൊക്കെ കൊണ്ട് വന്ന് തന്നേയ്ന് എന്തേയിരുന്നു പുകില്. ക്രിമിനൽ കുറ്റാണ് നമ്മള് ചെയ്യ്ണ്ന്നല്ലേ ആഹമുക്ക് മാസ് പറഞ്ഞത്" - വീരാൻ കുട്ടിയുടെ രോഷം അണപൊട്ടിയൊഴുകി. പിന്നേയും എന്തൊക്കെയോ പറയാനുണ്ടായിരുന്നുവെങ്കിലും ക്ലാസ് ബെൽ അടിക്കാനുള്ളതുകൊണ്ട് അയാൾ പതുക്കെ പുറത്തേക്ക് നടന്നു.

സഹപ്രവർത്തകർക്കിടയിൽ ഒറ്റപ്പെട്ടതിന്റെ പ്രയാസവുമായി കേശവൻ മാഷ് അന്ന് നേരത്തെ തന്നെ സ്കൂളിൽ നിന്നിറങ്ങി. ഭാര്യയുടെ ചേച്ചിയും ഭർത്താവും മക്കളും നാട്ടിൽ നിന്നും വിരുന്നു വന്നിട്ടുണ്ട്. സൂപ്പർ മാർക്കറ്റിൽ നിന്നും കോഴിയും ബേക്കറി സാധനങ്ങളും വാങ്ങി അയാൾ ധൃതിയിൽ വീട്ടിലെത്തി. പടിക്കൽ പതിവിനു വിപരീതമായി ഭാര്യ ദേവയാനി, മുപ്പത്തിരണ്ട് പല്ലും പുറത്തു കാട്ടി ചിരിച്ചു നിൽക്കുന്നു.

"ലൗ ഇൻ സിങ്കപ്പൂരും, കുട്ടിസ്രാങ്കും, ട്വന്റി ട്വന്റീം ഒക്കെ ചേച്ചി കൊണ്ടുവന്നിട്ടുണ്ട്. എല്ലാം വ്യാജനാ... പക്ഷേ നല്ല ക്ലിയറാ. ക്യാമറ പ്രിന്റല്ലത്രേ! ഏതോ സ്റ്റുഡിയോയിൽ നിന്നും പകർത്തീതാത്രേ! ഇതുവരെ ആർക്കും കിട്ടീട്ടില്ല."

ദേവയാനിയുടെ വർത്തമാനം കേട്ട് മാഷ് ഒരു പരിഹാസചിരി ചിരിച്ചു.

"ഓ.. ഇതൊക്കെ ഇറങ്ങീട്ട് നാലഞ്ച് ദിവസായെ ടീ. റിലീസ് ചെയ്യാനുള്ള റെഡ് ചില്ലീസിന്റേം കളേഴ്സിന്റേം സീഡി ദേ ഞാൻ കൊണ്ട് വന്നിട്ടുണ്ട്. നമ്മടെ ആന്റിപൈറസി സെല്ലിലെ പോലീസുകാരൻ മാമച്ചന്റെ മോൻ തന്നതാ. നീ ഇത് മോള്ടെ പുതിയ കംപ്യൂട്ടറിലിട്ട് നാലഞ്ച് കോപ്പി പകർത്തിയെടുത്ത് വെയ്ക്ക്."

സി.ഡി. വാങ്ങി അകത്തേക്ക് നടക്കുമ്പോൾ ചേച്ചിയുടെ ഭർത്താവ് കുഞ്ഞിരാമൻ ഒരു കുപ്പിയുമായി പുറത്തേക്ക് വന്നു.

"നല്ല പറങ്കിമാങ്ങയിട്ട് വാറ്റിയ കിടിലൻ സാധനമാ. ഒന്ന് പിടിപ്പിച്ചാലോ.... സ്കോച്ചിന്റെ ഗുണമാ..."

കേശവൻ മാഷിന്റെ മുഖത്ത് പൂനിലാവ് വിരിഞ്ഞു. അകത്തേക്ക് നോക്കി ഭാര്യയോടയാൾ പറഞ്ഞു.

"എടീ... ഇന്നിനി മദ്യവർജ്ജനസമിതീടെ മീറ്റിംഗിനു ഞാൻ പോണില്ല. അവര് വിളിച്ചാ ഞാൻ സ്ഥലത്തില്ലെന്ന് നീ പറഞ്ഞേര്. നാടനടിച്ചിട്ട് നാളെത്രയായി. നീ നാലഞ്ച് കോഴിമൊട്ടയെടുത്ത് ഒന്നു പൊരിച്ചേ...."

അപ്പോഴേക്കും വീഡിയോ പ്ലെയറിൽ 'ബുള്ളറ്റ്' പ്രത്യക്ഷപ്പെട്ടു കഴിഞ്ഞിരുന്നു.


●

കവിത



ശ്രീധരനുണ്ണി

# ]pd-¸nSv



കടവിനക്കരെയാണെന്റെ താമസം
സമയമില്ല പുറപ്പെടാമിപ്പൊഴേ
പഴയ തോണിയാണെങ്കിലും മറ്റൊരു
വഴിയുമില്ല; പുറപ്പെടാമിപ്പൊഴേ
കടവുകാരന്നു നൽകുവാൻ കൈകളിൽ
കരുതിയിട്ടില്ല നാണയത്തുട്ടുകൾ
കരളകത്തെ പഴകിയ നാണയം
പകുതിയേകാം തിരിച്ചു പോരേണ്ടയോ
പണിപലേതുണ്ടു പൂർത്തീകരിയ്ക്കുവാൻ
തുണിയലക്കിയുണക്കിയെടുക്കണം
കടവിനക്കരെ വീടകമെത്തിയാൽ
പഴയ മന്ത്രമുരുവിട്ടു നോക്കണം
പശിയടക്കണം പാതയിൽ ജീവന്റെ
ദിശകളിൽ തീർത്ഥ യാത്രകൾ നേരണം !

■



വിനീത വി.
+1, കുണ്ടായിത്തോട്

# ജീവിതം

ഇന്നുവിരിഞ്ഞ പൂവിനെ നാം
തലോടുമ്പോൾ
ഇന്നലെ വിരിഞ്ഞ പൂ
മനം നൊന്തു കരയുന്നു
ഹാ പുഷ്പമോ മണ്ണിലടിയുമ്പോൾ
നാം ഓർക്കുന്നുവോ
നാമും ഒരു ദിനം മണ്ണിൽ ചേരുമെന്ന്
ചിരിക്കുമ്പോൾ നാം കരുതുന്നുവോ
ഇനിയൊരിക്കൽ നാം കരയുമെന്ന്
മനുഷ്യരെ നാം ഓർക്കുന്നുവോ
ഇന്നു കണ്ടവരെയെല്ലാം നാളേ കാണുമെന്ന്
ജീവിതം ഇതാണ് കൂട്ടുകാരേ.

■

*(പേജ് 23 ൽ നിന്ന് തുടർച്ച)*

ക്കാതെ ഒരു ജോലികിട്ടാൻ വലിയ ബുദ്ധിമുട്ടാ...! കമ്പ്യൂട്ടര് അവിടെ ചെന്നാലും പഠിക്കാല്ലോ, മാത്രമല്ല അവൻ വിചാരിച്ചാൽ പഠിപ്പിനൊത്ത ഒരു ജോലി തരപ്പെടുത്തി കൊടുക്കാനും സാധിക്കും...!"

കുട്ടപ്പമ്മാമയുടെ ആർദ്രമായ സ്വരം സരസ്വതിയമ്മയുടെ കാതിൽ തേന്മഴയായി.. മനസ്സിൽ ഒരു കുളിരായി.. പെയ്തു. മേഘജ്ഞൊരികൾ നീങ്ങി നിലാവുതെളിയും പോലെ ആ മുഖം പ്രകാശിച്ചു. ആനന്ദാശ്രുക്കളാൽ അവരുടെ കണ്ണുകൾ നിറഞ്ഞു. മനസ്സിൽ കെട്ടിനിറുത്തിയിരുന്ന ശോകഭാരം മുഴുവൻ അണപൊട്ടിയൊഴുകുമെന്നും തോന്നിയപ്പോൾ ചായയെടുക്കാനെന്ന ഭാവേന സരസ്വതിയമ്മ അകത്തേക്ക് പോയി സാരിത്തലപ്പുകൊണ്ട് കണ്ണുനീർ തുടച്ചു.

അകത്ത് എല്ലാം കെട്ടുകൊണ്ടിരിക്കുകയായിരുന്ന മാളവികയുടെ മനസ്സിൽ ആനന്ദത്തിന്റെ കുളിരലകൾ അലതല്ലി. മഞ്ഞിൻമറയിലെ സൂര്യൻബിംബം പോലെ ആ മുഖം തിളങ്ങി. അപ്പോൾ അവൾ ആനന്ദനിർവൃതിയിൽ സ്വയംമറന്ന് പുസ്തകതാളിൽ "മാളവികാമാനസ്" എന്ന് കുനുകുനാ എഴുതുകയായിരുന്നു.

*(തുടരും)* ■

(പേജ് 1 ൽ നിന്ന് തുടർച്ച)

നാക്കും ഇല്ലെങ്കിൽ നാമോരോരുത്തരും കാട്ടാളരായി ജീവിക്കുമായിരുന്നു. നല്ല സാഹിത്യങ്ങളും, നോവലുകളും, ചെറുകഥകളും, ലേഖനങ്ങളും, നാടകങ്ങളും, സിനിമകളുമാണ് ഭൂമിയിലെ ഒരു പുതുയുഗത്തിലേക്ക് നമ്മെ നയിച്ചത്. മലയാളത്തിൽ നല്ല കഥകളുണ്ട്. നോവലുകളും, സാഹിത്യങ്ങളും, നാടകങ്ങളും, കവിതകളും, നല്ല രചനാസാഹിത്യകാരന്മാരും ഉണ്ട്. ശ്രദ്ധിക്കാനോ അവരെയൊന്നാദരിക്കാനോ, സാമ്പത്തിക പ്രോത്സാഹനങ്ങൾ കൊടുക്കാനോ നമുക്കാർക്കും സമയം കിട്ടാറില്ലെന്നു മാത്രം. പാരമ്പര്യത്തെ മുറുകെ പിടിച്ച് പുത്തൻ തലമുറയിലെ കഴിവുകളെ നശിപ്പിക്കുകയാണിന്ന് നാമോരോരുത്തരും ചേർന്ന്.

ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന നക്ഷത്രരാജ്യം മാസിക പേരുപോലെ സർക്കുലേഷൻ വിശാലമായതല്ല. എന്നാൽ ചിന്താഗതി ഇടുങ്ങിയതും അല്ല. ചെറിയവരാണ്. ബിസിനസ്സ് ശൃംഖല കേരളമൊട്ടുക്കും വ്യാപിച്ചിട്ടില്ല. എന്നിരുന്നാലും സമൂഹത്തിൽ ജീവിച്ചിരിക്കുന്ന മനുഷ്യരോട് പ്രതിബദ്ധതയുള്ളവരാണ്. നക്ഷത്രരാജ്യത്തിലെ സാഹിത്യരചയിതാക്കളാലും നോവലിസ്റ്റുകളാലും കഥാകൃത്തുകളാലും ലേഖകന്മാരാലും കവികളാലും ആയത് മാസികയിലൂടെ സമൂഹത്തിനുവേണ്ടി ചെയ്യുവാൻ ആഗ്രഹിക്കുന്നു ഞങ്ങൾ. അണ്ണാരകണ്ണനും തന്നാലായത് എന്നു പറഞ്ഞതുപോലെ. നിങ്ങളെ ഓരോരുത്തരേയും ഞങ്ങൾ സ്നേഹത്തിന്റെ പൂച്ചെണ്ടുകൾ നൽകി ഞങ്ങളുടെ രചയിതാക്കളാകുവാനും വായനക്കാരാകുവാനും വരിക്കാരാകുവാനും സ്വാഗതം ചെയ്യുന്നു. എന്തൊക്കെയായാലും ഞങ്ങൾ ഇവിടെ മാസികകൾ വിറ്റഴിച്ച് നാടിനെ ഇളക്കിമറിക്കുമെന്നൊന്നും വാഗ്ദാനം ചെയ്യുന്നില്ല. എന്നാൽ സാധാരണ മനുഷ്യരായ നിങ്ങളിൽ ഒരാളായി സാഹിത്യകാരന് സമൂഹത്തിൽ സംഭാവന ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി സംഭാവന ചെയ്യാൻ ഞങ്ങൾ ശ്രമിക്കും. ഉയർച്ചയും വളർച്ചയും സന്തുലിതമായ ഒന്നല്ല. നാളെ ഞങ്ങൾ കേരളത്തിലെ തന്നെ നമ്പർ വൺ മാസിക നടത്തുന്നവരാകാമായിരുന്നിരിക്കാം. ജഗദീശ്വരൻ തുണക്കട്ടെ. ഞങ്ങളെ ആരാധനയോടെ ഒന്നുപിച്ചി നോക്കാനോ നുള്ളിനോക്കാനോ ഒന്നു സ്പർശിച്ചു നിർവൃതി അടയുവാനോ ആരാധകർ കൂട്ടത്തോടെ തള്ളികയറുമെന്ന് ഞങ്ങൾ സ്വപ്നം കാണുന്നില്ല. ചിലപ്പോൾ ജഗദീശ്വരൻ പ്രതീക്ഷക്കു വിപരീതമായി അങ്ങനെയും സംഭവിപ്പിക്കുമായിരുന്നിരിക്കാം. നിങ്ങളുടെ മനസ്സിന്റെ അകത്തളങ്ങളിൽനിന്ന് പുറപ്പെടുന്ന സന്തോഷത്തിന്റെ നിർവൃതിയുടെ ഒരു പൂച്ചെണ്ട് എന്നാൽ സാഹിത്യ, സിനിമാ,മാസിക, മണ്ഡലങ്ങളിന്നു ഞങ്ങൾ നേടിയെടുക്കുമെന്ന് മാത്രം പറഞ്ഞുകൊണ്ട് വാക്കുകൾ ഉപസംഹരിക്കുന്നു. നിങ്ങൾക്കോരോരുത്തർക്കും ക്രിസ്തുമസ്സ് - ന്യൂഇയർ ആശംസകളുടെ സ്നേഹാഭിവാദ്യങ്ങൾ.

**- ചീഫ് എഡിറ്റർ** ■

(പേജ് 11 ൽ നിന്ന് തുടർച്ച)

ത്തിക ശാസ്ത്രത്തിന്റെ തലതൊട്ടപ്പന്മാരായി നടിക്കുന്ന കുത്തകകമ്പനികൾ പ്രചരിപ്പിയ്ക്കുന്നു. സ്ത്രീയുടെ എല്ലാതരത്തിലുള്ള സ്വാതന്ത്ര്യവും തങ്ങൾക്കു നല്കാൻ കഴിയുമെന്ന് ഗൃഹോപകരണനിർമ്മാണ ശാലകൾ ആണയിട്ടു പറയുമ്പോൾ നാം അന്തം വിടുന്നു.

ഒരു സൂക്ഷ്മാവലോകനത്തിൽ സ്ത്രീയുടെ ഏറ്റവും വലിയ ശത്രു സ്ത്രീതന്നെയാണെന്ന്, ഓരോ സ്ത്രീയിലും സ്വന്തം ശത്രു ഒളിച്ചിരിയ്ക്കുന്നുണ്ടെന്ന്, അതുകൊണ്ട് ഒരു സ്വയം വിമർശനത്തിന് ഓരോ സ്ത്രീയും തയ്യാറാകണമെന്ന് ഒരു തിരിച്ചറിവിലേയ്ക്ക് നാം എത്തിച്ചേരേണ്ടതുണ്ട്.

സാഹിത്യാദികലകളുടെ കാര്യത്തിൽപോലും പുരുഷന്റെ ആസ്വാദനതലത്തിൽനിന്നുകൊണ്ടാണ് സ്ത്രീയും ഇതൊക്കെ ആസ്വദിയ്ക്കുന്നതെന്ന് തോന്നിപ്പോകുന്നു. സ്ത്രീയുടെ കണ്ണുകൾ പോലും പുരുഷന്റെ കണ്ണുകളാണ് എന്നിടത്താണ് കാര്യങ്ങളുടെ കിടപ്പ്!

ആദ്യമായി വരനോടൊപ്പം വീട്ടിലെത്തുന്ന വധുവിന്റെ ആഭരണങ്ങളുടെ അളവുതൂക്കം കണക്കാക്കുന്നവരാണ്? എത്ര കൂടി കിട്ടേണ്ടതുണ്ടെന്ന് കണക്കു കൂട്ടുന്നതാരാണ്?

സ്ത്രീപീഡനക്കേസുകളിൽ സ്ത്രീയുടെ സാന്നിദ്ധ്യമില്ലാത്ത എത്ര എണ്ണം നമുക്കെടുത്തുപറയാൻ കഴിയും? എല്ലാ ചുവന്ന തെരുവുകളിലും പണപ്പെട്ടിയ്ക്കു കാവലിരിയ്ക്കുന്നതും സൗകര്യങ്ങളൊരുക്കുന്നതും ആരാണ്?

ഉള്ളവർ ഇല്ലാത്തവർക്ക് മേൽ കുതിരകയറുകയാണെന്ന്, മൂന്നാം ലോകരാഷ്ട്രങ്ങളിലേയ്ക്ക് കടന്നുവരുന്ന ലോകസുന്ദരിപ്പട്ടം ചൂണ്ടയിലെ ഇരയാണെന്ന്, അവർ സ്ത്രീത്വത്തിനെ പിച്ചിച്ചീന്തുകയാണെന്ന് നാം ഇനിയും തിരിച്ചറിയേണ്ടതുണ്ട്. സ്ത്രീയും പുരുഷനും ഒരുമിച്ചു നിന്ന് മാനവികതയ്ക്കുവേണ്ടി പോരാടേണ്ട ഈ കാലഘട്ടത്തിൽ പരസ്പരം പഴിപറയുകയോ തള്ളിപ്പറയുകയോ അല്ല വേണ്ടത്. സ്ത്രീയ്ക്കും പുരുഷനും ഒരുമിച്ചണിനിരക്കുവാനുള്ള സാർവദേശീയത്വമാർന്ന ഒരു പദ്ധതിയ്ക്ക് രൂപം കൊടുക്കുകയാണ് വേണ്ടത്. ഈ പോരാട്ടത്തിൽ സ്ത്രീയും പുരുഷനും ഒരുപോലെ എടുത്തണിയേണ്ട ആയുധം അക്ഷരങ്ങളും അതുണ്ടാക്കുന്ന അറിവും തിരിച്ചറിവുമാണ്!

■

ഈ. ആർ. കൊമ്മേരി

നോവലെറ്റ്

# സൂര്യകിരണങ്ങൾ

(കഴിഞ്ഞലക്കം തുടർച്ച)

*(കഴിഞ്ഞലക്കം കഥ ഇതുവരെ)*

പുറത്തെ പടിപ്പുരയിലേക്ക് കടന്നുവരുന്ന ഗൗരീശ്വരിയേയും കുടികിടപ്പുകാരൻ ശങ്കരനേയും കണ്ട് ലക്ഷ്മി തമ്പുരാട്ടി ചിന്തയിൽ നിന്നു ഞെട്ടി ഉണർന്നു. ഗൗരിശ്വരിയോട് തമ്പുരാൻ രവിവർമ്മയുമായുള്ള വിവാഹത്തെക്കുറിച്ചു സംസാരിച്ചു. ഗൗരീശ്വരി വിവാഹം ഇപ്പോൾ വേണ്ടെന്നു പറഞ്ഞതുകാരണം വീട്ടിലെല്ലാവരും അസ്വസ്ഥരായി. രവിവർമ്മ നടന്നു നടന്നു മദ്യത്തിന്റെ ലഹരിയിൽ കൽമണ്ഡപത്തിൽ കയറി അന്തിയുറങ്ങി.



സമയം പുലർച്ച നാലുമണിയായി കാണും. ഘടികാരത്തിലെ അലാറം നിർത്താതെ ശബ്ദിക്കുന്നതുകേട്ട് ഗൗരീസ്വരി ഉറക്കത്തിൽ നിന്നു ഞെട്ടിഉണർന്നു. പുറത്ത് അതിശക്തമായി മഞ്ഞുപെയ്യുന്നുണ്ട്. ഇലകളിലും മറ്റും മഞ്ഞുതുള്ളികൾ വീഴുന്ന ശബ്ദം തൊടിയിൽ ഇപ്പോഴും നിലച്ചിട്ടില്ല.

കിടക്കയിൽ നിന്നും എഴുന്നേറ്റ് ഗൗരീശ്വരി ചുമരിലെ സ്വിച്ചിൽ വിരലമർത്തി. ബൾബ് കഴിഞ്ഞാഴ്ചയിലെ പോലെ ഇന്നും എരിയുന്നില്ല. റംസാൻ മാസത്തിലെ അമ്പിളി പോലെ വെളിച്ചമില്ലാതെ ബൾബിനകത്തെ ഫിലമെൻര് ചുകന്നു നിൽക്കുകയാണിന്നും. പ്രഭാതത്തിലെ കറണ്ട് കട്ട് ഒരു പല്ലവിയാക്കിയിരിക്കയാണ് ഇവർ. ഇല്ലാത്ത പണം മുടക്കി ഇലക്ട്രിസിറ്റി തൊഴിലാളികളെ പോറ്റാൻ പാടുപെടുന്ന പൊതുജനങ്ങൾക്കു കിട്ടുന്ന ശിക്ഷ. മനസ്സിൽ സകല ഇലക്ട്രിസിറ്റികാരേയും ചീത്തവിളിക്കാനാണ് തോന്നിയത്. എന്നാൽ താനൊരു പെണ്ണാണെന്ന ബോധം മനസ്സിലിരുന്നു വിലക്കി. ഇന്നലെ രാത്രിയിൽ താനൊരു പോള കണ്ണടച്ചിട്ടില്ല.


ഗൗരീശ്വരി എഴുന്നേറ്റ് ഇടനാഴികയിൽ വെച്ച തൂക്കുവിളക്കിലെ തിരികൾക്ക് തീ കൊളുത്തി. ഇരുട്ടായി കിടക്കുന്നിടത്ത് വെട്ടം വന്നപ്പോൾ മനസ്സിനൊരാശ്വാസംപോലെ. ഓർത്താൽ ഇപ്പോൾ തന്റെ മനസ്സിലും ഇരുട്ടല്ലേ?... കണ്ണെത്താദൂരെ നീണ്ടുപരന്നുകിടക്കുന്ന കൂരിരുട്ട്. കൂരിരുട്ടായി കിടക്കുന്ന തന്റെ മനസ്സിലേക്ക് പ്രകാശത്തിന്റെ ഒരു കണികയെങ്കിലും വന്നെത്താതിരുന്നെങ്കിലോ?... ഈശ്വരാ... ഇന്നലെ താൻ കാരണമല്ലേ?....

അച്ഛനെ കുറിച്ചോർത്തപ്പോൾ ഗൗരീശ്വരിയുടെ കണ്ണുകൾ നിറഞ്ഞു.


ഇന്നലെ രാത്രിയിൽ അച്ഛൻ ഒരു വക കഴിച്ചിട്ടില്ല. തന്നെകുറിച്ച് ഓർത്ത് അച്ഛൻ സദാ വേവലാതിയി

(ശേഷം പേജ് 30)

ലേഖനം



ബിജു പെരുമണ്ണ



# ബഷീർ മലയാളത്തിന്റെ സുൽത്താൻ

മലയാളത്തിന്റെ സുൽത്താൻ എന്ന വിശേഷണം വൈക്കം മുഹമ്മദ് ബഷീറീനു തികച്ചും ഉചിതമാണ്. സ്വന്തമായ ഒരു പാത വെട്ടിതെളിയിക്കുകയായിരുന്നു അദ്ദേഹം മലയാള സാഹിത്യത്തിൽ. 1908 ജനുവരി 20 നാണ് ബഷീർ ജനിച്ചത്. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ ആവേശം പൂണ്ട് വീട്ടിൽ നിന്ന് ഒളിച്ചോടി കോഴിക്കോട്ട് വന്ന് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിൽ ശിക്ഷ വരിച്ചു ബ്രിട്ടീഷ് ഭരണത്തിനെതിരെ പോരാടി.

ഭാഷയുടെ ഘടന, വ്യാകരണം എന്നിവയെ അവഗണിച്ച് ലളിതമായ മലയാളത്തിൽ ബഷീർ കഥകളെഴുതി. ബാല്യകാലസഖി എന്ന നോവലിൽ ഒന്നും ഒന്നും രണ്ടല്ല എന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു. ഇതൊരു തിരിച്ചറിവാണ്. ഇത്തരം തിരിച്ചറിവുകളാണ് എക്കാലവും ബഷീറിന്റെ കൃതികളിൽ കാണാൻ കഴിയുന്നത്.

സമൂഹത്തിലെ അനീതിക്കെതിരെ പ്രതികരിക്കാനുള്ള ആയുധമായി ബഷീറിന്റെ തൂലിക മാറി. പിശാചിന്റെ കഥകളും ബഷീറിന്റെ കൃതികളിൽ കാണാം. അന്നത്തെ ജീവിതത്തിന്റെ സാമൂഹിക പ്രശ്നങ്ങളെ അദ്ദേഹത്തിന്റെ കൃതികളിൽ അടയാളപ്പെടുത്തന്നുണ്ട്. അദ്ദേഹം 1952ൽ എഴുതിയ പാത്തുമ്മയുടെ ആട് എന്ന നോവൽ 1959ലാണ് പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നത്. കൂട്ടുകുടുംബവ്യവസ്ഥയിലെ പ്രശ്നങ്ങൾ ഈ നോവലിൽ മുഴുനീളെ കാണാം. സാമ്പത്തികമായ ചൂഷണം, സ്ത്രീകളോടുള്ള അവഗണന, ദാരിദ്ര്യം, കുടുംബജീവിതത്തിലെ അസ്വസ്ഥതകൾ എന്നിവയെല്ലാം ഇവിടെ കടന്നുവരുന്നു. പ്രകൃതിയോടുള്ള തീവ്രമായ പ്രേമം, മനുഷ്യനോടെന്നപോലെ മനുഷ്യേതര ജീവികളോടുമുള്ള തീവ്രമായ അനുരാഗം എന്നിവയെല്ലാം പാത്തുമ്മയുടെ ആട് എന്ന നോവലിന്റെ മുഖ്യസവിശേഷതകളാണ്.

നിസ്സാരമായ കാര്യത്തെപോലും മനോഹരമായി ആവിഷ്കരിക്കുവാനുള്ള ബഷീറിന്റെ കഥനപാടവം ഇവിടെ തെളിഞ്ഞു കാണാം. ജീവിതം തന്നെയാണ് ഏറ്റവും വലുത് എന്ന് ബഷീർ തിരിച്ചറിയുന്നുണ്ട്. ഹാസ്യത്തെ വളരെ മനോഹരമായി അവതരിപ്പിക്കു

വാൻ ബഷീറിന് കഴിഞ്ഞു. അർത്ഥ ശൂന്യമായ പദങ്ങളിൽ പോലും അർത്ഥപൂർണമായ ഒരു ഭാഷ സൃഷ്ടിച്ചെടുക്കാൻ ബഷീറിനു കഴിഞ്ഞു എന്നത് വായനയിലൂടെ നമുക്ക് അദ്ദേഹത്തിന്റെ കൃതികളിൽ നിന്നു മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്.

ഗഹനമായ ആശയങ്ങൾക്ക് വർദ്ധിച്ച പ്രാധാന്യം നൽകുന്ന ഇന്നത്തെക്കാലത്തും ബഷീറിന്റെ കൃതികൾ മങ്ങാതെ നല്ല തിളക്കത്തോടെ നിലനിൽക്കുന്നു. സാധാരണക്കാരന്റെ ദു:ഖങ്ങളെ തികച്ചും നാടൻ തെളിമയുള്ള ഭാഷയിൽ ആവിഷ്കരിക്കാൻ ബഷീറിന് കഴിയുന്നുണ്ട്. മനുഷ്യനിലെ നന്മയെ ഉദ്ഘോഷിക്കുകയാണ് ബഷീർ. അനുപമമായ ഒരു സാഹിത്യ ചക്രവാളത്തിലേക്ക് നമ്മെ അനുനയിക്കുകയാണ് ബഷീർ തന്റെ കൃതികളിലൂടെ ചെയ്തത്.

ബഷീറിന്റെ ഭാഷ ഒരു കാലഘട്ടത്തിന്റെ അടയാളപ്പെടുത്തലുകളായി തെളിഞ്ഞു നിൽക്കുകയാണിന്നും മലയാളത്തിൽ. ■

*(പേജ് 28ൽ നിന്ന് തുടർച്ച)*

ലാണെന്ന് നല്ലപോലെ അറിവുള്ളതാണ് തനിക്കും. അമ്മയുടെ മനസ്സിലും ഒരു സമാധാനവുമില്ലാതായിരിക്കുന്നു തന്നെ കുറിച്ചോർത്ത്. ഇതിനെല്ലാം കാരണം രവിയേട്ടന്റെ താന്തോന്നിയായുള്ള ജീവിതവും കള്ളുകുടിയുമല്ലേ? ചിലപ്പോഴൊക്കെ രവിയേട്ടനോട് സ്നേഹ ത്തെക്കാളേറെ പകയാണുദിക്കാറ് മനസ്സിൽ. എന്തൊരു ജീവിതമാണ് അദ്ദേഹത്തിന്റേത്. ശൈശവത്തിൽ തന്റെ കഴുത്തിൽ മിന്നുകെട്ടിയ പ്രതിശ്രുത വരനാണു പോലും. ഗൗരീശ്വരിയുടെ മനസ്സിൽ ചിലപ്പോഴെന്നപോലെ അയാളോടുള്ള അമർഷം നുരഞ്ഞുപൊങ്ങി. ശരീരമാകെ വൈദ്യുതപ്രവാഹമേറ്റതുപോലെ നിന്നു വിറച്ചു.

ഈശ്വരാ താനെന്താണ് ചിന്തിക്കുന്നത്. ഗൗരീശ്വരിയുടെ ഉള്ളൊന്നുപിടഞ്ഞു. മനസ്സിന്റെ ബലക്ഷയത്തിൽ ശരീരം തളർന്ന് കണ്ണിൽ ഇരുട്ടുകയറുന്നതുപോലെ. സ്വയം ചോദിച്ചു പോയി. തനിക്കദ്ദേഹത്തോടു സ്നേഹമുണ്ടോ?... വിരസതയോടെ മനസ്സാവർത്തിച്ചാവർത്തിച്ച് ചോദിച്ചു. ഉണ്ടോ....?

ഉണ്ടാകാതിരിക്കാൻ ഇടയില്ല. കാരണം വർഷങ്ങൾക്കു മുന്നേ ഇങ്ങനെയൊന്നുമല്ലായിരുന്നല്ലോ അദ്ദേഹം. ആന്തരികമനസ്സാണ് ഉത്തരം പറയുന്നത്. അത് സത്യമല്ലേ....? തനിക്ക് രവിയേട്ടനോട് സ്നേഹമില്ലേ? ഗൗരീശ്വരിയുടെ മനസ്സ് പിന്നേയും ബാല്യകാലത്തിലേക്ക് സഞ്ചരിച്ചു.

5

പ്രഭാതത്തിലെ സൂര്യകിരണങ്ങൾക്ക് ചൂടുകൂടി. കൽമണ്ഡപത്തിലെ സിമന്റുതറ സൂര്യാഘാതമേറ്റ് പൊള്ളി ശരീരം ചൂട്ടുപഴുത്തപ്പോൾ രവിവർമ്മ ചിന്തയിൽ നിന്ന് പെട്ടെന്ന് ഞെട്ടി ഉണർന്നു. മനസ്സിൽ ചില കണക്കുകൂട്ടലുകളെല്ലാം കൂട്ടിയിട്ടുണ്ട്. ഇന്നെന്തായാലും ഗൗരീശ്വരിയെ കാണണം. ഒമ്പതുമണിയെങ്കിലുമാകും ഗൗരീശ്വരി വീട്ടിൽ നിന്നു നടന്നു കൽമണ്ഡപത്തിനടുത്തെത്താൻ. പിന്നേയും ഒരു മൈൽസ് നടന്നാൽ ടൗണിലേക്കുള്ള ബസ്സു കിട്ടും അവൾക്ക്. പിന്നീടൊരിക്കലും അവളെ ഈ ആഴ്ച കാണാൻ പറ്റില്ല. ഹോസ്റ്റലിലായിരിക്കും പിന്നീടുള്ള ദിവസങ്ങൾ. തന്റെ തീരുമാനം ഉറച്ചതാണ്. ഇന്ന് ഗൗരീശ്വരിയെ കണ്ട് വിവാഹത്തെകുറിച്ചുള്ള കാര്യങ്ങൾ സംസാരിക്കണം.

രവിവർമ്മ എഴുന്നേറ്റ് ആൽതറക്കരുകിലുള്ള കിണറ്റിൻകരയിലേക്ക് നടന്നു. തോർത്ത് കൈയിൽ കരുതിയത് നന്നായി. മനസ്സു തണുക്കുന്നതുവരെ വെള്ളം കോരിയൊഴിച്ചു തലയിൽ. ഇന്നലത്തെ മദ്യത്തിന്റെ കെട്ടിന് അയവ് വന്നിട്ടുണ്ട്. ഷർട്ടും മുണ്ടും മാറി രവിവർമ്മ ഗൗരീശ്വരിയേയും കാത്ത് കൽമണ്ഡപത്തിലിരുന്നു.

(തുടരും) ■




*അസൂയ്യാവഹമായ വസ്ത്രധാരണത്തിന് തുണികൾ **അസൂയ്യ** ഡിറ്റർജന്റ് പൗഡർ കൊണ്ട് വാഷ് ചെയ്യുക*

**തുണികൾക്ക് വെണ്മയേകുന്നു**

**കൈകൾക്ക് ഹാനികരവുമല്ല**

Power Action
ASSOYYA
DETERGENT POWDER

നോവലെറ്റ്



ഏ.പി. സുരേഷ്

# മിഠായി തെരുവ്

**ഒന്ന്**

ഉറക്കമില്ലാത്ത വാണിഭ തെരുവുകൾ.

നിയോൺ വിളക്കിൽ നിന്നും പൊഴിയുന്ന വെളിച്ചത്തിന്റെ പ്രളയത്തിൽ മുങ്ങി, ഉണർന്നിരിക്കുന്ന തെരുവുകൾ! ഹൃദയത്തിൽ നന്മയും തിന്മയും നിറച്ച് സദാ ഉണർന്നിരിക്കുന്ന നഗരത്തിന്റെ ഒരു കഷ്ണമാണ് ഈ തെരുവ്!

മിഠായ് തെരുവ്!

ഉറക്കമില്ലാത്ത നഗരമാണിത്. രാവും പകലും ഇമ പൂട്ടാതെ ഉണർന്ന് എപ്പോഴും ജാഗരൂഗമാണ് ഈ നഗരം!

രാജവീഥികളും ഇടവഴികളും ദേശീയപാതകളും ഈ നഗരത്തിന്റെ മാറിലൂടെ പല കൈവഴികളായി നീണ്ടുകിടക്കുന്നു. കച്ചവട കേന്ദ്രവുമാണ് ഈ നഗരം.

ഈ നഗരത്തിലേയ്ക്ക് അറിയാതെ എത്തിപ്പെടുകയായിരുന്നില്ല ഋഷി. ഒരു പ്രമുഖ പത്രസ്ഥാപനത്തിലേയ്ക്ക് ചെറിയൊരു ജോലി. അടുത്ത ദിവസം ജോലിയ്ക്ക് ചേരണം. കൂടികാഴ്ച നേരത്തെ കഴിഞ്ഞതാണ്. ജേർണലിസത്തിൽ സ്വർണ്ണ മെഡൽ ജേതാവായ ഋഷി ഉപാധികളൊന്നും കൂടാതെ തിരഞ്ഞെടുക്കപ്പെടുകയായിരുന്നു.

ഒരു വൃത്തിയുള്ള നീളൻകുപ്പായവും പാന്റുമാണ് വേഷം. തോളിൽ ഖദറിന്റെ കൈനീണ്ട സഞ്ചി മാത്രമേ കൂടെ കൊണ്ടുവന്നുള്ളൂ. നാട്ടിൽ നിന്നുള്ള ഒരു ഒളിച്ചോട്ടമായിരുന്നു ഈ യാത്ര. സഞ്ചിയിൽ അത്യാവശ്യത്തിനുള്ള സാധനങ്ങൾ മാത്രം. എത്രയും പെട്ടെന്ന് ജോലിയിൽ പ്രവേശിക്കുക എന്ന ഓർഡർ തപാലിൽ സ്വന്തം മേൽവിലാസത്തിൽ വന്നതു ഒപ്പിട്ടു വാങ്ങിയപ്പോൾ ആരോടും പറയാതെ യാത്രയാവുകയായിരുന്നു.

സ്റ്റേഷനിൽ നിന്നും രാത്രിവണ്ടി ഇറങ്ങിവരുന്ന വഴിയാണ്. യാത്രക്കാരായി കൂടെ ഇറങ്ങിയവർ പല വഴികളിലൂടെ പോയി. ദിക്കറ്റവനെ പോലെ ഋഷി ചുറ്റിലും നോക്കി. മുന്നിൽ നീണ്ടുപോകുന്ന കൈവഴികൾ.

നേരെ പത്രമാഫീസ്സിലേയ്ക്ക് പോയാലോ? ഋഷി ഒന്നാലോചിച്ചു. പാതയോരത്തു ഓട്ടോറിക്ഷകൾ യാത്രക്കാരെ കാത്തുകിടക്കുന്നു. നാളെകാലത്ത് ജോലിയിൽ പ്രവേശിയ്ക്കാം എന്ന ചിന്തയിൽ മുമ്പിലെ നീണ്ടുകിടക്കുന്ന രാജവീഥിയിലേയ്ക്ക് ഇറങ്ങി വെളിച്ചത്തിന്റെ പ്രളയത്തിലൂടെ അവൻ നടന്നു.

ഏതാനും യാത്രക്കാർ അവനെ കടന്നുപോയി. വാച്ചിൽ നോക്കിയപ്പോൾ നേരം പുലരാൻ ഇനിയും സമയമുണ്ട്. അർദ്ധരാത്രി പിന്നിട്ടിരിയ്ക്കുന്നു.

ഗ്രാമത്തിന്റെ വിശുദ്ധിയിൽ വളർന്ന ഋഷിയ്ക്ക് ഒരു ജോലി അനിവാര്യമായിരുന്നു. നാട്ടിലെ ജീവിതം വർണ്ണങ്ങൾ നിറഞ്ഞവയായിരുന്നില്ല. പഠിപ്പിൽ മികവ് തെളി



യിച്ചവനായിരുന്നു ഋഷി. എന്നിട്ടും പക്ഷേ കല്ലുമുള്ളും നിറഞ്ഞ ജീവിതവീഥിയിലൂടെ ദിക്കറ്റവനെ പോലെ അലയാനായിരുന്നു വിധി! തൊഴിൽ രഹിതൻ എന്ന ഖ്യാതി കുടുംബസദസ്സുകളിൽ ഋഷിയെ ഒറ്റപ്പെട്ടവനാക്കി. എല്ലാവരോടും എല്ലാറ്റിനോടും അകലം വെച്ച് നടന്ന ഋഷിയ്ക്ക് കച്ചി തുരുമ്പ് പോലെയായി ഈ ജോലി.

റോഡിനിരുവശങ്ങളിലും അടഞ്ഞുകിടക്കുന്ന കടകൾക്ക് മുമ്പിൽ ഉന്ത് വണ്ടിയിൽ ചായകച്ചവടം. ഏത് നേരത്തും ഈ വണ്ടികളിൽ നിന്നും ചായയും പലഹാരവും റെഡി. ഋഷി ഒരു ഉന്തു വണ്ടിയിക്കു മുമ്പിൽ ചെന്ന് ചായ്ക്ക് ഓർഡർ നല്കി കാത്തു നിന്നു. ഒറ്റയ്ക്കും കൂട്ടമായും അപരിചിതർ അവന് മുമ്പിലൂടെ കടന്നു പോയി. ആരും ആരേയും ശ്രദ്ധിയ്ക്കുന്നില്ല.

അതു നഗരത്തിന്റെ പ്രത്യേകതയാണ്.

ഗ്രാമങ്ങളിൽ എല്ലാവരും സുപരിചിതർ. നഗരത്തിൽ ആർക്കും ആരേയും അറിയാൻ നേരമില്ല. ഋഷിയുടെ മുമ്പിലിപ്പോൾ നാലുഭാഗങ്ങളിലേയ്ക്കും നീണ്ടുകിടക്കുന്ന രാജവീഥികളാണ്.

വെളിച്ച പ്രളയത്തിലൂടെയുള്ള ഈ നടത്തം നിർത്തി ഓട്ടോ പിടിച്ച് നേരെ പത്രമാഫീസ്സിലേയ്ക്ക് പോയാലോ എന്ന് അവൻ ഒരു മാത്ര ചിന്തിച്ചു. പക്ഷേ ഒരു ജേർണലിസ്റ്റിന്റെ മനസ്സ് അവനിൽ ഉണർന്നിരിപ്പുണ്ടായിരുന്നു. നടത്തം തുടരുക തന്നേ! അന്നേരം എവിടെ നിന്നെന്നറിയില്ല. ഒരു 'നൈറ്റ് പെട്രോൾ' ഋഷിയുടെ അടുത്ത് ബ്രേക്കിട്ടു. പെട്ടെന്നായതുകൊണ്ട് അവൻ ഒരു നിമിഷമൊന്ന് ഭയന്നു.

–ഉം., എവിടുന്നാ – വണ്ടിയിൽ നിന്നും തല നീട്ടി ഒരു കാക്കിയുടുപ്പുകാരൻ തിരക്കി.

അവന് മറുപടി പറയാൻ അല്പം ആലോചിക്കേണ്ടി വന്നില്ല. എന്നിട്ടും പക്ഷേ പോലീസുകാരൻ ഋഷിയെ ആപാദചൂഡം ഒന്നുഴിഞ്ഞു.

പത്രക്കാരെ വെറുതേ മുഷിപ്പിയ്ക്കേണ്ടെന്ന് കരുതിയാവണം ജീപ്പ് ശബ്ദമുണ്ടാക്കി മുന്നോട്ടെടുത്തു.

ഇനിയും ഈ നഗരത്തിൽ കറങ്ങേണ്ടെന്ന് ഋഷി ഉറച്ചു. മുമ്പിൽ വന്നുനിന്ന ഓട്ടോ കൈ കാണിച്ച് നിർത്തി. അതിൽ കയറി ഇറങ്ങേണ്ട പത്രമാഫീസ്സിന്റെ പേരു പറഞ്ഞു. നഗരത്തിലൂടെ ഓട്ടോ ഓടിതുടങ്ങി. ലിങ്ക് റോഡിലെത്തിയപ്പോൾ ഓട്ടോയ്ക്ക് കുറുകേ ഒരു ഓമ്നി വാൻ ബ്രേക്കിട്ടു നിർത്തി. പൊടുന്നനവേ, നിർത്തിയ വാനിന്റെ ഡോർ തുറന്നു ഒരു സുന്ദരിയായ യുവതി അതിൽ നിന്നും ചാടി ഇറങ്ങി. പിറകേ രണ്ട് അതികായന്മാർ അവളെ പിടിയ്ക്കാൻ വാനിൽ നിന്നും പുറത്തേയ്ക്കു ചാടി. ഋഷി ഓട്ടോയിൽ ഇരുന്ന് ആ കാഴ്ച കാണുകയാണ്. ചുരിദാർ ധരിച്ച സുന്ദരിയായ യുവതിയാവട്ടെ ഭയപ്പാടോടെ ഋഷിയെ നോക്കി. രക്ഷപ്പെടുത്തു എന്ന് അവളുടെ മുഖം അപേക്ഷിച്ചു. അപ്പോഴേയ്ക്കും പിന്നാലെ ഓടിവന്നവർ അവളുടെ കൈയ്യിൽ കയറി പിടിച്ചു. യുവതിയുടെ പ്രത്യാക്രമണം പക്ഷേ വിലപോയില്ല. ഋഷിയുടെ മുമ്പിൽ നിന്നും അവർ അവളെ വലിച്ചിഴച്ച് വാനിനരികിലേയ്ക്ക് കൊണ്ടുപോയി. നടുക്കുന്ന കാഴ്ച കാണാൻ ഋഷിയടക്കം ഒന്നോ രണ്ടോ പേരല്ലാതെ നഗരം അപ്പോൾ വിജനം. രാജവീഥിയിൽ വെളിച്ചത്തിന്റെ പ്രളയത്തിൽ തരിച്ചു നിൽക്കുന്ന ഋഷി! യുവതിയെ വാനിലേയ്ക്ക് പിടിച്ചുതള്ളി ആ ക്രിമിനലുകൾ. വാനിലുള്ളിലായ യുവതിയേയും കൊണ്ട് ശരം കണക്കേ വണ്ടി കുതിച്ചു. ഋഷിയ്ക്കപ്പോൾ സ്ഥലകാല ബോധം നഷ്ടം വന്നിരുന്നു.

(തുടരും) ■



മലയാളത്തിന്റെ നിത്യവസന്തം
**പത്മഭൂഷൺ പ്രേംനസീർ**
നമ്മെ വിട്ടുപിരിഞ്ഞിട്ട്
ഇന്നേക്ക് 20 വർഷമായി.
അദ്ദേഹത്തിന്റെ സ്മരണയിൽ
മലയാള സിനിമാ ആസ്വാദകർ
ഒരുപിടി പുഷ്പങ്ങൾ
അർപ്പിക്കുന്നു

















മേനേജ്മെന്റ് & സ്റ്റാഫ്
നക്ഷത്രരാജ്യം മാസിക,
മാങ്കാവ്, കോഴിക്കോട് – 673 007



Tel:2770188
2900617

TI TONI

AUTOMATIONS PVT.LTD.

Computer Sales
& Service

Diamond Apartments, Ground Floor,
St. Vincent Colony Cross Road,
Ashokapuram, Calicut -6
E-mail: titoni_a@dataone.in

Hi - TOCKEY
STEEL INDUSTRIES

safety and security strengthed by steel

കൊമ്മേരി, മാങ്കാവ് പി.ഒ.
കോഴിക്കോട് -07







നിങ്ങൾ ഉദ്ദേശിക്കുന്ന തരത്തിലുള്ള സ്റ്റീൽ അല
മാരകളും കബോഡ് മേശകളും നിങ്ങളുടെ ഇഷ്ട
ത്തിനനുസരിച്ച് നിർമ്മിച്ചുകൊടുക്കുകയും
കൂടാതെ സ്റ്റീൽ ഫർണിച്ചറുകൾ കമ്പനി
വിലയ്ക്ക് വിൽക്കപ്പെടുകയും ചെയ്യുന്നു ആവശ്യ
മുള്ളവർ ഈ നമ്പറുമായി ബന്ധപ്പെടുക

Mob: 9847222493

Mob: 9846412070





എല്ലാവിധ ഇൻഡസ്ട്രിയൽ
ജോലികൾക്കും സമീപിക്കുക

ശാരദ
ഇൻഡസ്ട്രിയൽസ്

കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് - 673 007

Ph: 9746143525

Bride's Makeup




Soundharya

Beauty Parlor

Sethus Building, Near Federal Bank ATM
Thondayad, Calicut – 16

ലേഖനം



ഇ. രാധാകൃഷ്ണൻ

# സഞ്ജയൻ (എം.ആർ.നായർ) = കാലിക പ്രസക്തിയുള്ള മലയാള സാഹിത്യം




സഞ്ജയൻ - സാമൂഹിക അനീതിയോടും അസമത്വത്തോടും മനുഷ്യസ്നേഹമില്ലായ്മയോടും പ്രതികരക്കുവാൻ സാമ്പത്തിക ശേഷിയും സാമൂഹിക ശക്തിയും കൈക്കരുത്തും ഇല്ലാത്തവന് സ്വന്തം ആത്മാവുകൊണ്ടെങ്കിലും പ്രതികരിച്ചു ജീവിക്കുവാൻ സമകാലിക കഥകളിലെയും നോവലുകളിലെയും ലേഖനങ്ങളിലെയും ഹാസ്യാത്മക കഥാപാത്രങ്ങളുടെ സൃഷ്ടാവും ആശയസമരങ്ങളുടെ നെടും തൂണും മലയാള സാഹിത്യത്തിലും നിരൂപണ സാഹിത്യത്തിലും തനിക്ക് തുല്യനായി മറ്റൊരാളില്ലെന്ന് ആസ്വാദകരെക്കൊണ്ട് പറയിച്ച ഹാസ്യാത്മക പ്രതികരണ ശേഷി കൊണ്ട് മലയാളത്തെ കീഴടക്കിയ സാഹിത്യകാരനുമാണ്.

പുരോഗമന സാഹിത്യത്തിന്റെ പേരിൽ മനുഷ്യനെ സുഖിപ്പിക്കുന്നതിനും സുഖിപ്പിച്ചു രസിപ്പിക്കുന്നതിനുമുള്ളതെന്ന ലേബലിൽ മനുഷ്യ സ്നേഹം മറന്ന, മനുഷ്യത്വം മറന്ന. അസമത്വവും അനീതിയും അധർമ്മവും സാമൂഹിക മനുഷ്യ മനസ്സിൽ നിന്നു വേർപിരിയുവാനുള്ള പാത്രസൃഷ്ടി ഉൾക്കാഴ്ചയില്ലാത്ത എന്നാൽ മലയാളിയും മലയാളവും കൊട്ടിഘോഷിക്കുന്ന ചില സാഹിത്യാചാര്യന്മാരുടെ പ്രഭാവലയത്തിൽ മലയാളിയുടെ മനസ്സിലും മലയയാളത്തിലും നിഷ്പ്രഭമായിപ്പോയ എം.ആർ. നായർ എന്ന സജ്ജയൻ ആക്ഷേപ ഹാസ്യസാഹിത്യങ്ങൾ രചിക്കുവാൻ തൂലിക പടവാളാക്കി രക്തരഹിതമായ വിപ്ലവത്തിന് മലയാളത്തിലും മലയാളിയുടെ മനസ്സിലും തിരികൊളുത്തിയ ജേതാവായ വിപ്ലവകാരിയാണ്.

പത്രസൃഷ്ടി രചന കൊണ്ട് ആരാധകരേയും നിലയും വിലയും പുകളും കീർത്തിയും പണവും സ്ഥാനമാനങ്ങളും മാത്രമല്ല, സജ്ജയന് കിട്ടിയിരുന്നത്. കൂടെ അസമത്വവും അനീതിയും അധർമ്മവും സ്നേഹമില്ലായ്മയും മനുഷ്യമനസ്സിൽ നിന്ന് വേർപിരിയുവാനുള്ള പാത്രസൃഷ്ടി ഉൾക്കാഴ്ചയുള്ള പ്രതികരണ ശേഷി ഹാസ്യാത്മകമായുള്ളവർ എന്ന ഖ്യാതിയും കൂടിയായിരുന്നു.

സമൂഹത്തിൽ ഉത്തമരായി ജീവിക്കുന്ന മനുഷ്യ



രുടെ മനസ്സുകളെ അധമപ്രവർത്തികൾക്ക് പ്രോത്സാഹിപ്പിക്കുകയും മനുഷ്യസമൂഹത്തിൽ അശാന്തിയും സംഘർഷവും പരിഭ്രാന്തിയും പടരുന്ന കുത്സിതമാർഗ്ഗങ്ങളിലേക്ക് യുവാക്കളുടെ പ്രവർത്തികൾ കൊണ്ടെത്തിക്കുകയും ചെയ്യുന്ന കുടിലവും കുത്സുതവും കുതന്ത്രപരവുമായ ആശയങ്ങൾ സമൂഹത്തിൽ വേരൂന്നതിനു വളക്കൂറുള്ള മണ്ണാകുന്ന നിലയിൽ കേരളത്തെയും നമ്മുടെ മാതൃരാജ്യത്തെയും അധ:പതിപ്പിക്കുന്നതിന് ഒരു പരിധി വരെ മുഖ്യപങ്ക് വഹിക്കുന്നത് സാഹിത്യ സൃഷ്ടാവിന്റെ രചനയെ അല്ലെങ്കിൽ കഥയെ നയിക്കുന്ന നായക കഥാപാത്രത്തിന് ധീരനും ആദർശധീരനും ആകുവാനുള്ള കഥാപാത്രസൃഷ്ടിയാകുമെന്ന് ഉൾക്കാഴ്ചയോടെ മനസ്സറിഞ്ഞു സാഹിത്യങ്ങൾ രചിച്ച സജ്ജയൻ കാലിക പ്രസക്തിയുള്ള യുഗപുരുഷൻ തന്നെയാണ്. സമൂഹത്തിന്റെ ജീവനാഡിയായ യുവജനത വഴിതെറ്റി പോകുവാതിരിക്കുവാനുള്ള ഉൾകാഴ്ച കാലികസാഹിത്യരചയിതാക്കൾക്കില്ലാത്തതുകൊണ്ടുതന്നെയാണ് കാലികപ്രസക്തി സഞ്ജയന്റെ തിരുനെറ്റിയിൽ പൊൻതൂവലായി ഇന്നും നിലനിൽക്കുന്നതെന്നതാണ് യാഥാർത്ഥ്യം.

കാണുന്നതെല്ലാം പൊന്നല്ലെന്നും – സാഹിത്യങ്ങൾ രചിക്കുന്നവരെല്ലാം നല്ല സാഹിത്യകാരൻമാരെല്ലെന്നും – രചിക്കപ്പെട്ട എല്ലാ സാഹിത്യങ്ങളും നല്ല സാഹിത്യങ്ങളല്ലെന്നും കാര്യകാരണസഹിതം സാഹിത്യആസ്വാദകരെ ബോദ്ധ്യപ്പെടുത്തുന്നതിൽ സാഹിത്യനിരൂപണരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച സഞ്ജയന്റെ മിടുക്ക് മലയാളനോവൽ സാഹിത്യത്തിന്റെ പിതാവായ ഒ. ചന്തുമേനോനേയും, സി.വി. രാമൻപിള്ളയേയും, വേങ്ങയിൽ കുഞ്ഞിരാമനേയും പോലു ള്ളവരെ പോലും വെറുതെ വിട്ടിരുന്നില്ല. അതുകൊണ്ടുതന്നെ മനുഷ്യസമൂഹത്തിൽ അശാന്തിയും സംഘർഷവും, പരിഭ്രാന്തിയും പടരുന്ന കുത്സിതമാർഗ്ഗങ്ങളിലേക്ക് യുവാക്കളുടെ പ്രവർത്തികൾ ചെന്നെത്തുന്ന കുടിലവും കുത്സിതവും കുതന്ത്രപരവുമായ ആശയങ്ങൾ ആളുകളുടെ മനസ്സിൽ വേരോടിക്കുവാൻ സജ്ഞയ ജീവിതകാലത്തെ നോവൽ സാഹിത്യരചയിതാക്കളും കവികളും ധൈര്യപ്പെട്ടിരുന്നില്ല.

സാഹിത്യരചനാധർമ്മം ആസ്വാദകരോടു കാണിക്കുവാതെ സാഹിത്യരചനാ സ്വാതന്ത്ര്യത്തിനു വേണ്ടി മുറവിളികൂട്ടുന്ന ചില കാലികസാഹിത്യകാരന്മാർ ധനം സമ്പാദിക്കുന്നതിനുവേണ്ടിയും സ്വന്തം പുകളിനും പേരിനും പ്രശസ്തിക്കും സ്ഥാനമാനങ്ങൾക്കും വേണ്ടിയും ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുവാൻവേണ്ടി സാഹിത്യരചനാധർമ്മം സ്വതന്ത്രമാക്കുവാൻ മുറവിളി കൂട്ടുന്നു. അയ്യേ കഷ്ടം! നീയും ഒരു സാഹിത്യകാരനോ എന്നു സഞ്ജയനെ പോലുള്ള മലയാളസാഹിത്യ ആചാര്യൻമാരും സാഹിത്യങ്ങളുടെ പിതാക്കളും മൂക്കത്തു വരിൽവച്ച് ആശ്ചര്യപ്പെടുമ്പോഴും സമൂഹവും സമൂഹത്തിലെ ജനങ്ങളും അവരെകൊണ്ടാടുന്നു. ആനയും അമ്പാരിയുമായി തേരോട്ടം നടത്തുവാൻ സമൂഹത്തിലെ നാനാതുറകളും അവർക്ക് തുറന്നുകൊടുക്കുന്നു. അവരിവിടെ തമ്പുരാൻ സാഹിത്യങ്ങളുടെ മനുഷ്യരുടെ എല്ലാത്തിന്റേയും തമ്പുരാൻ. സഞ്ജയനെപോലെ സമൂഹത്തിനോടു കരുണ കാണിച്ച സാഹിത്യകാരന്മാർ ഇന്നില്ല എങ്കിലും മനസ്സാക്ഷി സമൂഹത്തിനോടുകാണിക്കുന്ന ചിലരുടെ മനസ്സിലെങ്കിലും സഞ്ജയൻ ജീവിക്കുന്നു.

ഭാരതത്തിന്റെ വ്യവസ്ഥിതി തച്ചുടക്കുവാൻ സാമ്രാജിത്വത്തിലെ കഴുകന്മാർ വട്ടമിട്ടുപറക്കുന്ന ഇന്ത്യാരാജ്യം. പട്ടിണികൊണ്ടു മക്കളെ വില്ക്കുന്ന അമ്മമാർ. ചേക്കേറുവാൻ ഇടമില്ലാതെ കാട്ടീന്നുപോലും നിഷ്കാസിതരാകുന്ന ആദിവാസികൾ. ജീവൻ നിലനിൽക്കുവാൻ ആവശ്യമായ ആഹാരം പോലും കിട്ടാതെ രോഗത്തോടുമല്ലടിക്കുന്ന വടക്കേ ഇന്ത്യൻ ഗ്രാമങ്ങൾ. വിഘടിച്ചു നില്ക്കുന്ന മതങ്ങളേയും സമൂഹത്തിലെ ജനങ്ങളേയും ഏകോപിപ്പിച്ച് സമൂഹത്തിലെ





ജനങ്ങളെ പ്രതികരണശേഷിയുള്ളവരാക്കേണ്ടത് രാഷ്ട്രീയക്കാരന്റെ പണിയാണെന്നും അല്ലാതെ സാഹിത്യകാരന്റേതല്ല അപ്പണിയെന്നും വാദിക്കുന്ന ചില സാഹിത്യനായകന്മാർ. സ്വന്തം കീശ വീർപ്പിക്കുവാൻ കാശിനും പേരിനും പ്രശസ്തിക്കും വേണ്ടിയാണ് സാഹിത്യങ്ങൾ രചിക്കുന്നതെങ്കിൽ പിന്നെയെന്തിന് സാഹിത്യധർമ്മത്തിന്റേയും സംഘടിക്കുവാനുള്ള സ്വാതന്ത്ര്യത്തിന്റേയും പേരിൽ ഇത്തരക്കാർ മുറവിളികൂട്ടുന്നതെന്ന ചോദ്യം ദേശകൂറുള്ളവരുടെ മനസ്സിൽ അവശേഷിക്കുന്നു.

അരപ്പട്ടിണിക്കാരേയും മുഴുപ്പട്ടിണിക്കാരേയും പാമരരേയും പണ്ഡിതരേയും ധനവാന്മാരേയും സന്തോഷിപ്പിക്കുവാനും സുഖിപ്പിക്കുവാനും രസിപ്പിക്കുവാനും സാഹിത്യങ്ങൾ രചിക്കുവാൻ കച്ചകെട്ടിയിറങ്ങിയ കാലികസാഹിത്യകാരൻ ആസ്വാദകരെ അറിവിന്റെ – നന്മയുടെ വഴിയിലേക്ക് നയിക്കേണ്ടത് സാഹിത്യകാരനാണെന്ന് ബോധ്യപ്പെട്ടു സാഹിത്യങ്ങൾ രചിക്കുമ്പോൾ മാത്രമേ കാലികകാലത്തെ നല്ല സാഹിത്യങ്ങൾ സാഹിത്യആസ്വാദകർക്ക് പ്രയോജനപ്പെടൂ.

മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നുപറഞ്ഞ ശ്രീനാരായണഗുരുദേവന്റേയും – മനുഷ്യസ്നേഹം ഒരു തപസ്യയായി ആചരിച്ച ചട്ടമ്പിസ്വാമികളുടേയും പാദസ്പർശമേറ്റ പുണ്യഭൂ



## നക്ഷത്രരാജ്യം കോമിക്സ്




മിയിൽ കേരളത്തിൽ – രാജാവിനേയും രാജകുടുംബാം ഗങ്ങളേയും രസിപ്പിച്ചും സന്തോഷിപ്പിച്ചും സുഖിപ്പിച്ചും ധനം സമ്പാദിക്കുവാനും പേരും പ്രശസ്തിയും സ്ഥാന മാനങ്ങളും ഖ്യാതിയും ഉണ്ടാക്കിയെടുക്കുവാനും വേണ്ടി സാഹിത്യങ്ങൾ രചിച്ച അക്കാലത്തെ സാഹി ത്യാചാര്യന്മാരുടെ പാത പിൻതുടർന്നു സാഹിത്യകാ രൻ സാഹിത്യങ്ങൾ രചിക്കുന്നത്, സാഹിത്യ ആസ്വാദ കരോടു താൻ ചെയ്യുന്ന കടുത്ത അനീതിയും അധർ മ്മവും, മനുഷ്യസ്നേഹമില്ലായ്മയുമാണെന്ന ബോധം കാലികസാഹിത്യകാരന്മാർ ഉൾകൊണ്ടു സാഹിത്യ ങ്ങൾ രചിക്കുമ്പോഴേ സമൂഹത്തിൽ മനുഷ്യസ്നേഹം പരിപൂർണ്ണതയിലെത്തി സാഹിത്യകാരനും സാഹി ത്യവും മനുഷ്യമനസ്സുകളിൽ ജീവിക്കുയെന്നുള്ള താണ് യാഥാർത്ഥ്യം.


ദാരിദ്ര്യമില്ലാതെ ജീവിക്കുന്ന ചില കാലിക കഥാ കൃത്തുകളുടേയും നോവലിസ്റ്റുകളുടേയും നിരൂപണ സാഹിത്യകാരന്മാരുടേയും പേനാതുമ്പിലൂടെ മലീസ മാകുകയാണിന്ന് ദരിദ്രനാരായണന്മാരുടെ രാജ്യത്തെ – ഭാരതത്തിലെ – രാഷ്ട്രീയം. പോയ കാലത്തെ ആദർ ശധീരന്മാരായ മഹത്വ്യക്തികളേയും, വ്യക്തിപ്രഭാവം വർദ്ധിക്കുന്ന അവരുടെ ത്യാഗങ്ങളേയും ദേശത്തിനെ കുറിച്ചുള്ള അവരുടെ കാഴ്ചപാടുകളേയും ഇത്തര ക്കാർ ഓർക്കാറില്ല. എന്തിനധികം പോയകാലത്തെ സ്വന്തം സാമ്പത്തികവും സാമൂഹികവും ആശയപര വുമായ ദാരിദ്ര്യങ്ങൾപോലും ഓർക്കാൻ അവർക്ക് സമയംകിട്ടാറില്ല. സ്പീഡ് കൂടികൊണ്ടിരിക്കുന്ന ജീവിതത്തിൽ ഏറ്റവും സ്പീഡുള്ളവന് വെട്ടിപിടിക്കു വാനുള്ളതാണ് സാമ്പത്തികരംഗം എന്നു ഇക്കൂട്ടർ കരുതുന്നത് ദരിദ്രനാരായ ണന്മാരുടെ മലയാളനാട് യാന്ത്രികവട ക്കുനോക്കിയന്ത്രങ്ങളായി സ്ഥൂലിക്കുന്ന തിനു കാരണമാകുന്നു. സഞ്ജയന്റെ കാലിക പ്രസക്തി കാലികകാലത്ത് സഞ്ജയനില്ലാത്തതിന്റെ ദുഃഖസ്മൃതി അയവിറക്കുവാൻ ദേശകൂറുള്ള സാഹി ത്യരചയിതാക്കളുടെ മനസ്സിലെങ്കിലും കുളുർമ്മയുള്ള ഒരു മഞ്ഞുതുള്ളിയായി സഞ്ജയൻ ജീവിക്കുന്നുണ്ടെന്നുള്ളതു തന്നെയാണ്.



സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹമിച്ചിടാത്തൊരു തത്വ ശാസ്ത്രത്തേയും എന്നു പാടിയ കവി യുടെ കണ്ണീരിൽ വളരുകയാണിന്ന് മല യാളകവിതാപ്രസ്ഥാനം. മഹാകവി വള്ള ത്തോളിന്റെ മനസ്സിലെ പച്ചവിരിപ്പിട്ട സഹ്യനിന്നുണങ്ങുന്നു. സായിപ്പിനു





**Bright Enterprises**

**Exclusive Lighting Showroom**

17/1756 Muthalakkulam,
G.H. Road, Calicut-1
Ph: 0495-2722645,
09388137372, 09847137372

**നിശ്ചിതവിലയിൽ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ**

**P.A.S.TRADERS**

**HARDWARES, PAINTS, SANITARY & FITTINGS**

Majestic Bulidings, Palazhi Road,
Pottammal Junction, Calicut
Mob: 9447884878, Shop : 0495 - 2744547

ഹാർഡ്‌വേർസ് & സാനിറ്ററി രംഗത്തെ പരിചയസമ്പന്നർ.............


പ്രമുഖ ബ്രാൻഡുകളുടെ ഉൽപ്പന്നങ്ങൾ, പാരിവേർ, നൈസർ, ഈഗിൾ എന്നീ കമ്പനികളുടെ സാനിറ്ററി ഉൽപ്പന്നങ്ങൾ

ഹൈക്കൗണ്ട്, സ്റ്റാർ, ക്രൗൺ തുടങ്ങിയ കമ്പനികളുടെ സാനിറ്ററി ഉൽപ്പന്നങ്ങൾ

ഏഷ്യൻ, ബർജൻ, സർഫ എന്നീ കമ്പനികളുടെ പൈപ്പ് ഫിറ്റിംഗ്സ്

കൂടാതെ പ്രമുഖ കമ്പനികളുടെ ഹാർഡ്‌വേർ ഉൽപന്നങ്ങൾ

എല്ലാം കുറഞ്ഞ നിരക്കിൽ ഗുണമേന്മയേറിയ ഉൽപ്പന്നങ്ങൾ ഞങ്ങളിൽ ലഭ്യമാണ്.



കൊണ്ടുപോകുവാൻ സാധിക്കാതിരുന്ന തിരുവാതിരഞാറ്റുവേല തേടുകയാണിന്ന് പഴമക്കാരായ മലയാളികൾ. വരളുകയാണ് കേരളമിന്ന്. മരമെവിടെ കാടെവിടെ മഴയെവിടെയെന്നു വിലപിക്കുന്ന കാലികകവയത്രിയോടു പുഴയിൽ മഴപെയ്യുന്നുണ്ടല്ലോ മരമില്ലെങ്കിലെന്താ കാടില്ലെങ്കിലെന്തായെന്നു ചോദിക്കുന്ന ഭരണകൂടങ്ങൾ. രാജ്യവാഴ്ച അന്യംനിന്നശേഷം ഒരു കനൽകട്ടയായി ജ്വലിക്കുകയാണിന്ന് കേരളം. ഭരണകൂടത്തോടുള്ള വെല്ലുവിളിപോലെ അസംതൃപ്തരായ കാടിന്റെ മക്കൾ ആയുധമേന്തി വീരശൂരപരാക്രമികളായി സർക്കാർ വനം വെട്ടിപിടിച്ച് കുടിലുകൾ കെട്ടി അവർക്ക് ചുറ്റും മനുഷ്യകോട്ടകൾ നിർമ്മിക്കുന്നു.

പുരാതനകാലത്ത് കാട്ടാളരായി ജീവിച്ച മനുഷ്യരെ സാമൂഹിക ജീവിയും സംസ്കാര സമ്പന്നനുമായി ഉയർത്തിയ സാഹിത്യങ്ങൾ വച്ച ചില്ലലമാരകളിൽ കാലികമനുഷ്യരെ കാട്ടാളനാക്കുവാനുള്ള സാഹിത്യങ്ങൾ കുമിഞ്ഞുകൂടുന്നു. അലമാരകളിലെ ചിതലുകളും ഉറുമ്പുകളും കൂറകളും സാഹിത്യങ്ങളിലരിച്ചു അരപ്പട്ടിണിക്കാരായി നാടിനോടു കൂറും ദേശഭക്തിയും നാശോന്മുഖമാകുന്ന സാഹിത്യരചയിതാക്കളെത്രെ....? നാടിന്റെ രക്ഷയുടെ പേരിൽ കൊണ്ടും കൊടുത്തും നനഞ്ഞ വെടിയുണ്ടകൾ പൊട്ടിച്ചും കളയുന്ന കോടികൾ കാലിക ഭാരതത്തിലെ അരപട്ടിണിക്കാരന്റെ ഒരു നേരത്തെ ഭക്ഷണത്തിനായി ചിലവിട്ടിരുന്നതെങ്കിൽ എന്നു വിലപിക്കുന്ന ഒരു സാഹിത്യസംസ്കാരമില്ലാത്ത ഭാരതം ധനമോഹികളായ സാഹിത്യകാരന്മാരുടെ ഭാരത്താൽ ഞരങ്ങമരുകയാണിന്ന്. ആസ്വാദകന് അറിവുകൊടുക്കുവാതെ കപടബുദ്ധിയാണിവർ കൊടുക്കുന്നത്. തന്ത്രങ്ങളല്ലാതെ നേരെചൊവ്വെ ചെയ്യുന്ന ശീലം, വളർത്തുന്ന ശീലം, ഇക്കൂട്ടർക്ക് ഇല്ലാത്തതുതന്നെയാണ് സാഹിത്യത്തിൽ സഞ്ജയനുള്ള കാലികപ്രസക്തി.

(തുടരും)

*(ജനുവരി 2003ൽ ഓൾ ഇന്ത്യാ റേഡിയോയും സഞ്ജയൻ ഒരനുസ്മരണവേദിയും ചേർന്ന് നടത്തിയ പ്രബന്ധമത്സരത്തിനയച്ച സ്ക്രിപ്റ്റ്)* ■

---

*(പേജ് 19 ൽ നിന്ന് തുടർച്ച)*

രൃത്തിനുടമായ ബാബുജി നാടകങ്ങൾക്കും സീരിയലുകൾക്കും പരസ്യ ചിത്രങ്ങൾക്കും ശബ്ദം നൽകാറുണ്ട്. കുന്ദമംഗലം ടൗണിൽ രണ്ടു വർക്കു ഷോപ്പുകളുടെ ഉടമയായ ബാബുജിയുടെ ഭാര്യ ഡോളി. കൊടുവള്ളിയിൽ ബ്യൂട്ടി പാർലർ നടത്തുകയാണ് ഡോളി ബാബു. അച്ഛൻ: പുറ്റാട്ട് അപ്പൂട്ടി അമ്മ ശ്രീമതി, ജനനം കോഴിക്കോട്, മക്കൾ അഖില എൽസ ബാബുവും അലീന എൽസ ബാബുവും ചെത്തുകടവ് ശ്രീ നാരായണ സ്ക്കൂളിൽ വിദ്യാർത്ഥികളാണ്. ■

## നക്ഷത്രരാജ്യം കോമിക്സ്



## നക്ഷത്രരാജ്യം കോമിക്സ്    ജോബി - ഷാലി




Edited, Printed Published by E. Radhakrishnan Kommeri on behalf of Nakshthra Rajyam Monthly.
Printed at Geethanjali Offset Press, Kundayithode, Kozhikode.